

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര
# മദ്ധ്യസ്ഥൻ

## ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 93 • ലക്കം 05 • നവംബർ 2020

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം

സർക്കുലർ (20 Ch. 250-327) .... 05
സർക്കുലർ (20 Ch. 251-328) .... 07
സർക്കുലർ (20 Ch. 252-329) .... 10
സർക്കുലർ (C.20/GL 209) .... 13
സർക്കുലർ (C.20/GL 208) .... 16
KCBC സർക്കുലർ .... 18
കച്ചേരിക്കാര്യം .... 24
പാസ്റ്ററൽ കൗൺസിൽ റിപ്പോർട്ട് .... 26
മാക് ടിവി .... 31
സന്ദേശനിലയം .... 35
ചെറുപുഷ്പ മിഷൻലീഗ് .... 37
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .... 40
ഫാമിലി അപ്പോസ്റ്റലേറ്റ് .... 44
യുവദീപ്തി .... 59
കെ.സി.എസ്.എൽ .... 60
എ.കെ.സി.സി. .... 62
ചാസ് .... 65
കേരളാ ലേബർ മൂവ്മെന്റ് .... 71
പ്രവാസി അപ്പോസ്റ്റലേറ്റ് .... 72
ആത്മതാകേന്ദ്രം .... 74
ദലിത് കത്തോലിക്കാ മഹാജനസഭ .... 75
ദീപിക ഫ്രണ്ട്സ് ക്ലബ് .... 78
ഫ്രാൻസിസ്കൻ അല്മായസഭ .... 81
വിൻസെൻഷ്യൻ വേദി .... 83
പൗരോഹിത്യ ആദ്ധ്യാത്മികത .... 85
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി .... 91

Annual Subscription: Rs. 120/-

Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

സർക്കുലർ

20 Ch. 250-327

# പള്ളിക്കൂദാശക്കാലം

# സഭയുടെ സ്വർഗ്ഗ പ്രവേശനവും സ്വർഗീയ ജീവിതവും

ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരങ്ങളേ,

ആരാധനാവത്സരങ്ങളിലൂടെയുള്ള സഭയുടെ സ്വർഗ്ഗോന്മുഖ തീർത്ഥാടനത്തിൽ ഒരുപടികൂടി പൂർത്തിയാക്കുകയാണ് പള്ളിക്കൂദാശ കാലത്തോടെ. വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്ന സ്വർഗീയ പറുദീസ യാകുന്ന നമ്മുടെ നിത്യവസതിയിൽ എത്തിച്ചേരുകയാണ് നമ്മുടെ ജീവിത ലക്ഷ്യം. അങ്ങോട്ടുള്ള ആത്മീയയാത്രയിലെ വിവിധ പടികളാ ണെന്നു പറയാം ആരാധനാവത്സരങ്ങൾ. ഈശോതന്നെയാണല്ലോ പിതാവിന്റെ പക്കലേക്കുള്ള വഴി. ഈ വഴിയിലൂടെയുള്ള യാത്രയാണ് മിശിഹാരഹസ്യത്തിന്റെ ആഘോഷമായ ആരാധനാവത്സരത്തിന്റെ ചൈതന്യത്തിനനുസരിച്ചുള്ള നമ്മുടെ ജീവിതവും പ്രവർത്തനങ്ങളും. അതു ശരിയായ രീതിയിലാണെങ്കിൽ, ആരാധനാവത്സരമാകുന്ന സ്വർഗ്ഗീയകോവണിയിലൂടെ നമ്മൾ മുന്നോട്ടു കയറുന്നു എന്നു പറയാം. അല്ലെങ്കിൽ ഈ യാത്ര നിശ്ചലമാകാം, അല്ലെങ്കിൽ താഴേയ്ക്ക് അധോ ഗതിയാകാം. നാമോരോരുത്തരും എവിടെ, ഏതവസ്ഥയിലാണെന്ന് പരിശോധിച്ച് നമ്മുടെ യാത്ര സുഗമമാക്കാനുള്ള ഒരു അവസരമായി പള്ളിക്കൂദാശക്കാലം നമുക്ക് ആചരിക്കാം.

സഭയുടെ സ്വർഗ്ഗപ്രവേശനവും സ്വർഗ്ഗീയ ജീവിതവുമാണ് പള്ളി ക്കൂദാശ കാലത്തിന്റെ മുഖ്യപ്രമേയം. അങ്ങോട്ടുള്ള വഴിയും വാതിലും ഈശോ തന്നെയാണ്. നമ്മൾ ജീവിതലക്ഷ്യത്തിൽ നിന്ന് വ്യതിചലി

ക്കാതിരിക്കാനും ലക്ഷ്യത്തിലെത്തിച്ചേരുന്നത് ഉറപ്പാക്കാനുമാണ് സഭയിൽ നമ്മെ ഒരു ശരീരം പോലെ ഒരുമിച്ചുചേർത്ത് വിശുദ്ധ കൂദാശകളിലൂടെ മിശിഹായോട് ഒട്ടിചേർത്തിരിക്കുന്നത്. ഇപ്രകാരം മിശിഹായിൽ ത്രിയേകദൈവത്തോടുള്ള കൂട്ടായ്മയിലും സഭയിൽ പരസ്പരമുള്ള കൂട്ടായ്മയിലുമായിരിക്കുന്ന അനുഭവമാണ് സ്വർഗ്ഗീയ ജീവിതം. സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും ജീവന്റെയും പൂർണ്ണത നിത്യമായി ആസ്വദിക്കുന്നതാണത്. അതാണ് പള്ളിക്കൂദാശക്കാലത്തിലെ ധ്യാന വിഷയം. ലോകത്തിൽ ആയിരിക്കുന്നിടത്തോളംകാലം ഈ സ്വർഗീയ ജീവിതം എങ്ങനെയാണെന്ന് പൗലോസ്ശ്ലീഹാ പറയുന്നതുപോലെ കണ്ണു കണ്ടിട്ടില്ല, കാതു കേട്ടിട്ടില്ല, മനുഷ്യഹൃദയങ്ങളിൽ പ്രവേശിച്ചിട്ടുമില്ല. നമുക്കായി നമ്മുടെ കർത്താവൊരുക്കിയിരിക്കുന്ന നിത്യസൗഭാഗ്യത്തെക്കുറിച്ചുള്ള ചിന്തയും ധ്യാനവും നമുക്ക് പ്രത്യാശയും ശക്തിയും നൽകും. വിശ്വാസത്തിൽ ഉറച്ചുനിന്ന് ഉണർവോടെയും ജാഗ്രതയോടെയും സഭയോടൊപ്പം നമുക്ക് മുന്നേറാം. നമ്മുടെ കർത്താവ് നമ്മോടു കൂടെയുണ്ട്. സ്വർഗ്ഗീയഭവനത്തിൽ മാലാകമാരോടും സകലവിശുദ്ധരോടുമൊപ്പം നാമെല്ലാവരും ദൈവത്തെ ഏകസ്വരത്തിൽ പാടിപ്പുകഴ്ത്താൻ യോഗ്യരാകട്ടെ,

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

---

**N.B:** *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ നവംബർ 1-ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗങ്ങളിലൂടെ അറിയിക്കേണ്ടതുമാണ്.*

സർക്കുലർ

20 Ch. 251-328

# ദീപിക ഫ്രണ്ട്സ് ക്ലബ്

മിശിഹായിൽ പ്രിയ വൈദികരേ, സഹോദരീസഹോദരന്മാരേ,

2020–ലെ ലോക മാധ്യമദിനത്തിൽ ഫ്രാൻസിസ് മാർപ്പാപ്പ നൽകിയ സന്ദേശത്തിൽ ഉല്പത്തി 3:4 ഉദ്ധരിച്ച് 'സർപ്പം ആദിമാതാപിതാക്കളെ വഴിതെറ്റിച്ചതുപോലെ മാധ്യമങ്ങൾക്ക് വ്യക്തികളെയും സമൂഹത്തെയും വഴിതെറ്റിക്കാനുള്ള അപാര കൗശലശക്തിയുണ്ടെന്നുള്ള മുന്നറിയിപ്പ് നല്കുന്നുണ്ട്'. കേരളത്തിലെ ആനുകാലിക ചാനൽ ചർച്ചകളും സിനിമകളും പത്രവാർത്തകളും വിലയിരുത്തുമ്പോൾ മാർപ്പാപ്പായുടെ മുന്നറിയിപ്പിന്റെ പ്രസക്തിയേറുന്നു.

ക്രൈസ്തവ ന്യൂനപക്ഷങ്ങളെ ബോധപൂർവം 'ടാർജറ്റ്' ചെയ്ത് തേജോവധം ചെയ്യാനും ക്രൈസ്തവ വാർത്തകൾ തമസ്കരിക്കാനും ന്യൂനപക്ഷ അവകാശങ്ങൾ ധ്വംസിക്കാനും നിരന്തരം ശ്രമം നടക്കുന്നു. ഈ ഒരു സാഹചര്യത്തിൽ ദീപിക ദിനപത്രത്തിന്റെ പ്രസക്തി വർദ്ധിക്കുകയാണ്, അതിന്റെ നിലനില്പും വളർച്ചയും ക്രൈസ്തവ സമൂഹത്തിന്റെ സാമൂഹിക പ്രതിബദ്ധതയ്ക്ക് അനിവാര്യവുമാണ്. ഇപ്രകാരം ഒരു പത്രമില്ലെങ്കിൽ നാളെ നമ്മെ സംബന്ധിച്ച പല വാർത്തകളും പുറം ലോകം അറിയാതെ പോകും..!

ദീപിക ദിനപത്രത്തിന്റെ പ്രചാരത്തിനും പത്രം നിലനിർത്തുന്നതിനും സമുദായസ്നേഹം വളർത്തുന്നതിനുമായി ആരംഭിച്ച DFC (ദീപിക ഫ്രണ്ട്സ് ക്ലബ്) വലിയ ഉണർവാണ് കേരളം മുഴുവൻ സൃഷ്ടിച്ചത്. ഇടയ്ക്ക് കോവിഡ് 19 മൂലവും മറ്റും അതൊന്ന് മന്ദീഭവിച്ചത് പല സഭാമക്കളെയും വേദനിപ്പിച്ചിട്ടുണ്ട്. സിനഡിന്റെ നിർദ്ദേശപ്രകാരം DFC

കേരളം മുഴുവൻ വീണ്ടും സജീവമാകുന്നത് സന്തോഷകരമാണ്. എല്ലാ ഇടവകകളിലും അടിയന്തിര പ്രാധാന്യത്തോടെ DFC സജീവമാക്കാൻ ബഹുമാനപ്പെട്ട വികാരിയച്ചന്മാരോടും എല്ലാ വൈദികരോടും ഞാൻ വലിയ താൽപര്യത്തോടെ അഭ്യർത്ഥിക്കുന്നു. അതിനായി ഏതാനും കാര്യങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

## I ഇടവക-ഫൊറോന തെരഞ്ഞെടുപ്പ്

2020 നവംബർ 13 വെള്ളിയാഴ്ച്ചയ്ക്കു മുമ്പ് ഇടവക തലത്തിലും നവം ബർ 23 ന് മുമ്പ് ഫൊറോനാ തലത്തിലും തെരഞ്ഞെടുപ്പുകൾ നടത്ത ണമെന്ന് അറിയിക്കുന്നു. ഓരോ ഫൊറോനയിലും ഇടവകയിലും സഭ യെയും സമുദായത്തെയും സ്നേഹിക്കുന്ന ശക്തമായ അല്മായ കൂട്ടാ യ്മ രൂപീകരിക്കുവാനുള്ള നല്ല ഒരു അവസരമായി കണ്ട് എല്ലാ വികാ രിയച്ചന്മാരും ഉചിതമായ നേതൃത്വം നൽകേണ്ടതാണ്. DFC അതിരൂപ താ ഡയറ്കടർ ഫാ. ജോർജ്ജ് മാന്തുരുത്തിലും DFC യുടെ ഫൊറോന ഡയറക്ടർ അച്ചൻമാരും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

## II ഇടവകതല DFC ഭാരവാഹി തെരഞ്ഞെടുപ്പ്

കോവിഡിന്റെ പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട വികാരിയച്ച ന്മാർക്ക് താഴെ പറയുന്ന മൂന്ന് മാർഗ്ഗങ്ങളിൽ ഉചിതമായത് സ്വീക രിക്കാം.

1. DFC നിലവിലുള്ള ഇടവകകളിൽ സജീവമല്ലാത്തവരെ മാറ്റി പകരം ആളുകളെ കണ്ടെത്തി നിലവിലുള്ള സമിതികളെ ശക്തിപ്പെടുത്തുക.

2. DFC പ്രവർത്തകരുമായി ആലോചിച്ച് പുതിയ നേതൃത്വനിരയെ തെരഞ്ഞെടുക്കുക.

3. DFC നിലവിൽ ഇല്ലാത്തിടത്ത് ദീപികയുടെ പ്രചരണത്തിന് നേ തൃത്വം നൽകാൻ കഴിയുന്നവരും പൊതുസമ്മതരും സഭാസ്നേഹിക ളുമായ ഭാരവാഹികളെ വികാരിയച്ചന് നേരിട്ട് തെരഞ്ഞെടുക്കാം.

## III DFC പുരുഷ, വനിതാ ഭാരവാഹികളെയാണ് ഇടവക, ഫൊറോനാതലങ്ങ ളിൽ തെരഞ്ഞെടുക്കേണ്ടത്.


**IV** ദീപിക പത്രത്തിന്റെ പ്രചരണത്തിനും പത്രം നിലനിർത്താനും സഹായകമായ ഇടവക സംവിധാനമെന്ന നിലയിൽ ഒരു ഇടവകയിൽ പല DFC യൂണിറ്റുകൾ (വാർഡ് തിരിച്ച്) ആവശ്യമെങ്കിൽ തെരഞ്ഞെ ടുക്കാം. നിലവിൽ ഒന്നിൽ കൂടുതൽ യൂണിറ്റുകൾ ഉണ്ടെങ്കിൽ അവ നില നിർത്തുക.

**V** ദീപിക പത്രത്തിന്റെ പ്രചരണം ഇടവകകളിൽ കുടുംബകൂട്ടായ്മ അടിസ്ഥാനത്തിലാണ് നടത്തേണ്ടത്. അതുകൊണ്ട് കുടുംബകൂട്ടായ്മ ലീഡേഴ്സാണ് DFC യുടെ കൂട്ടായ്മതല ലീഡേഴ്സ്. ഇടവകയിലെ എല്ലാ സംഘടനകളുടെയും പൊതു കർമ്മപദ്ധതിയിൽ ദീപിക പ്രചാരണ ത്തിനും സമുദായ ഐക്യത്തിനും പ്രാധാന്യം നൽകണം.

**VI** ഇടവകയിലെ കൈക്കാരന്മാർ, പാരീഷ് കൗൺസിൽ, കുടുംബ കൂട്ടയ്മ ലീഡേഴ്സ്, മതാദ്ധ്യാപകർ, കോർപറേറ്റ് സ്കൂൾ-കോളേജ് അദ്ധ്യാപകർ, സംഘടനാ ഭാരവാഹികൾ എന്നിവർ സ്വാഭാവികമായി ത്തന്നെ DFCയുടെ ജനറൽബോഡി അംഗങ്ങളാണ്. അവരെ ദീപിക യുടെ വരിക്കാരും പ്രചാരകരും ആക്കുക എന്നതാണ് ഒന്നാംഘട്ട കർമ്മപദ്ധതി. ഇതിന്റെ ഭാഗമായി **ഡിസംബർ 1 മുതൽ 31 വരെ ദീപിക പ്രചരണമാസമായി** നമ്മുടെ അതിരൂപതയിൽ ക്രമീകരിക്കുകയാണ്. DFC ഭാരവാഹികളും കുടുംബക്കൂട്ടായ്മാ ലീഡേഴ്സും എല്ലാ സംഘട നാഭാരവാഹികളും വഴി ദീപിക പ്രചരണത്തെ സജീവമാക്കാൻ എല്ലാ വരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

ദീപികയുടെയും അതിലൂടെ സഭയുടെയും ഐക്യത്തിനും വളർ ച്ചയ്ക്കും ബഹുമാനപ്പെട്ട അച്ചന്മാരും ഇടവകസമൂഹവും നൽകുന്ന സഹകരണത്തിന് നന്ദിപറയുന്നു.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

29-10-2010

---

**N.B:** *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ നവംബർ 8-ാം തീയതി വായിക്കു കയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗ ങ്ങളിലൂടെ അറിയിക്കേണ്ടതുമാണ്.*

സർക്കുലർ

20 Ch. 252-329

# അതിരൂപതാകുടുംബം മുഴുവനും വേണ്ടിയുള്ള കുടുംബവിശുദ്ധീകരണധ്യാനം

അതിരൂപതയിലെ പ്രിയപ്പെട്ട ദൈവജനമേ,

നിങ്ങൾക്കെല്ലാവർക്കും എന്റെ സ്നേഹം നിറഞ്ഞ പ്രാർത്ഥനാശംസകൾ. കോവിഡ്-19 മഹാമാരി സൃഷ്ടിക്കുന്ന ബുദ്ധിമുട്ടുകളുടെ നടുവിൽ കഴിയുമ്പോഴും നിങ്ങളെല്ലാവരും ധൈര്യത്തോടും പ്രത്യാശയോടുംകൂടി ജീവിതത്തിൽ മുന്നേറുന്നതിനുള്ള ദൈവകൃപയ്ക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. ഇതുപോലുള്ള സാഹചര്യങ്ങളിൽ ഒറ്റപ്പെടുന്നു എന്ന തോന്നലും നിസ്സഹായതാചിന്തയും ഉണ്ടായേക്കാം. അപ്പോഴാണ് നമുക്ക് ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും കൂടുതൽ അനുഭവിക്കാൻ സാധിക്കുന്നത്. നല്ലവനായ ദൈവത്തിന്റെ തിരുസ്സന്നിധിയിലായിരിക്കുമ്പോൾ നമുക്കു ആശ്വാസം ലഭിക്കും. ''അദ്ധ്വാനിക്കുന്നവരും ഭാരംവഹിക്കുന്നവരുമായ നിങ്ങളെല്ലാവരും എന്റെയടുക്കൽ വരുവിൻ, ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം'' എന്നുള്ള നമ്മുടെ കർത്താവിന്റെ സ്നേഹപൂർവ്വമായ ക്ഷണം നമുക്കു സ്വീകരിക്കാം.

പ്രിയപ്പെട്ട മാതാപിതാക്കളേ, മക്കളേ,

അതിരൂപതയിലെ എല്ലാ ഇടവകകളിലെയും എല്ലാ കുടുംബങ്ങളും പങ്കെടുക്കത്തക്കവിധം ഒരു വാർഷികധ്യാനം ക്രമീകരിച്ചിരിക്കുന്ന കാര്യം നിങ്ങളെ സന്തോഷപൂർവ്വം അറിയിക്കുന്നു. നമ്മുടെ ആത്മീയ ജീവിതത്തിൽ വാർഷികധ്യാനങ്ങൾക്ക് വളരെയേറെ പ്രാധാന്യമുണ്ട്. ഇടവകജനത്തിനുവേണ്ടി ഇടവകദൈവാലയങ്ങളിലാണ് സാധാരണയായി വാർഷികധ്യാനങ്ങൾ നടത്തുക. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അതസാദ്ധ്യമാണല്ലോ. അതിനാൽ, ഈ വർഷം നിങ്ങളുടെ

ഭവനങ്ങളെ ദൈവാലയങ്ങളായി കണ്ട്, അവിടെയായിരുന്നുകൊണ്ട് ധ്യാനത്തിൽ പങ്കുചേരാനുള്ള അവസരമാണ് ഒരുക്കിയിരിക്കുന്നത്. ഓരോ കുടുംബവും ഒരു കുഞ്ഞുസഭയാണ്, തിരുസ്സഭയുടെ ചെറിയ പതിപ്പാണ്, ഗാർഹികസഭയാണ്. കുടുംബാംഗങ്ങളെല്ലാവരും ഒരു കൊച്ചുസഭയായി, വേണ്ടത്ര ഒരുക്കത്തോടും പ്രാർത്ഥനാരൂപിയോടുംകൂടി വീട്ടിൽ സ്വസ്ഥമായി ഒരുമിച്ചിരുന്ന് ധ്യാനത്തിന്റെ എല്ലാ പരിപാടികളിലും ഉത്സാഹത്തോടും ഏകാഗ്രതയോടുംകൂടി പങ്കെടുക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. അങ്ങനെ ഓരോരുത്തരും ഓരോ കുടുംബവും ഓരോ ഇടവകയും, അതിരൂപതാ കുടുംബം മുഴുവനും ആത്മീയമായി ഉണർന്ന് ദൈവികചൈതന്യത്താൽ ശക്തിപ്രാപിക്കണം. ഓരോ കുടുംബവും സ്വന്തം കുടുംബത്തിനുവേണ്ടിയും ഇടവകയ്ക്കുവേണ്ടിയും അതിരൂപതയ്ക്കുവേണ്ടിയും നമ്മുടെ സഭ മുഴുവനുവേണ്ടിയും തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും ദൈവഹിതമനുസരിച്ചായിരിക്കാനുള്ള കൃപയ്ക്കായിട്ടും പ്രാർത്ഥിക്കണം.

സമർപ്പിതരായ പ്രിയപ്പെട്ട സഹോദരങ്ങളേ, ഈ വാർഷികധ്യാനാവസരത്തിൽ അതിരൂപതയിലെ ദൈവജനം മുഴുവനുവേണ്ടിയും ദൈവസന്നിധിയിൽ മാധ്യസ്ഥ്യം വഹിച്ചു നിങ്ങൾ പ്രാർത്ഥിക്കണമെന്ന് ഞാനാഗ്രഹിക്കുകയും അഭ്യർത്ഥിക്കുകയും ചെയ്യുന്നു. ഓരോ സമർപ്പിത ഭവനത്തിനും ഏല്പിച്ചുതന്നിരിക്കുന്ന ഇടവകയ്ക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുന്ന കാര്യവും മറക്കുകയില്ലല്ലോ.

പ്രിയപ്പെട്ട വൈദികരേ, നിങ്ങൾ ദൈവജനത്തിന്റെമേൽ നിയോഗിക്കപ്പെട്ടിരിക്കുന്ന അജപാലകരാണ്. ഈ ധ്യാനദിവസങ്ങളിൽ ഈ ദൈവജനത്തിനുവേണ്ടി നിങ്ങൾ കൂപ്പുകൈകളോടെ ദൈവസന്നിധിയിലായിരിക്കണം. അവരുടെ വിശുദ്ധീകരണമാണ് പൗരോഹിത്യശുശ്രൂഷയുടെ മുഖ്യലക്ഷ്യമെന്നത് ഓർക്കണം. അതിനുള്ള ഒരു സുവർണാവസരമാണ് വാർഷികധ്യാനം. അതിനവരെ, പ്രത്യേകിച്ച് പ്രാർത്ഥനയിലൂടെ സഹായിക്കാൻ ലഭിക്കുന്ന ഈ അവസരം നിങ്ങൾ പാഴാക്കരുത്.

ഈ ധ്യാനാനുഭവത്തിലൂടെ നമ്മുടെ കുടുംബങ്ങൾ വിശുദ്ധീകരിക്കപ്പെടുന്നതിനുള്ള ദൈവകൃപയ്ക്കായി നമുക്ക് ഒന്നുചേർന്ന് ദൈവത്തോട് പ്രാർത്ഥിക്കാം.

**കുടുംബവിശുദ്ധീകരണധ്യാനത്തിന്റെ ക്രമീകരണം**

1. നവംബർ 25 ബുധനാഴ്ച മുതൽ 28 ശനിയാഴ്ച വരെ
2. ധ്യാനസമയം വൈകുന്നേരം 6 മണി മുതൽ 8.30 വരെ

3. 6 മണിക്കു റംശായും 6.30 ന് ഗാനശുശ്രൂഷയും തുടർന്ന് വചന പ്രഘോഷണവും, 8 മണിക്ക് ആരാധനയുമാണ്.

6 മണിക്കുള്ള റംശാ മുതൽ 8.30 വരെ എല്ലാ ശുശ്രൂഷകളിലും എല്ലാവരും പങ്കെടുക്കാൻ ശ്രദ്ധിക്കുമല്ലോ.

ധ്യാനഗുരു അട്ടപ്പാടി സെഹിയോൻ ധ്യാനകേന്ദ്രത്തിലെ ബഹു. ബിനോയി കരിമരുതുങ്കൽ അച്ചനാണ്.


**വചനതിരുമണിക്കൂർ ആചരണം**

നവംബർ 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മണി മുതൽ 8 മണി വരെ അതിരൂപതയിലെ എല്ലാ ഇടവകകളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രത്യേകമായൊരു 'വചനതിരുമണിക്കൂർ' ആചരണം നടത്തുകയാണ്. ഈ ഒരു മണിക്കൂർ സമയം അതിരൂപതയിലെ എല്ലാ കുടുംബങ്ങളും പ്രത്യേക നിയോഗംവച്ച് ദൈവവചനവായനയിലും പ്രാർത്ഥനയിലും ചെലവഴിച്ചുകൊണ്ട് വചനതിരുമണിക്കൂർ ആചരിക്കേണ്ടതാണ്. അതിരൂപതാ കുടുംബകൂട്ടായ്മാ-ബൈബിൾ അപ്പോസ്തലേറ്റ് ഡിപ്പാർട്ടുമെന്റുകളുടെ നേതൃത്വത്തിലാണ് വചനതിരുമണിക്കൂർ സംഘടിപ്പിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ലഭിക്കുന്നതനുസരിച്ച് എല്ലാവരും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു.

ദൈവവചനം മാംസം ധരിച്ച് മനുഷ്യനായ രക്ഷാകരസംഭവത്തിന്റെ ആചരണമായ മംഗലവാർത്തക്കാലത്തിന് ആരംഭം കുറിച്ചുകൊണ്ട് പുതിയൊരു ആരാധനാവത്സരം അന്നാരംഭിക്കുകയാണ്. അതിനാൽ അന്നത്തെ വചനതിരുമണിക്കൂർ ആചരണം ഏറ്റവും ഉചിതമായിരിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപ നാമെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,



**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

29-10-2020

**N.B:** *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ നവംബർ 15-ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗങ്ങളിലൂടെ അറിയിക്കേണ്ടതുമാണ്.*

# സർക്കുലർ

**C.20/GL 209**

പ്രിയ ബഹു. അച്ചന്മാരേ

വൈദികശുശ്രൂഷയുടെ ഏറ്റവും പ്രധാനപ്പെട്ട ദൗത്യങ്ങളാണല്ലോ പരിശുദ്ധ കൂദാശകളുടെ പരികർമ്മവും ദൈവവചനപ്രഘോഷണവും. പരിശുദ്ധ കുർബാനയുടെ ആഘോഷം ക്രൈസ്തവസമൂഹത്തിന്റെ ജീവിതം മുഴുവന്റെയും കേന്ദ്രവും ശ്രേഷ്ഠസ്ഥാനവുമായിരിക്കുവാൻ ഇടവകവികാരിമാർ ശ്രദ്ധിക്കണമെന്ന് സഭ വൈദികരെ ഓർമ്മിപ്പിക്കുന്നുണ്ട്. കൂടാതെ, അജഗണങ്ങൾക്കുവേണ്ടി നിശ്ചിത ദിവസങ്ങളിൽ പൊതുവായും, കൂടാതെ അവരുടെ പ്രത്യേക നിയോഗങ്ങൾക്കുവേണ്ടിയും വികാരി പരിശുദ്ധകുർബാനയർപ്പിക്കുവാനും, അങ്ങനെ പൗരോഹിത്യ ത്രിവിധ ദൗത്യങ്ങളിലൊന്നായ 'വിശുദ്ധീകരിക്കുക' എന്ന ദൗത്യം നിർവ്വഹിക്കുവാനും പുരോഹിതർ തത്പരരായിരിക്കണമെന്നും സഭാനിയമം അനുശാസിക്കുന്നു (CCEO c.289).

പരിശുദ്ധ കുർബാനയർപ്പിക്കുമ്പോൾ കാലാകാലങ്ങളിൽ സഭാനേതൃത്വവും അതിരൂപതാദ്ധ്യക്ഷനും നിർദ്ദേശിക്കുന്ന പരിശുദ്ധ കുർബാന ധർമ്മം സ്വീകരിക്കുന്നതിന് വൈദികർക്ക് അവകാശമുണ്ട്. എന്നാൽ പാവപ്പെട്ടവർക്കുവേണ്ടി ധർമ്മം സ്വീകരിക്കാതെയും പരിശുദ്ധ കുർബാനയർപ്പിക്കുവാൻ വൈദികർ സന്നദ്ധരാകണം. ഒരു ദിവസം ഒന്നിൽ കൂടുതൽ പരിശുദ്ധ കുർബാനയർപ്പിക്കേണ്ടിവരുന്ന സാഹചര്യങ്ങളിൽ ഒരു കുർബാനയുടെ ധർമ്മം മാത്രം സ്വീകരിച്ച് ഇതര കുർബാനയുടെ/കുർബാനകളുടെ ധർമ്മം അതിരൂപതാദ്ധ്യക്ഷൻ നിർദ്ദേശിക്കുന്ന നിയോഗങ്ങൾക്കായി നൽകേണ്ടതുമാണ് (CCEO c.1013, സീറോ-മലബാർ സഭയുടെ പ്രത്യേകനിയമം art. 206, 207).

പരിശുദ്ധ കുർബാനയർപ്പണത്തിന്റെ നിയോഗം സ്വീകരിക്കുന്നതിനും അവ രേഖപ്പെടുത്തുന്നതിനും അതിന്റെ കണക്ക് കൃത്യമായി സൂക്ഷിക്കുന്നതിനും സഹായകമായ സ്ലിപ്പുകൾ അതിരൂപതയിലെ പെ. ബ. പ്രക്കുറേറ്ററച്ചന്റെ ഓഫീസിൽ ക്രമീകരിച്ചിട്ടുണ്ട്. പരിശുദ്ധ കുർബാനയുടെ സാധാരണക്രമം, ആഘോഷമായ ക്രമം, റാസക്രമം എന്നി

ങ്ങനെ മൂന്നു രീതിയിലുള്ള സ്ലിപ്പുകൾ ലഭ്യമാണ്. ഓരോ വൈദിക നും ആവശ്യാനുസരണം അവ വാങ്ങി ഉപയോഗിക്കുകയും കൃത്യ മായി പരിശുദ്ധ കുർബാനയർപ്പണത്തിന്റെ കണക്ക് സൂക്ഷിക്കുകയും വാർഷികധ്യാനാവസരത്തിൽ പരിശോധനയ്ക്കു സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇപ്പോൾ ലഭ്യമാകുന്ന സ്ലിപ്പുകളിൽ പരി. കുർബാന യുടെ നിയോഗവും തീയതിയും രേഖപ്പെടുത്തി വിശ്വാസികൾക്കു നൽകുന്നതിന് വേണ്ട കോളങ്ങൾ ക്രമീകരിച്ചിട്ടുണ്ട്. ഒരേ ദിവസം തന്നെ അർപ്പിക്കുന്നതിന് ഒന്നിലധികം നിയോഗങ്ങൾ വന്നാൽ അക്കാര്യം വിശ്വാസികളെ ബോധ്യപ്പെടുത്തി മറ്റൊരു ദിവസം അർപ്പിക്കാവു ന്നതാണ്. ഒരേ സമയം 100 നിയോഗങ്ങൾ കൈവശം സൂക്ഷിക്കാവു ന്നതാണ്. അതിൽ കൂടുതലുള്ള നിയോഗങ്ങൾ അതിരൂപതാ പ്രൊക്കു റേറ്ററുടെ ഓഫീസിൽ ഏൽപിച്ച് രസീത് വാങ്ങേണ്ടതാണ്. എല്ലാ ദിവ സത്തേയ്ക്കുമുള്ള നിയോഗങ്ങൾ വേണ്ടത്ര ലഭിക്കാത്ത വൈദികർക്ക് പരി. കുർബാനയുടെ നിയോഗങ്ങൾ പ്രൊക്കുറേറ്ററച്ചന്റെ ഓഫീസിൽ നിന്ന് സ്വീകരിക്കാവുന്നതാണ്. അതിരൂപതാക്കച്ചേരിയുടെ അനുവാദമി ല്ലാതെ വൈദികർ സ്വമേധയാ കുർബാന നിയോഗങ്ങൾ മറ്റൊരാൾക്കു കൈമാറരുത്. ആരാധനാവത്സരത്തിൽ മംഗളവാർത്തക്കാലം ആരംഭി ക്കുന്ന 2020 നവംബർ 29 മുതൽ എല്ലായിടത്തും ഇപ്രകാരം തയ്യാറാക്കി യിരിക്കുന്ന സ്ലിപ്പ് നൽകി പരി. കുർബാന നിയോഗം സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

വൈദികർ ഓരോ വർഷവും PPF ന്റെ നിയോഗത്തിലർപ്പിക്കേണ്ട 24 കുർബാന, വാർഷികധ്യാനത്തിൽ പങ്കെടുക്കുന്നവർ അർപ്പിക്കാ നായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന കുർബാന, വികാരികുർബാന (വികാ രിമാർക്കു മാത്രം), ബൈനേഷൻ, ട്രൈനേഷൻ, etc., നിത്യകുർബാന (ഉഭയകുർബാന), ഗ്രിഗോരിയൻ കുർബാന, തനത് കുർബാന തുടങ്ങി യവയുടെ കണക്ക് രേഖപ്പടുത്തുന്നതിൽ വീഴ്ച വരുത്തരുത്. വൈദി കകൂട്ടായ്മയിൽ നിന്നും മരണം വഴി വേർപിരിയുന്ന വൈദികർക്കായി ഓരോ കുർബാന വീതം ചൊല്ലുന്ന നമ്മുടെ പതിവ് തുടരുന്നതിനും എല്ലാവരും ശ്രദ്ധിക്കുമല്ലോ.

പള്ളിക്കാര്യത്തിൽ നിന്നും ഓരോ വർഷവും അർപ്പിക്കേണ്ട നിത്യ കുർബാന (Foundation Mass) മുടങ്ങാതെ അർപ്പിക്കപ്പെടുന്നുവെന്ന് ബ. വികാരിമാർ ഉറപ്പാക്കേണ്ടതാണ്. പുതുതായി നിത്യകുർബാന നിയോഗം നൽകുന്നവർ പ്രതിനിധിയോഗത്തിൽ അപേക്ഷ സമർപ്പിച്ച് യോഗനിശ്ചയമായി അതിരൂപതാകച്ചേരിയിൽ സമർപ്പിച്ച് അംഗീകാരം തേടേണ്ടതാണ് (പള്ളിയോഗനടപടിക്രമം നമ്പർ 40:8). ഇപ്രകാരം

അംഗീകാരം ലഭിക്കുന്ന കല്പനയുടെ നമ്പറും തീയതിയും നിയോഗവും ഉൾപ്പെടുത്തി നിത്യകുർബാനപട്ടിക പള്ളി ഓഫീസിൽ സൂക്ഷിക്കേണ്ടതും സങ്കീർത്തിയിൽ അതിന്റെ ഒരു പകർപ്പ് കാണത്തക്കവിധം പ്രദർശിപ്പിക്കേണ്ടതുമാണ്.

തുടർച്ചയായി 30 ദിവസം ചൊല്ലേണ്ട ഗ്രിഗോരിയൻ കുർബാന ഗൗരവതരമായ കാരണങ്ങളാൽ ഇടയ്ക്ക് മുടക്കേണ്ടിവന്നാലും 40 ദിവസത്തിനുള്ളിൽ പൂർത്തിയാക്കിയാൽ മതിയാവും. ഇടവകയിൽ ഗ്രിഗോരിയൻകുർബാന ചൊല്ലുവാൻ നിർവ്വാഹമില്ലെങ്കിൽ നിശ്ചിത തുക സ്വീകരിച്ച് അതിരൂപതാകച്ചേരിയിൽ ഏൽപ്പിക്കേണ്ടതാണ്.

മറ്റാരിൽ നിന്നും പരി. കുർബാന ധർമ്മം സ്വീകരിക്കാതെ സ്വന്തം നിയോഗത്തിൽ പ്രത്യേക അവസരങ്ങളിൽ തനത് കുർബാനയർപ്പിക്കുന്ന പാരമ്പര്യം ബഹു. വൈദികർ തുടരുന്നത് അഭിനന്ദനാർഹമാണ്.

ദൈവാരാധന പരിചിന്തനവിഷയമായി സ്വീകരിച്ചിരിക്കുന്ന നമ്മുടെ പഞ്ചവത്സരഅജപാലനപദ്ധതിയുടെ ക്രമീകരണങ്ങൾ ശരിയായി മനസ്സിലാക്കി കൂടുതൽ ഭക്തിയോടും ശ്രദ്ധയോടും വിശുദ്ധിയോടും കൂടെ പരിശുദ്ധ കുർബാനയും മറ്റ് തിരുക്കർമ്മങ്ങളും ആഘോഷിക്കുവാൻ നമുക്ക് ശ്രദ്ധിക്കാം. നമ്മുടെ കൃത്യതയോടെയുള്ള പരിശുദ്ധകുർബാനയർപ്പണവും തിരുക്കർമ്മാനുഷ്ഠാനങ്ങളും വിശ്വാസികളുടെ സമൂഹത്തിന് നല്ല സാക്ഷ്യമായിരിക്കട്ടെ.

ഈശോയിൽ സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

10-10-2020

## സർക്കുലർ

**C.20/GL 208**

# വാർഷികധ്യാനം

പ്രിയപ്പെട്ട അച്ചന്മാരേ,

നമ്മുടെ സംസ്ഥാനത്ത് 144 പ്രഖ്യാപിച്ച സാഹചര്യത്തിൽ മുൻപ് അറിയിച്ചതിൽ നിന്നു വ്യത്യസ്തമായി ബ. അച്ചന്മാരുടെ വാർഷിക ധ്യാനം ഓൺലൈനിൽ നടത്തുകയാണ്. 2020 ഒക്ടോബർ 26, 27, 28, 29 ദിവസങ്ങളിൽ വൈകുന്നേരം 5 മുതൽ 8.30 വരെയുള്ള സമയത്താണ് ധ്യാനം ക്രമീകരിക്കുന്നത്. ബഹു. വള്ളിയാനിപ്പുറം തോമസച്ചനാണ് ധ്യാനഗുരു.

2020 ഒക്ടോബർ 30 ന് ഓരോ ഫൊറോനായിലും അതാത് ഫൊറോനാകളിലെ വൈദികർ ഒരുമിച്ചുകൂടി പരിശുദ്ധ കുർബാനയുടെ ആരാധന നടത്തുകയും പരിശുദ്ധ കുമ്പസാരംനടത്തുകയും ചെയ്യുവാൻ ശ്രദ്ധിക്കുമല്ലോ. ബ. ഫൊറോനാ സെക്രട്ടറിയച്ചന്മാർ പെ. ബ. ഫൊറോനാ വികാരിമാരുടെ നേതൃത്വത്തിൽ വേണ്ട ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

അതിരൂപതാ കേന്ദ്രത്തിൽ ബ. തോമസച്ചൻ ധ്യാനം പ്രസംഗിക്കുകയും അതിൽ ലൈവായി ഓരോരുത്തരുത്തർക്കും പങ്കെടുക്കത്തക്ക ക്രമീകരണം നടത്തുന്നതുമാണ്. നമ്മുടെ വാർഷികധ്യാന ദിവസങ്ങളിൽ മറ്റുള്ള എല്ലാ പ്രോഗ്രാമുകളും മാറ്റി വച്ച് പകൽ സമയത്ത് വ്യക്തിപരമായ പ്രാർത്ഥനയ്ക്കും ധ്യാനത്തിനുമായി സമയം മാറ്റി വയ്ക്കേണ്ടതാണ്. ഓൺലൈൻ ധ്യാനത്തിൽ പങ്കെടുക്കുവാൻ സാങ്കേതികബുദ്ധിമുട്ടുകളുള്ള വൈദികർ അടുത്ത ഇടവകകളിലെ വൈദികരുടെ സഹായം തേടുന്നതിനും ശ്രദ്ധിക്കുമല്ലോ.

പരി. കുർബാന കണക്കു പുസ്തകം അതിരൂപതാ ചാൻസറിയിൽ നിന്നും നിർദ്ദേശിക്കുന്ന തീയതികളിൽ ഫൊറോനാ കേന്ദ്രങ്ങളിൽ ശേഖരിച്ച് വയ്ക്കുവാൻ ബ. ഫൊറോനാ സെക്രട്ടറിയച്ചന്മാർ ശ്രദ്ധിക്കേണ്ടതാണ്. PPF വഴി നല്കേണ്ട ഇൻഷ്വറൻസ് പ്രീമിയവും അന്നേ ദിവസം തന്നെ ഫൊറോനാകേന്ദ്രത്തിൽ നൽകുന്നത് ഉപകാരപ്രദമാണ്.

നമ്മുടെ ആത്മീയ ഉണർവിനും ജീവിതവിശുദ്ധീകരണത്തിനും വാർഷികധ്യാനം ഫലപ്രദമാകുവാൻ നമുക്ക് പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

10.10.2020
ചങ്ങനാശേരി

Ref: 3384/K-5/KCBC/OL/DS 29.10.2020

# ക്രൈസ്തവ ന്യൂനപക്ഷങ്ങൾക്കു ലഭിക്കേണ്ട നീതിയെ സംബന്ധിച്ച് കെസിബിസി അല്മായ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായുടെ ഫ്രത്തെല്ലി തൂത്തി (Fratelli Tutti) എന്ന ചാക്രികലേഖനം വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സാഹോദര്യ ചിന്തയിൽനിന്നു പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് എഴുതപ്പെട്ടതാണ്. പ്രപഞ്ചത്തെ മുഴുവനും ക്രിസ്തുവിന്റെ സാഹോദര്യത്തിൽ വീക്ഷിക്കുന്ന വിശുദ്ധ ഫ്രാൻസിസിനെപ്പോലെ ആധുനിക ലോകത്തെ നിദർശനം ചെയ്യുകയാണ് പരിശുദ്ധ പാപ്പാ. ''സാമൂഹിക സഹാനുഭൂതി നമ്മളെ, എല്ലാവരുടെയും നന്മയെ സ്നേഹിക്കാൻ മാർഗമുണ്ടാക്കുന്നു. എല്ലാ മനുഷ്യരുടെയും നന്മയെ ഫലപ്രദമായി അന്വേഷിക്കാൻ, സ്വകാര്യ വ്യക്തികൾ എന്ന നിലയിൽ മാത്രമല്ല, അവരെ ഐക്യപ്പെടുത്തുന്ന സാമൂഹിക മാനങ്ങളെ പരിഗണിച്ചുകൊണ്ടു കൂടി അത് സഹായിക്കുന്നു'' (ഫ്രത്തെല്ലി തൂത്തി, 182) എന്ന് പാപ്പാ പ്രസ്താവിക്കുന്നു. രാഷ്ട്രനിർമ്മിതിയിൽ ക്രൈസ്തവർ ഒന്നുചേർന്ന് പ്രവർത്തിച്ചതും ഗണ്യമായ സംഭാവനകൾ നല്കിയിട്ടുള്ളതും ഈ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത പാരമ്പര്യത്തിന്റെ ചുവടുപിടിച്ചാണ് ഭാരതത്തിൽ ന്യൂനപക്ഷമായിരിക്കുന്ന ക്രൈസ്തവ സമുദായങ്ങൾ പ്രവർത്തിക്കുന്നത്. ഭാരത ഭരണഘടന മത-ഭാഷാ ന്യൂനപക്ഷങ്ങൾക്ക് പ്രത്യേക സുരക്ഷ വിഭാവനം ചെയ്തിട്ടുണ്ട്. ഇവിടെ ക്രൈസ്തവർ ന്യൂനപക്ഷമായി പരിഗണിക്കപ്പെടുന്നുമുണ്ട്. എന്നാൽ ന്യൂനപക്ഷ ക്ഷേമപദ്ധതികൾ പങ്കുവയ്ക്കപ്പെടുമ്പോൾ അർഹമായവിധം നീതിനിർവഹിക്കപ്പെടുന്നുണ്ടെന്ന് ക്രൈസ്തവർക്കും പൊതുസമൂഹത്തിനും ബോധ്യം വരേണ്ടതുണ്ട്.

ഭരണഘടന ന്യൂനപക്ഷങ്ങൾക്ക് നല്കിയിരിക്കുന്ന സംരക്ഷണങ്ങളെ സർക്കാർ തലത്തിൽ നിർവഹിക്കപ്പെടുന്നതിനുള്ള സംവിധാനമാണ് ന്യൂനപക്ഷ ക്ഷേമവകുപ്പ്. 2006 ജനുവരി 29-നാണ് ന്യൂനപക്ഷക്ഷേമവകുപ്പു നിലവിൽ വന്നത്. വിദ്യാഭ്യാസ ശക്തീകരണം, അടിസ്ഥാന സൗകര്യവികസനം, സാമ്പത്തിക ശക്തീകരണം പ്രത്യേക ആവശ്യങ്ങളുടെ പൂർത്തീകരണം, ന്യൂനപക്ഷസ്ഥാപനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ വികസന ക്ഷേമപദ്ധതികൾവഴി ദരിദ്രരും പാർശ്വവത്കരിക്കപ്പെട്ടവരുമായ ന്യൂനപക്ഷങ്ങളെ ഉദ്ധരിക്കുവാനാണ് സർക്കാർ ഉദ്യമിക്കുന്നത്. 2005 ഫെബ്രുവരിയിൽ പാർലമെന്റിൽ അവതരിപ്പിച്ച പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷക്ഷേമപദ്ധതി

കൾ ആഗസ്റ്റ് 15-ന് പ്രഖ്യാപിക്കുകയുണ്ടായി. 2006 ജൂണിൽ അതിൽ ഭേദഗതികൾ വരുത്തി. പ്രധാനമന്ത്രിയുടെ 15 ഇന ന്യൂനപക്ഷ ക്ഷേമ പദ്ധതികളിൽ ആദ്യ അഞ്ച് കാര്യങ്ങൾ ന്യൂനപക്ഷ വിഭാഗങ്ങളുടെ വിദ്യാഭ്യാസ അവസരങ്ങളുടെ വർധനവിനെക്കുറിച്ച് പ്രതിപാദിക്കുന്നു. ആറുമുതൽ പത്തുവരെയുള്ള നമ്പറുകളിൽ പ്രതിപാദിക്കുന്നത് സാമ്പത്തിക തൊഴിൽമേഖലയിലെ തുല്യപങ്കാളിത്തത്തെക്കുറിച്ചാണ്. പതിനൊന്നും പന്ത്രണ്ടും നമ്പറുകൾ ന്യൂനപക്ഷങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതു സംബന്ധിച്ചും പതിമൂന്നു മുതൽ പതിനഞ്ചുവരെയുള്ളവ സമുദായിക ലഹള തടയുന്നതു സംബന്ധിച്ചും പ്രതിപാദിക്കുന്നു.

ന്യൂനപക്ഷവിഭാഗങ്ങളെ സഹായിക്കുന്നതിനും അവരുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുന്നതിനും വേണ്ടി കേന്ദ്രസർക്കാർ വിവിധ കമ്മീഷനുകൾ രൂപീകരിച്ചിട്ടുണ്ട്. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനും സംരക്ഷണത്തിനുമായി 1992-ൽ കേന്ദ്രസർക്കാർ നാഷണൽ കമ്മീഷൻ ഫോർ മൈനോരിറ്റീസ് ആക്ട് പാസാക്കി. 1992 മെയ് 17-ന് ഈ ആക്ട് നിലവിൽ വന്നു. ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസപരമായ വളർച്ച, അവർക്കായുള്ള തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ, അവർക്കർഹമായ രാഷ്ട്രീയ പ്രാധാന്യമുറപ്പിക്കൽ, അവരുടെ സാമൂഹികസാമ്പത്തിക വികസനം, ആവശ്യമായ സുരക്ഷിതത്വം ഉറപ്പാക്കൽ എന്നിവയാണ് ഈ ആക്ടിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. ഈ ആക്ട് പ്രകാരമാണ് ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിലവിൽ വന്നത്. കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിനുകീഴിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ കൂടാതെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായുള്ള ദേശീയ കമ്മീഷനും, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കമ്മീഷനും പ്രവർത്തിക്കുന്നു. സംസ്ഥാന ന്യൂനപക്ഷ മന്ത്രാലയത്തിനു കീഴിലാകട്ടെ, സംസ്ഥാന ന്യൂനപക്ഷകമ്മീഷനും സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യകമ്മീഷനും പ്രവർത്തിക്കുന്നുണ്ട്.

ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള ദേശീയ കമ്മീഷൻ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വരുന്ന വിഷയങ്ങളിൽ ഇടപെടുന്നതിനും ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസ അവകാശം നിഷേധിക്കപ്പെടാതിരിക്കാനും ഭരണഘടനവഴിയും നിയമനിർമ്മാണം വഴിയും ലഭിച്ചിട്ടുള്ള ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശം സംരക്ഷിക്കുന്നതിനും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ന്യൂനപക്ഷ പദവി നല്കുന്നതിനും വേണ്ടിയുള്ളതാണ്.

1994-ൽ രൂപീകരിച്ച ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനാകട്ടെ, ന്യൂനപക്ഷങ്ങളുടെ ജീവിത നിലവാരം ഉയർത്തുന്നതിനും സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരവുമായ പുരോഗതി ഉറപ്പുവരുത്തുന്നതിനും വേണ്ടിയുള്ളതാണ്.

സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ 2013-ലാണ് രൂപീകരിക്കപ്പെട്ടത്. സംസ്ഥാന ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ കീഴിലാണ് ഇത് പ്രവർത്തിക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നല്കുന്ന ഫണ്ട് ഉപയോഗിച്ച് കുറഞ്ഞ പലിശ നിരക്കിൽ ന്യൂനപക്ഷങ്ങൾക്ക് സാമ്പത്തിക വായ്പാ സഹായം നല്കുകയാണ് ഇതിന്റെ ലക്ഷ്യം.

കേന്ദ്ര ന്യൂനപക്ഷ ക്ഷേമവകുപ്പിന്റെ ആഭിമുഖ്യത്തിലുണ്ടായിരുന്ന ന്യൂനപക്ഷങ്ങൾക്കുള്ള മൾട്ടിസെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം ഇപ്പോൾ പ്രധാനമന്ത്രി 'ജൻവികാസ് കാര്യക്രം' എന്ന പേരിലാണ് അറിയപ്പെടുന്നത്. ജില്ലാടിസ്ഥാനത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഓരോ ജില്ലയുടെയും കളക്ടർ ചെയർമാനും, ഡെപ്യൂട്ടി കളക്ടർ (ജനറൽ) കൺവീനറും ജില്ലയിലെ എം.പി.മാർ, എം.എൽ.എ.മാർ, പോലീസ് മേധാവി, ത്രിതലപഞ്ചായത്ത് പ്രതിനിധികൾ എന്നിവർ കൂടാതെ ന്യൂനപക്ഷ സ്ഥാപനങ്ങളെ പ്രതിനിധീകരിച്ച് മൂന്നുപേരും ഉൾക്കൊള്ളുന്ന ഒരു സമിതിയാണ് ഇതിനു നേതൃത്വം കൊടുക്കുന്നത്. ന്യൂനപക്ഷ സ്ഥാപനങ്ങളുടെ പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡം ഓരോ ജില്ലയിലെയും മതസംഖ്യാനുപാതമായിരിക്കുമെന്നും പറയുന്നു.

ക്രൈസ്തവരുടെ പിന്നോക്കാവസ്ഥയെക്കുറിച്ച് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇതുവരെയും ഗൗരവമായി പഠിച്ചിട്ടില്ല. അതുകൊണ്ടുതന്നെ, ഭാരതത്തിൽ പൊതുവേ പിന്നോക്കാവസ്ഥയിൽ കഴിയുന്ന ക്രൈസ്തവരുടെ ന്യായമായ ആവശ്യങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കാൻ സർക്കാർ സംവിധാനങ്ങൾക്ക് കഴിയുന്നില്ലാ എന്നത് വ്യക്തമാണ്. കേരളത്തിലെ ന്യൂനപക്ഷവിഭാഗത്തിൽപ്പെട്ടവരുടെ സാമ്പത്തികം, സാമൂഹ്യം, സാംസ്കാരികം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ പ്രശ്നം പഠിക്കാൻ സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ പരിശ്രമം നടത്തിയിട്ടുള്ളതും അപ്രകാരമുള്ള പഠനം തുടർന്നുവരുന്നതുമാണെന്ന് മനസ്സിലാക്കുന്നു. ക്രൈസ്തവരായ ന്യൂനപക്ഷ ദുർബല വിഭാഗങ്ങളിൽപ്പെട്ട പിന്നോക്കക്കാരുടെയും ബി.പി.എൽ.കാരുടെയും പ്രശ്നങ്ങൾ പഠിക്കാൻ കമ്മീഷൻ നടത്തിയ ശ്രമങ്ങളെ ശ്ലാഘിക്കുന്നു. എന്നാൽ ക്രൈസ്തവ പിന്നോക്കാവസ്ഥയെപ്പറ്റി അതിവിശദമായ പഠനറിപ്പോർട്ട് സർക്കാരിന് നല്കാൻ ന്യൂനപക്ഷ കമ്മീഷന് ഇതുവരെ സാധിച്ചിട്ടില്ല.

കേരളത്തിൽ കാർഷികമേഖലയിലും മത്സ്യബന്ധനമേഖലയിലും നിർമ്മാണമേഖലയിലും മറ്റു തൊഴിലിടങ്ങളിലും ഉപജീവനം കണ്ടെത്തി മുന്നോട്ടുപോകുന്നവരാണ് ക്രൈസ്തവർ. കേരള ക്രൈസ്തവരിൽ നല്ലൊരു വിഭാഗം ദളിത് വിഭാഗത്തിൽപ്പെട്ടവരുമാണ്. ഓരോ വിഭാഗത്തിലെയും ആളുകൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധികൾ വ്യത്യസ്തമാണ്. അവ ഓരോന്നിനെയും കുറിച്ചും ഗൗരവമായ പഠനം ആവശ്യമാ

ണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ ആദ്യ കാനേഷുമാരി കണക്കുപ്രകാരം കേരളത്തിൽ 26 ശതമാനം ഉണ്ടായിരുന്ന ക്രൈസ്തവർ 2011-ലെ കാനേഷുമാരി കണക്കുപ്രകാരം 18.4 ശതമാനമായി കുറഞ്ഞിരിക്കുന്നു. വികസനത്തിന്റെ മേഖലകളിലെല്ലാം അവഗണിക്കപ്പെടുന്നതും, ജീവിത നിലവാരം മെച്ചപ്പെടുത്താൻ സാഹായകരമായ ഘടകങ്ങളിൽ പരിരക്ഷ ഉറപ്പാക്കപ്പെടാത്തതും ഈ ജനസംഖ്യ പരമായ കുറവിനു കാരണമായിത്തീരുന്നു. ജനസംഖ്യയും വളർച്ചാനിരക്കും കുറഞ്ഞുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിനല്ലേ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ക്ഷേമപദ്ധതികളിലൂടെ സംരക്ഷണം നല്കേണ്ടത്?

സാമൂഹികവും സാമ്പത്തികവുമായ കാരണങ്ങളാൽ പിന്നോക്കം നില്ക്കുന്ന ദളിത് ക്രൈസ്തവർ ഉൾപ്പെടെയുള്ള പാർശ്വവത്കരിക്കപ്പെട്ടവരുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്. ക്രൈസ്തവ പിന്നോക്കാവസ്ഥ പരിഹരിക്കാൻ സഹായകമാകുന്ന ഏതാനും കാര്യങ്ങൾ ഇവിടെ ഉന്നയിക്കട്ടെ.

1. രാജ്യത്തെ ക്രൈസ്തവ പിന്നാക്കാവസ്ഥയെ സംബന്ധിച്ചു സമഗ്രമായി പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ സച്ചാർ കമ്മീഷന്റെ മാതൃകയിൽ ഒരു കമ്മീഷനെ നിയമിക്കുക.

2. 2007- ലെ ജസ്റ്റീസ് രംഗനാഥൻ മിശ്ര കമ്മീഷൻ ശുപാർശപ്രകാരം ദളിത് ക്രൈസ്തവരെ പട്ടികജാതി ലിസ്റ്റിൽ ഉൾപ്പെടുത്തുക. ഇക്കാര്യവുമായി ബന്ധപ്പെട്ട സുപ്രീംകോടതിയിൽ 2004 മുതൽ നിലവിലുള്ള കേസിൽ എത്രയുംവേഗം സത്യവാങ്മൂലം സമർപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

3. കഴിഞ്ഞ 70 വർഷക്കാലമായി ആംഗ്ലോഇന്ത്യൻ സമുദായത്തിന് ലോകസഭയിലും സംസ്ഥാന നിയമസഭകളിലും ഉണ്ടായിരുന്ന പ്രാതിനിധ്യം നിർത്തലാക്കിയത് പുനഃസ്ഥാപിക്കുക.

4. ക്രൈസ്തവരുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭരണഘടന നൽകുന്ന പൂർണ്ണഅവകാശങ്ങളോടെ നടത്തിക്കൊണ്ടു പോകുന്നതിനുള്ള സംരക്ഷണം നൽകുക.

5. മലയോര കർഷകരുടെ കൃഷിയിടങ്ങളും ജനവാസകേന്ദ്രങ്ങളും ബഫർസോണുകളായി വിജ്ഞാപനം ചെയ്ത തെറ്റായ നടപടി തിരുത്തുക. അതേപോലെ തലമുറകളായി തീരപ്രദേശത്ത് വസിച്ചുവരുന്ന മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള തീരദേശവാസികളുടെ വാസസ്ഥലങ്ങൾ തീരദേശ സംരക്ഷണ നിയമപ്രകാരം അനധികൃതം ആക്കുന്ന വിജ്ഞാപനം പിൻവലിച്ചു തീരദേശ പരമ്പരാഗത തീരദേശവാസികൾക്ക് പാരിസ്ഥിതിക നിബന്ധനകൾ പാലിച്ചുകൊണ്ട് ഭവനനിർമ്മാണത്തിന് അനുവാദം നൽകുകയും ചെയ്യുക.

6. 2014-ലെ കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ അക്ടിന്റെ മൂന്നാം ഖണ്ഡികയുടെ 2b-യിൽ സംസ്ഥാന സർക്കാർ 2017-ൽ വരുത്തിയ

ഭേദഗതി റദ്ദ് ചെയ്തു എല്ലാ ന്യൂനപക്ഷ വിഭാഗങ്ങൾക്കും നീതി ഉറപ്പാക്കുക. ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ സ്ഥാനം റൊട്ടേഷൻ വ്യവസ്ഥിതിയിൽ ആക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

7. ന്യൂനപക്ഷ ക്ഷേമ പദ്ധതികളുടെ ആനുകൂല്യ വിതരണത്തിൽ ഇപ്പോൾ അനുവർത്തിച്ചുവരുന്ന 80:20 എന്ന തെറ്റായ അനുപാതം തിരുത്തി, അർഹമായ തുല്യനീതി ഉറപ്പാക്കുക.

8. പരിവർത്തിത ക്രൈസ്തവ വികസന കോർപ്പറേഷൻ ഫണ്ട് കൊണ്ടും സംവിധാനങ്ങൾ കൊണ്ടും ശക്തിപ്പെടുത്തി പരിവർത്തിത ക്രൈസ്തവരുടെ ക്ഷേമവും വികസനവും ഉറപ്പാക്കുക.

9. കേരളത്തിലെ പട്ടികവിഭാഗക്കാർക്കുള്ള എല്ലാസാമ്പത്തിക ആനുകൂല്യങ്ങളും പട്ടികജാതിയിൽ നിന്നും മതപരിവർത്തനം നടത്തിയ ദളിത് (പരിവർത്തിത) ക്രൈസ്തവർക്കും നല്കുക.

10. ന്യൂനപക്ഷ സമുദായങ്ങൾക്ക് അനുവദിക്കപ്പെടുന്ന ട്രെയിനിങ് സെന്ററുകളും സബ് സെന്ററുകളും ക്രൈസ്തവർക്ക് പ്രത്യേകമായി അനുവദിക്കുക.

11. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും ദളിത് ക്രൈസ്തവർക്കും മത്സ്യത്തൊഴിലാളികൾക്കും ഭൂമിയും പാർപ്പിടവും സൗജന്യമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

12. മത്സ്യതൊഴിലാളികളുടെ ഉപജീവന സംരക്ഷണത്തിനും സാമൂഹിക ഭദ്രതയ്ക്കും ക്ഷേമത്തിനും അവരുടെ കടലിലെ സുരക്ഷ ഉറപ്പാക്കുന്നതിനും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുക. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപാധികൾ സ്വന്തമാക്കുന്നതിനും ആഴക്കടൽ മത്സ്യബന്ധനത്തിന് ശാസ്ത്രീയമായ പരിശീലനം നൽകുന്നതിനും സംവിധാനങ്ങൾ ഏർപ്പെടുത്തുക. മത്സ്യത്തൊഴിലാളികൾക്ക് ഗുണകരമായവിധത്തിൽ മത്സ്യവിപണന മേഖലയെ ആധുനികരിക്കുകയും ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും ചെയ്യുക.

13. കാർഷിക വിളകളുടെ വില തകർച്ച നിയന്ത്രിക്കാൻ എല്ലാ വിളകൾക്കും താങ്ങുവില നിശ്ചയിക്കുകയും കർഷകത്തൊഴിലാളികൾക്ക് ആവശ്യമായ യന്ത്രങ്ങളും ഇതര സാമഗ്രികളും സബ്സിഡി നിരക്കിൽ നൽകുക. പ്രകൃതിക്ഷോഭം മൂലം നഷ്ടപ്പെടുന്ന കൃഷിയിടങ്ങൾക്ക് പകരം ഭൂമിയും നഷ്ടപരിഹാരവും നൽകുക. മണ്ണിടിച്ചിൽ, കാട്ടുമൃഗങ്ങളുടെ ആക്രമണം എന്നിവയാൽ മരണപ്പെടുന്ന കർഷകരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരവും ആശ്രിതരുടെ സംരക്ഷണത്തിന് പ്രത്യേക പദ്ധതികളും നടപ്പിലാക്കുക

14. നിർമ്മാണമേഖലയിലെ തൊഴിലാളികളുടെ സുരക്ഷയും സാമൂഹിക ഭദ്രതയും ഉറപ്പാക്കുകയും തൊഴിൽ നിപുണതയും വൈദഗ്ദ്യവും വർദ്ധിപ്പിക്കാൻ കേന്ദ്രങ്ങൾ ആരംഭിച്ചു പരിശീലനം നൽകുകയും ചെയ്യുക.

ഒരു സമൂഹത്തിന്റെ ന്യൂനപക്ഷാവസ്ഥ ആരും പ്രത്യേകമായി ഉണ്ടാക്കിയെടുത്തതല്ല, മറിച്ച് ചരിത്രപരമായി അപ്രകാരം സംഭവിച്ച താണ്. ഓരോ ന്യൂനപക്ഷ സമൂഹവും രാജ്യത്തിന്റെ അഭിഭാജ്യഘട കമായതുകൊണ്ട് എല്ലാ ന്യൂനപക്ഷങ്ങളും ഒരുപോലെ തന്നെ അംഗീ കരിക്കപ്പെടണം. എല്ലാവർക്കും അവർക്കർഹമായ ആനുകൂല്യങ്ങൾ ലഭിക്കണം. ഭൂരിപക്ഷത്തിന്റെ അവകാശങ്ങൾ ഹനിച്ചുകൊണ്ടോ മറ്റ് ന്യൂനപക്ഷങ്ങളുടെ അവകാശങ്ങൾ മാനിക്കാതെയോ കവർന്നെടുത്തു കൊണ്ടോ ആകരുത് ഇത്. ആനുപാതികമായ ഭാഗഭാഗിത്വം ഭരണനേ തൃതലത്തിലും സേവനമേഖലയിലും ലഭിക്കണം. ഭരണഘടന വിഭാ വനം ചെയ്യുന്ന ഇത്തരം സേവനങ്ങൾ രാജ്യത്തിന്റെ പുരോഗതിക്ക് ഭൂരി പക്ഷത്തോടൊപ്പം ന്യൂനപക്ഷങ്ങളും പ്രവർത്തിക്കുക എന്ന ലക്ഷ്യംവ ച്ചുള്ളതാണ്.

## ഉപസംഹാരം

ഒരു ബഹുസ്വര സമൂഹത്തിൽ വിവിധ സമുദായങ്ങൾക്കെന്ന പോലെ ക്രൈസ്തവസമുദായത്തിനും അർഹിക്കുന്ന അംഗീകാരങ്ങളും അവകാശങ്ങളും ലഭിക്കാൻ ഐക്യത്തോടെ നാം ഉണർന്നു പ്രവർത്തിക്ക ണം. ഭരണഘടനയിലൂടെയും നിയമനിർമ്മാണങ്ങളിലൂടെയും സ്ഥാപി ക്കപ്പെട്ടിരിക്കുന്ന മതന്യൂനപക്ഷ സമുദായങ്ങൾക്കുള്ള അവകാശങ്ങൾ ആരുടെയും ഔദാര്യമല്ല. അതിനാൽത്തന്നെ നമുക്കർഹതപ്പെട്ടവ നേടി യെടുക്കാൻ സഭാംഗങ്ങൾ എന്ന നിലയിലും സമുദായാംഗങ്ങൾ എന്ന നിലയിലും നമുക്ക് ഒത്തൊരുമിച്ചു പ്രയത്നിക്കാം. ന്യൂനപക്ഷക്ഷേമ പദ്ധതികൾ പരമാവധി പ്രയോജനപ്പെടുത്തുവാനുള്ള പരിശ്രമങ്ങൾ നാം ഊർജ്ജിതപ്പെടുത്തണം. അതിനാവശ്യമായ സംവിധാനങ്ങൾ സഭൈക്യശ്രമങ്ങളുടെ ഭാഗമായും രൂപതാതലത്തിലും ഇടവകതല ത്തിലും ഒരുക്കുന്നതിനുവേണ്ട ജാഗ്രത ഉത്തരവാദിത്വപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നും ഓർമ്മിപ്പിക്കുന്നു.

ക്രിസ്തുവിൽ സ്നേഹപൂർവം.


**ബിഷപ് മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
ചെയർമാൻ, കെസിബിസി അല്മായ കമ്മീഷൻ

**ബിഷപ് ഡോ. ജോസഫ് കാരിക്കാശ്ശേരി**
വൈസ് ചെയർമാൻ, കെസിബിസി അല്മായ കമ്മീഷൻ

**ബിഷപ് ഡോ. പോൾ ആന്റണി മുല്ലശ്ശേരി**
വൈസ് ചെയർമാൻ, കെസിബിസി അല്മായ കമ്മീഷൻ

പിഒസി, കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

***N.B:*** *ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലി ക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.*




# I
## TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Kinganamchira Micheal | MOC | Vicar, Eravinalloor, Paurastya Vidyapitam (resi) (addl) |
| Thycheril George | Thrickodithanam F | Paro. Admn., Chennamkary LM |
| Vallayil George | Eravinalloor | Bursar MOC (addl) |
| Chakalackal Mathew CMI | | Vicar, Mannanam St Joseph |
| Choolaparampil Thomas CMI | | Vicar, Chethipuzha |
| Kottoor Varghese CMI | | Vicar, Ayroor |
| Madelil Nobin CMI | | Vicar, Puthuppally |
| Vadakkeparampil Jojo CMI | | Vicar, Kutchapuram |
| Vattaparampil Joseph CMI | | Paro. Vicar, Vizhinjam |
| Kalaparambath Jomon O Carm | | Paro. Vicar, Thrickodithanam |
| Ambalathattil James CMI | Ayroor | Relieved |
| Ananthakattu Robin CMI | Vizhinjam Koliyoor | Relieved |
| Attichira Sebastian CMI | Chethipuzha | Relieved |
| Ethirett Scaria CMI | Mannanam St Joseph | Relieved |
| Meenappally Jacob CMI | Kutchapuram | Relieved |
| Nirappel Joy CMI | Puthuppally | Relieved |

## II
## വൈദികസമ്മേളനം

ലോക്ഡൗൺ നിയന്ത്രണങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ഈ വർഷം അതിരൂപതാവൈദികർക്കു മാത്രമായി നവംബർ മാസത്തിൽ നടത്തുന്ന പ്രസ്ബിറ്റേറിയം ഓൺലൈനായി നടത്തുന്നു. 2020 നവംബർ മാസത്തെ മൂന്നാം ചൊവ്വാഴ്ചയായ 17-ാം തീയതി വൈകുന്നേരം 5 മുതൽ 7.30 വരെയാണ് സമ്മേളനം. വിദേശരാജ്യങ്ങളിലുള്ളവർക്കും സംബന്ധിക്കത്തക്കവിധമാണ് സമയക്രമീകരണം. അതിരൂപതാംഗങ്ങളായ എല്ലാ വൈദികരും സമ്മേളനത്തിൽ സംബന്ധിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി ചെയ്യേതാണ്. മീറ്റിംഗിന്റെ വിശദാംശങ്ങൾ പിന്നീടറിയിക്കുന്നതാണ്.

## III
## മാർ തെയഡോറിന്റെ കൂദാശക്രമത്തിന്റെ ഉപയോഗം

1. ഈശോമിശിഹായുടെ മനുഷ്യാവതാരത്തിനും രക്ഷാപദ്ധതിക്കും പീഡാസഹനത്തിനും ഊന്നൽ നല്കുന്ന മാർ തെയഡോറിന്റെ കൂദാശക്രമം മംഗളവാർത്തക്കാലം മുതൽ ഓശാന ഞായർ വരെയാണ് പരമ്പരാഗതമായി ഉപയോഗിച്ചുവന്നിരുന്നത്. അതുകൊണ്ട് മംഗളവാർത്തക്കാലം മുതലുള്ള ഞായറാഴ്ചകളിലും തിരുനാളുകളിലും സാധിക്കുന്നിടത്തോളം ഇടദിവസങ്ങളിലും ഈ കൂദാശക്രമം ഉപയോഗിക്കേണ്ടതാണ്.
2. സഭ മുഴുവനിലും ഈ കൂദാശക്രമത്തിനു സ്വീകാര്യത ലഭിക്കാൻവേണ്ടി ചില ഭാഗങ്ങൾ ഐശ്ചികമായി അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും പ്രാർത്ഥനകളെല്ലാം ചൊല്ലുന്നതാണ് കരണീയം.
3. നാലാം ഗ്ഹന്തയിലെ അപേക്ഷകൾ അടിസ്ഥാനക്രമത്തിലെപ്പോലെ കാർമ്മികൻ തന്നെ (പ്രത്യുത്തരത്തോടുകൂടിയല്ലാതെ) പൂർണ്ണമായും ചൊല്ലേണ്ടതാണ്.

# XV-ാമത് പാസ്റ്ററൽ കൗൺസിൽ
## ആഗസ്റ്റ് മാസത്തിൽ നടന്ന പൊതുസമ്മേളനത്തിന്റെ
## റിപ്പോർട്ട്

XVാമത് പാസ്റ്ററൽ കൗൺസിലിന്റെ 2020ലെ രണ്ടാമത്തെ പൊതുസമ്മേളനം കോവിഡ് മഹാമാരിയുടെ വ്യാപനം പ്രമാണിച്ച് ആഗസ്റ്റ് 8-ാം തീയതി ശനിയാഴ്ച online മീറ്റിംഗ് ആയി നടത്തപ്പെട്ടു. 118 അംഗങ്ങൾ പങ്കെടുത്തു. അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം ചെയ്ത പ്രസ്തുത സമ്മേളനത്തിൽ അഭി. തോമസ് തറയിൽ പിതാവ് ആമുഖ സന്ദേശം നൽകി.

അഭി. പെരുന്തോട്ടം പിതാവ് തന്റെ ഉദ്ഘാടന സന്ദേശത്തിൽ ഈ സമ്മേളനം ചരിത്രത്തിൽ അടയാളപ്പെടുത്തപ്പെടുമെന്ന് നിരീക്ഷിച്ചു. പ്രതികൂലങ്ങൾ ഉണ്ടെങ്കിലും നിഷ്ക്രിയരാകാതെ ആധുനിക മാധ്യമസങ്കേതങ്ങൾ ഉപയോഗിച്ചു കൂട്ടായ്മയിൽ നിലനിൽക്കാൻ ശ്രമിക്കുന്നത് ശ്ലാഘനീയമാണെന്ന് പിതാവ് പറഞ്ഞു. ഈശോമിശിഹാ നയിക്കുന്ന സഭയാകുന്ന പെട്ടകം ഏതു പ്രളയത്തിലും ജലത്തിന്റെ മുകളിലൂടെ യാത്ര ചെയ്യുന്നു. ഈ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കരുത്തുറ്റ നേതൃത്വം നൽകാൻ വിളിക്കപ്പെട്ടവരാണ് നമ്മൾ. ആഗതമാകുന്ന മഹായോഗത്തിൽ ക്രിയാത്മക പങ്കു വഹിക്കാനും, നിശ്ചയിക്കപ്പെട്ടിട്ടുള്ള പഠന വിഷയങ്ങൾ ഗൗരവത്തോടെ പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാനും അഭിവന്ദ്യ പിതാവ് ആവശ്യപ്പെട്ടു. അത്മായരില്ലാതെ സഭയില്ലെന്നും, നിർണ്ണായക പങ്കുവഹിക്കേണ്ട ഈ സമൂഹം വൈദിക സമൂഹത്തോടു ചേർന്നു നിൽക്കുമ്പോഴാണ് ദൈവജനം എന്ന നിർവചനത്തിനു നാം അനുയോജ്യരാകുന്നതെന്നും അഭി. പിതാവ് കൂട്ടിച്ചേർത്തു. സഭയോടൊത്ത്, സഭയ്ക്കുവേണ്ടി, തദ്വാരാ ലോകത്തിനുവേണ്ടി, ചിന്തിക്കുന്ന, ദൗത്യനിർവ്വഹണങ്ങളിൽ ഏർപ്പെടുന്ന ഒരു സമിതിയാകണം അതിരൂപതാ പാസ്റ്ററൽ കൗൺസിൽ എന്നും പിതാവ് പറഞ്ഞു.

അഭി. തറയിൽ പിതാവ് തന്റെ ആമുഖ സന്ദേശത്തിൽ പ്രകൃതിക്ഷോഭങ്ങളുടെയും, രോഗത്തിന്റെയും, ദുരന്തങ്ങളുടെയും ഇക്കാലത്ത് ദൈവത്തിൽ ആശ്രയിച്ച് ധൈര്യത്തോടെ പരസ്പരം ശക്തിപ്പെടുത്തി മുന്നേറണം എന്ന് ഓർമ്മിപ്പിച്ചു. പുതിയ വിദ്യാഭ്യാസ നയവും, സംവരണകാഴ്ചപ്പാടുകളുമൊക്കെ അതിസൂക്ഷ്മമായി പഠനത്തിന് വിധേയപ്പെടുത്തണമെന്നും എല്ലാ സമിതികളും ഇക്കാര്യത്തിൽ ശ്രദ്ധയും ജാഗ്രതയും പുലർത്തണമെന്നും അഭിപ്രായപ്പെട്ടു. സാമൂഹിക അസമത്വങ്ങൾ നിലനിർത്തിയും ന്യൂനപക്ഷങ്ങളുടെ ആശങ്കകളെ ദൂരീകരിക്കാതെയും പുതിയ നയം പ്രാബല്യത്തിലായാൽ നമ്മുടെ സമുദായത്തെ അതു ദോഷകരമായി ബാധിക്കും. സമുദായോദ്ധാരണം നമ്മുടെ മുൻഗണനാ വിഷയമാകണം. സമർത്ഥരായ വിദ്യാർത്ഥികളെ കണ്ടെത്തിയും അവർക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തിയും മറ്റ് അനുബന്ധ സഹായങ്ങൾ നൽകിയും മുൻപന്തിയിൽ എത്തിക്കാൻ നാം ജാഗ്രത പുലർത്തണമെന്നും പിതാവ് പറഞ്ഞു.

വടവാതൂർ സെന്റ് തോമസ് പള്ളി വികാരി റവ. ഫാ. ജിസൺ പോൾ വേങ്ങാശ്ശേരി 'കോവിഡ് കാലത്തെ ആദ്ധ്യാത്മിക വെല്ലുവിളികൾ' എന്ന വിഷയത്തിൽ ക്ലാസ് നയിച്ചു. അഭൂതപൂർവ്വമായ വെല്ലുവിളികളുടെ ഇക്കാലത്ത് ദൈവത്തേയും

ദൈവാലയത്തേയും മറക്കാനുള്ള പ്രലോഭനത്തെ സധൈര്യം നേരിടണമെന്ന് അദ്ദേഹം തന്റെ പ്രഭാഷണത്തിൽ ഓർമ്മിപ്പിച്ചു. നമ്മുടെ പൂർവ്വിക തലമുറകളുടെ അത്യദ്ധ്വാനത്തിന്റെ നന്മകളാണ് നാം ഇന്ന് അനുഭവിക്കുന്നതെന്ന് നാം ഓർക്കണമെന്നും, നമ്മൾ അലസതയ്ക്ക് ആത്മീയതയുടെ കുടപിടിക്കുന്നവരാകരുതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

തുടർന്ന് 8 കമ്മിറ്റികളുടെ റിപ്പോർട്ട് അവതരണവും ഫലപ്രദവും ക്രിയാത്മകവുമായ ചർച്ചയും നടന്നു. വിവിധ കമ്മിറ്റി കൺവീനർമാരായ ശ്രീ. തങ്കച്ചൻ പൊൻമാങ്കൽ, ശ്രീ. ജെയിംസ് ഇലവുങ്കൽ, ശ്രീ. വി.ജെ. ലാലി, ശ്രീ. ജോസുകുട്ടി കുട്ടംപേരൂർ, അഡ്വ. ജോബ് മൈക്കിൾ, ശ്രീ. ലാലി ഇളപ്പുങ്കൽ, ശ്രീ. ഷിജോ മാത്യു, ശ്രീ. സിബി മുക്കാടൻ എന്നിവരാണ് റിപ്പോർട്ടുകൾ അവതരിപ്പിച്ചത്. പ്രസ്തുത യോഗത്തിൽ രണ്ട് പ്രമേയങ്ങൾ അവതരിപ്പിക്കപ്പെട്ടു. റബർ ആക്ടിനെതിരെയുള്ള നീക്കത്തെ അപലപിച്ചുകൊണ്ട് ശ്രീ. വി.ജെ. ലാലിയും സംവരണേതര വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിൽ സംസ്ഥാന സർക്കാർ പുലർത്തുന്ന കുറ്റകരമായ അനാസ്ഥയെക്കുറിച്ച് ശ്രീ. വർഗ്ഗീസ് ആന്റണിയും അതിരൂപതാ പാസ്റ്ററൽ കൗൺസിലിന്റെ പ്രതിഷേധം രേഖപ്പെടുത്തി.

ചർച്ചാവസരത്തിൽ ഉയർന്നു വന്ന സംശയങ്ങൾക്ക് അഭി. പെരുന്തോട്ടം പിതാവ് മറുപടി പറഞ്ഞു. ഒപ്പം താഴെപ്പറയുന്ന കാര്യങ്ങളിലേക്കും പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. സഭാ സമൂഹം ഉണർന്നു പ്രതികരിക്കേണ്ട വിവിധ വിഷയങ്ങൾ ഇപ്പോൾ പൊതു സമൂഹത്തിൽ ചർച്ച ചെയ്യപ്പെടുന്നു. കരുത്തുറ്റ അല്മായ നേതൃത്വം ഉയർന്നുവരണം. ബോധവൽക്കരിക്കപ്പെട്ട സമൂഹമായി ജാഗ്രതയോടെയും അവധാനതയോടെയും പ്രതികരിക്കണം. സമയബന്ധിതമായ, ഉത്തരവാദിത്വപൂർണ്ണമായ പ്രതികരണങ്ങൾ സഭാസമൂഹത്തിന്റെ കടമയാണ്. വാക്കിലും പ്രവൃത്തിയിലും വിവേകം പുലർത്തണം. നമ്മുടെ ജിഹ്വയായ ദീപിക ദിനപത്രത്തെ വളർത്തുന്നതിൽ താല്പര്യം കാണിക്കണം. സഭയോടൊത്ത്, സഭയ്ക്കുവേണ്ടി ചിന്തിക്കുന്ന ഒരു ദൈവജനമായി, അല്മായ സമൂഹം വളർന്നുവരണം. സഭാത്മകബോധ്യങ്ങൾ മനസ്സിലാക്കുകയും പകരുകയും ചെയ്യണം. ഇത് കുടുംബത്തിലാണ് നടക്കേണ്ടത്. ജീവിതാനുഭവങ്ങളുടെ പഠനക്കളരി കുടുംബമാണല്ലോ. അടുത്ത തലമുറയെ നമ്മുടെ സ്വത്വബോധത്തിൽ ഉറപ്പിച്ചു വളർത്തണം. കുടുംബത്തിന്റെ അടിത്തറ ഇളകുന്ന പ്രവണതകളാണ് ചുറ്റും കാണുന്നത്. കുടുംബഭദ്രതയെന്ന മൂല്യം തിരിച്ചുപിടിച്ചാൽ ഒരുപാട് പ്രശ്നങ്ങൾ സ്വയം പരിഹൃതമാകും. 90 വയസ്സ് പൂർത്തിയാക്കിയ അഭി. ജോസഫ് പവ്വത്തിൽ പിതാവിന് അനുമോദനങ്ങൾ അർപ്പിച്ച് അഭി. പിതാവ് തന്റെ മറുപടി പ്രസംഗം ഉപസംഹരിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡോമിനിക് ജോസഫ് സ്വാഗതം ആശംസിച്ച സമ്മേളനം ശ്രീ. സുരേഷ് മണലിവിളാക (അമ്പൂരി)ത്തിന്റെ പ്രാർത്ഥനയോടെയാണ് ആരംഭിച്ചത്. ജോയിന്റ് സെക്രട്ടറി ശ്രീ. ആന്റണി തോമസ് മലയിൽ നന്ദി പ്രകാശിപ്പിച്ചു. അഭി. പിതാവിന്റെ ആശീർവ്വാദത്തോടെ സമ്മേളനം അവസാനിച്ചു.

**ഡോ. രേഖാ മാത്യൂസ്**
**ശ്രീ. ആന്റണി തോമസ് മലയിൽ**
ജോ. സെക്രട്ടറി

**ഡോ. ഡോമിനിക് ജോസഫ്**
സെക്രട്ടറി

# സഭ നേരിടുന്ന
# സമകാലിക വെല്ലുവിളികൾ, പ്രതിസന്ധികൾ;
## പാസ്റ്ററൽ കൗൺസിൽ സംഘടിപ്പിച്ച വെബിനാറിന്റെ
## റിപ്പോർട്ട്

XVാമതു പാസ്റ്ററൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച വെബിനാർ 2020 സെപ്റ്റംബർ 4-ാം തീയതി 6.30 p.m. മുതൽ 8.30 p.m. വരെ ഓൺലൈനായി നടത്തപ്പെട്ടു. ''സഭ നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും'' എന്ന വിഷയത്തിൽ മാനന്തവാടി രൂപത പി.ആർ.ഒ. റവ. ഫാ. നോബിൾ പാറയ്ക്കൽ വിഷയാവതരണം നടത്തി. അഭിവന്ദ്യ ജോസഫ് പെരുന്തോട്ടം പിതാവ് ഉദ്ഘാടനം നിർവ്വഹിച്ചു. അഭിവന്ദ്യ തോമസ് തറയിൽ പിതാവ് ആമുഖസന്ദേശം നല്കി.

ചരിത്രത്തിലുടനീളം സഭ വെല്ലുവിളികൾ നേരിട്ടിട്ടുണ്ട്, ഇത് നാളെയും തുടരും. ഈ ദൗത്യത്തിലേയ്ക്കാണ് സഭ ദൈവത്താൽ നിയോഗിക്കപ്പെട്ടിരിക്കുന്നത്. കാലത്തിന്റെ ചുവരെഴുത്തുകൾ മനസ്സിലാക്കി ജാഗ്രതയോടെ ഉണർന്നിരിക്കണമെന്ന് മിശിഹാതന്നെ നമ്മെ ഓർമ്മിപ്പിച്ചിട്ടുമുണ്ട്. പുറത്തുനിന്നുള്ള വെല്ലുവിളികളെക്കാൾ ഗൗരവമേറിയത് ഉള്ളിൽ നിന്ന് നാം നേരിടേണ്ടി വരുന്നു. അന്തഛിദ്രം നാശത്തിലേയ്ക്കു നമ്മെ നയിക്കും എന്ന കർത്താവിന്റെ മുന്നറിയിപ്പ് നമുക്കോർക്കാം, അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ആന്തരിക ഐക്യം നിലനിർത്തുന്ന യാഥാർത്ഥ്യമായി സഭ നിലനിന്നാൽ ആർക്കും തകർക്കാനാവില്ല. മൂല്യശ്രേണി നിർണ്ണയിച്ച് ദൈവത്തിനും സഹോദരർക്കും പ്രാധാന്യം കല്പിച്ചു മുന്നേറുന്ന സമൂഹമാകണം സഭ എന്നും പിതാവ് കൂട്ടിച്ചേർത്തു.

അഭിവന്ദ്യ തോമസ് തറയിൽ തന്റെ ആമുഖസന്ദേശത്തിൽ നാം അവശ്യം മനസ്സിലാക്കേണ്ട വിവിധ വിഷയങ്ങളെക്കുറിച്ച് സംക്ഷിപ്തമായി സംസാരിച്ചു. മക്കളെ ബോദ്ധ്യങ്ങളിലുറപ്പിച്ചു വളർത്തുക, സമകാലിക വിഷയങ്ങളെക്കുറിച്ചു ആഴത്തിൽ പഠിക്കുക, പ്രതികരിക്കുക, അവകാശങ്ങളെക്കുറിച്ചു ബോധവാന്മാരായിരിക്കുക, സമുദായബോധം ശക്തിപ്പെടുത്തുക, ബോധന പ്രക്രിയയിലൂടെ എല്ലാ ഘടകങ്ങളെയും വളർത്തുക എന്നീ നിർദ്ദേശങ്ങളാണ് പാസ്റ്ററൽ കൗൺസിൽ അംഗങ്ങളുടെ ശ്രദ്ധയ്ക്കായി പിതാവ് മുന്നോട്ടുവെച്ചത്.

നോബിൾ പാറയ്ക്കലച്ചന്റെ കാര്യമാത്ര പ്രസക്തമായ വിഷയാവതരണശൈലി ചുരുങ്ങിയ സമയംകൊണ്ട് പരമാവധി കാര്യങ്ങൾ കേൾവിക്കാരിലെത്തിക്കുന്നതിന് സഹായകമായി. പ്രസക്ത ഭാഗങ്ങൾ ചുവടെചേർക്കുന്നു.

സഭ നേരിടുന്ന പ്രതിസന്ധികൾക്ക് സഭയുടെ ചരിത്രത്തോളംതന്നെ പഴക്കമുണ്ട്. മതപരവും, ദൈവശാസ്ത്രപരവും, ആത്മീയവുമായ പ്രതിസന്ധികൾ ക്രൈസ്തവസഭകളുടെ ആവിർഭാവകാലം മുതൽക്കേ നാം കണ്ടുപോന്നിരുന്നു. പ്രവാചക ധീരതയോടെ കാര്യങ്ങൾ ഗ്രഹിക്കാനും പഠിപ്പിക്കാനും കാലഘട്ടത്തിനനുയോജ്യരായ വ്യക്തികൾ സഭയിൽ കാലാകാലങ്ങളിൽ ഉയർന്നുവന്നി

ട്ടുണ്ടുതാനും. ഇക്കാലത്ത് പിതാക്കന്മാരും വൈദികരും ചിന്തിക്കുന്ന അല്മായ പ്രേഷിതരും, വർദ്ധിച്ചുവരുന്ന ശിഥിലീകരണ പ്രവണതകളെ തിരിച്ചറിഞ്ഞ്, സംരക്ഷണക്കോട്ട തീർക്കാൻ ശ്രമിക്കുന്നു എന്നത് ആശാവഹംതന്നെ. ചങ്ങനാശ്ശേരി പാസ്റ്ററൽ കൗൺസിലിന്റെ ഈ സംരംഭത്തെ പൂർണ്ണ മനസ്സോടെ അഭിനന്ദിക്കുന്നു.

മതമർദ്ദനം എന്നത് ആദ്യ നൂറ്റാണ്ടുകളിൽ സംഭവിച്ച എന്തോ ഒന്നായിരുന്നു എന്നു കരുതിയാൽ നമുക്കു തെറ്റി. കാലത്തിലൂടെ തുടർന്ന് ഇപ്പോഴും തുടരുന്ന ഒരു പ്രതിസന്ധിയാണത്. പക്ഷേ ഈ മർദ്ദനങ്ങളും, പീഡനങ്ങളും, ക്രൈസ്തവജീവിതസാക്ഷ്യത്തെ ബലപ്പെടുത്തുന്നതായാണ് നാം കാണുന്നത്. കേരളത്തിൽ നമ്മുടെ സഭാസമൂഹത്തിന്, സമുദായത്തിന് ഭാവവ്യത്യാസങ്ങൾ വന്നുകൊണ്ടിരിക്കുന്നു എന്നു നാം തിരിച്ചറിഞ്ഞില്ലെങ്കിൽ പതിയിരിക്കുന്ന അപകടം വലുതാണ്. നിരന്തരം നമ്മൾ ആക്രമണങ്ങൾ നേരിടുന്നുവെങ്കിൽ അതിന്റെ കാരണം നന്മയ്ക്കുവേണ്ടി നമ്മളെടുക്കുന്ന വിട്ടുവീഴ്ചയില്ലാത്ത നിലപാടുകൾ തന്നെ. പക്ഷേ തിന്മയുടെ, ചൂഷണത്തിന്റെ, അധിനിവേശത്തിന്റെ, ആക്രമണത്തിന്റെ ശൈലിയെ അംഗീകരിക്കാനോ സ്വീകരിക്കാനോ നമുക്കാവില്ല. തികഞ്ഞ ആർജ്ജവത്വത്തോടെയാണ് സഭ ഇടപെടുക. ക്ഷമയുടെ സഹിഷ്ണുതയുടെ പ്രതികരണശൈലി പലപ്പോഴും ചോദ്യം ചെയ്യപ്പെട്ടിട്ടുമുണ്ട്. നമ്മുടെ നിലപാടുകൾ, നമ്മുടെ നിശ്ശബ്ദശുശ്രൂഷാമേഖലകൾ ഒക്കെ നിരന്തരം അവഹേളനത്തിന് വിഷയമാക്കപ്പെടുന്നു. ഈ അപഹസിക്കപ്പെടലുകൾ സഹനങ്ങളായി കാണേണ്ട കാര്യമുണ്ടോ? ഇവിടെ ഒരു പ്രതികരണത്തിന്റെ ആത്മീയത വളർത്തിയെടുക്കേണ്ടത് ആവശ്യമല്ലേ? കാലത്തിനും ചേരുന്ന ഒരു പ്രതികരണശൈലി രൂപപ്പെടുത്തേണ്ട സമയമായില്ലേ?

വിദ്യാഭ്യാസ വിപ്ലവം കൊണ്ടുവന്ന ക്രൈസ്തവരിപ്പോൾ വിദ്യാഭ്യാസക്കച്ചവടക്കാർ!

ആതുരശുശ്രൂഷാരംഗത്തും നമ്മളിപ്പോൾ കച്ചവടക്കാരായി മുദ്രകുത്തപ്പെടുന്നു. സഭയുടെ സംഭാവനകളെ നിസ്സാരമായി തിരസ്കരിക്കുന്നു. നവോത്ഥാനം എന്ന പദം ഇപ്പോൾ നിരന്തരം ഉയർന്നുകേൾക്കുന്നു. ക്രൈസ്തവരായിരുന്നു നവയുഗസൃഷ്ടിയുടെ മുൻപന്തിയിൽ! നമ്മെ ഇപ്പോൾ പീഢകരും ചൂഷകരുമായി മുദ്രകുത്താൻ ബോധപൂർവ്വമായ ശ്രമം നടക്കുന്നു എന്നുതിരിച്ചറിയണം. ബലംപ്രയോഗിച്ചുതന്നെ ചില സത്യങ്ങൾ സ്ഥാപിച്ചെടുക്കേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ഇത്തരം പ്രതികരണങ്ങൾക്ക് അനുകരിക്കാവുന്ന ശൈലി ക്രിസ്തു തന്നെ രൂപപ്പെടുത്തിയിട്ടുണ്ട്. തിന്മയ്ക്കെതിരെ സന്ധിയില്ലാത്ത നിലപാടുകൾ സ്വീകരിച്ചവൻ; എല്ലാത്തിനോടും നിശ്ശബ്ദതയല്ലായിരുന്നു ഈശോയുടെ പ്രതികരണം. വിമർശനാത്മകമായി പ്രതിരോധിച്ചിരുന്നു. വാക്കുകൾ ചിലപ്പോൾ രൂക്ഷവുമായിരുന്നു.

സമൂഹത്തിലെ അപഭ്രംശങ്ങളും, നുണകളും പൊളിച്ചുകാണിക്കുന്നതിൽ ആത്മീയതയ്ക്ക് വിരുദ്ധമായി ഒന്നുമില്ല എന്നു നാം തിരിച്ചറിയണം ദൈവജനം ഒരു കൂട്ടായ്മയാണ്; വെറും ജനക്കൂട്ടമല്ലത്. ദൈവത്തിലേക്ക് തിരിഞ്ഞ ജനമാണ് ദൈവജനം. അപ്പോൾ ഉറച്ച വിശ്വാസത്തോടെ പ്രവാചക ധീരതയോടെ സംസാരിക്കണം, പ്രതികരിക്കണം. ഭിന്നിപ്പുകൾ, കൂട്ടായ്മാരൂപിക്ക് വിഘാതമാണ്. ഒരുമിച്ചല്ലെങ്കിൽ ഒരു പ്രതിസന്ധിയെയും അഭിമുഖീകരിക്കാനാവില്ല. കുറവുകൾ

അംഗീകരിച്ച് ക്രിസ്തീയചൈതന്യത്തിൽ ആഴപ്പെട്ടില്ലെങ്കിൽ നവീകരണം സാദ്ധ്യമാവില്ല. മാന്യതയില്ലാത്ത പ്രതികരണങ്ങൾ ക്രൈസ്തവശൈലി അല്ലാത്തതുകൊണ്ട് ''സഭ പ്രതികരിക്കില്ല'' എന്ന ആക്ഷേപം നാം നിരന്തരം നേരിടുന്നു. സംഘടിത നീക്കങ്ങൾ കണ്ടില്ല എന്ന് ഇനി നമുക്ക് പറയാനാവില്ല. പ്രബല ശക്തികൾ സഭാവിരുദ്ധത പ്രഘോഷിക്കുന്നത് കേട്ടില്ല എന്നുവെക്കാനുമാവില്ല. ന്യൂനപക്ഷാകവാശ ധ്വംസനം തീവ്രവാദ സാന്നിദ്ധ്യം മുതലായ പ്രശ്നങ്ങളൊക്കെ നമ്മെ തളർത്തിക്കൊണ്ടിരിക്കുന്നു.

അവബോധങ്ങളിലേയ്ക്ക് വളരാം, ഉണരാം. പ്രതികരണങ്ങളുടെ ആവശ്യബോധം നമ്മെ അസ്വസ്ഥതപ്പെടുത്തുന്നു. പക്വതയുള്ള പ്രതികരണശൈലി രൂപപ്പെടുന്നത് ഒരു നിരന്തര പഠന പ്രക്രിയയുടെ ഫലമായിട്ടാണ്. ചരിത്രംതന്നെ വികലമായി തിരുത്തപ്പെടുന്ന ഇക്കാലത്ത് ജാഗ്രതക്കുറവിന് വലിയവിലകൊടുക്കേണ്ടിവരും.

ബഹു. അച്ചന്റെ പ്രഭാഷണത്തെത്തുടർന്ന് സുദീർഘമായ ചർച്ചകൾ നടന്നു. പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക് ജോസഫ് സ്വാഗതം ആശംസിച്ച വെബിനാറിൽ ജോ. സെക്രട്ടറി ഡോ. രേഖാ മാത്യൂസ് നന്ദി പ്രകാശിപ്പിച്ചു. MAAC TV തത്സമയം സംപ്രേഷണം ചെയ്ത ഈ സംരംഭത്തിൽ 426 പേർ പങ്കാളികളായി. ബഹു. പാറയ്ക്കലച്ചന്റെ ആശീർവാദപ്രാർത്ഥനയോടെ ഈ വെബിനാർ സമാപിച്ചു.

**ഡോ. ഡോമിനിക് ജോസഫ്**
സെക്രട്ടറി

**ഡോ. രേഖാ മാത്യൂസ്**
**ശ്രീ. ആന്റണി തോമസ് മലയിൽ**
ജോ. സെക്രട്ടറി


## 2020 ഡിസംബറിൽ പ്രസിദ്ധീകരിക്കുന്നു

**സീറോ മലബാർ സഭയുടെ ആരാധനക്രമപഞ്ചാംഗത്തെ ആസ്പദമാക്കി വത്സരത്തിലെ എല്ലാ ദിവസങ്ങളിലേയും വിശുദ്ധഗ്രന്ഥവായനകളുടെ വ്യാഖ്യാനം ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിരിക്കുന്ന നൂതനഗ്രന്ഥം**

# അനുദിനവചനം ആരാധനാവത്സരത്തിൽ

ഗ്രന്ഥകർത്താവ്

**റവ. ഫാ. മാത്യു മറ്റം**

**അനുദിന സുവിശേഷപ്രസംഗത്തിനും വായനയ്ക്കും ധ്യാനത്തിനും ഉപകരിക്കുന്ന അപൂർവ്വഗ്രന്ഥം**

**Dy 1/8 സൈസ്, 500-ൽ പരം പേജുകൾ**

N.B: കോപ്പികൾ സെന്റ് ജോസഫ്സ് ഓർഫനേജ് ബുക്ക്സ്റ്റാളിൽ ലഭ്യമായിരിക്കും.

അതിരൂപതാ Internet Mission എന്ന പേരിൽ പ്രവർത്തിച്ചിരുന്ന പ്രേഷിതവകുപ്പ്, 2020 ഏപ്രിൽമാസം ഒന്നാംതീയതി മുതൽ Media Apostolate ന്റെ ഭാഗമായതോടു കൂടി പുതിയ പ്രവർത്തന പരിപാടികൾ ആവിഷ്കരിച്ചുവരികയാണ്. അതിന്റെ ഭാഗമായി അതിരൂപതാമീഡിയാ മിനിസ്ട്രിയുടെ സംഘാടകതലത്തിലും പ്രവർത്തന ശൈലിയിലും കാതലായ ചില മാറ്റങ്ങൾ അനിവാര്യമാണ്. ഫൊറോനാതല വൈദിക സമ്മേളനങ്ങളിലും, ഇന്റർഡിപ്പാർട്ട്മെന്റ് തലങ്ങളിലും ഈ പുതിയ സംവിധാനത്തെക്കുറിച്ച് ചർച്ചകൾ നടത്തുകയുണ്ടായി. അതിന്റെ ഭാഗമായിട്ടാണല്ലോ അതിരൂപതയുടെ ഔദ്യോഗിക യൂട്യൂബ് ചാനലായ MACC TV 2020 മെയ് 20 ന് നാം ആരംഭം കുറിച്ചതും. കൂടാതെ അതിരൂപതാ വെബ്സൈറ്റ്, ഫെയ്സ് ബുക്ക് പേജ്, ഓൺലൈൻ സോഫ്റ്റ്വെയർ, മൊബൈൽ ആപ്പ്, ലൈവ്സ്ട്രീമിംങ്ങ് എന്നിവയുടെ ചുമതലയും ഈ മിനിസ്ട്രിയുടെ ഭാഗമാണ്.

## പുതിയ പേര്

നിലവിലുള്ള രണ്ടു ഡിപ്പാർട്ട്മെന്റുകളുടെ ഏകോപനം സാധ്യമാകുമ്പോൾ പുതിയൊരു പേര് അഭികാമ്യമാണെന്നു കരുതിയാണ് അഭിവന്ദ്യ പിതാവ് Archeparchial Department of Communication and Media Ministry എന്ന പേരു നൽകിയത്. അധുനിക വിവരസാങ്കേതികവിദ്യ ഉപയോഗിച്ച് അതിരൂപതാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയം, വിശ്വാസപരിശീലനം, ബന്ധങ്ങളുടെ പരിപോഷണം എന്നിവയും, മാധ്യമങ്ങളെക്കുറിച്ചും മാധ്യമങ്ങൾ ഉപയോഗിച്ചുള്ള ബോധവത്ക്കര പരിപാടികൾ, ഓൺലൈൻ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയുള്ള ഇതരശുശ്രൂഷകൾ, അതിരൂപതയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളുടെ പ്രവർത്തനങ്ങൾ, ഡിജിറ്റൽ ലൈബ്രറി, മാധ്യമരംഗത്ത് അഭിരുചിയുള്ള അതിരൂപതാംഗങ്ങൾക്ക് പ്രത്യേക പരിശീലനം, ഇടവക-ഫൊറോനതല വീഡിയോ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങിയവയും ഈ മിനിസ്ട്രി ലക്ഷ്യംവയ്ക്കുന്നു.

## MACC TV

അതിരൂപതയുടെ ശബ്ദവും, നിലപാടുകളും, പ്രതികരണങ്ങളും, സഭാപ്രബോധനങ്ങളും, വാർത്തകളും ഔദ്യോഗികമായി അറിയിക്കുവാനുള്ള സോഷ്യൽ മീഡിയാ ഡിജിറ്റൽ ഫ്ളാറ്റ്ഫോമാണ് നമ്മൾ പുതിയതായി ആരംഭിച്ച യൂറ്റ്യൂബ് ചാനൽ. ഇത് കാലഘട്ടത്തിന്റെ ആവശ്യംകൂടിയാണ്. വിശ്വാസപരിശീലനം, സഭാ പ്രബോധനങ്ങൾ, സമുദായബോധം എന്നിവയ്ക്ക് ഉപകരിക്കുന്ന പരിപാടികളും, സഭ നേരിടുന്ന വെല്ലുവിളികളെയും, അബദ്ധപ്രചരണങ്ങളെയും പ്രതിരോധിക്കാൻ സഹായകമാകുന്ന പരിപാടികളും നമ്മുക്ക് MACC TVയിലൂടെ ജനങ്ങളിൽ എത്തിക്കാനാകും.അതിരൂപതയിലെ ഇടവകഫൊറോനകളുടെ നേതൃത്വത്തിൽ മാധ്യമരംഗത്ത് കഴിവുള്ളവരെ സംഘടിപ്പിച്ചുകൊണ്ട് സോഷ്യൽ മീഡി

യായ്ക്കുവേണ്ടി വിവിധതരം പരിപാടികൾ ആവിഷ്കരിക്കുവാൻ സാധിക്കും. അതിരൂപതയിലെ എല്ലാ പ്രേഷിതവകുപ്പുകളെയും അവരുടെ പ്രവർത്തന മേഖല കളെയും മുഴുവൻ വിശ്വാസികളിലും എത്തിക്കുവാനുള്ള സുവർണ്ണാവസരമാ ണിത്. അതിരൂപതയിലെ കലാപ്രതിഭകളെ കണ്ടെത്തുവാനും, അവർക്ക് അവ സരവും അംഗീകാരവും പ്രോത്സാഹനവും കൊടുക്കുവാനും ഈ ഫ്ളാറ്റ്ഫോം നമ്മുക്ക് ഉപയോഗിക്കാം. ഇതൊരു ടീം വർക്കിലൂടെ മാത്രമേ സാധ്യമാകൂ. അങ്ങനെ സോഷ്യൽ മീഡിയായിലൂടെ സുവിശേഷപ്രഘോഷണം നമ്മുക്ക് അനായാസ മായി നടത്താനാകും. MACC TV ആരഭിച്ചിട്ട് 5 മാസങ്ങൾ പിന്നിടുമ്പോൾ 800 ൽ അധികം വീഡിയോകൾ പുറത്തിറക്കുവാനും 32400 സബ്സ്ക്രൈബേഴ്സിനെ നേടുവാനും നമ്മുക്ക് സാധിച്ചു. ഇത് നമ്മുടെ കൂട്ടായ പരിശ്രമത്തിന്റെ ഫലമാണ്. ഇനിയും ഈ രംഗത്ത് നമ്മൾ ബഹുദൂരം മുമ്പോട്ടു പോകേണ്ടിയിരിക്കുന്നു.

## അതിരൂപതാതലസംവിധാനം

അതിരൂപതാ, ഫൊറോനാ ഇടവകതലങ്ങളിൽ ശക്തമായ അടിത്തറയിട്ടു വേണം Department of Communication and Media Ministry പ്രവർത്തിക്കേണ്ടത്. അതിരൂപതാതലത്തിൽ 10 പേരുടെ ഒരുമീഡിയാ ടീം, രൂപതാ PRO ഉൾപ്പെടെ, സജ്ജമായിട്ടുണ്ട്. കൂടാതെ ഈ രംഗത്ത് അഭിരുചിയുള്ള 40 ഓളം കൊച്ചച്ചന്മാ രുടെ ഒരു ഗ്രൂപ്പും, ബ്രദേഴ്സിന്റെ ഒരു ഗ്രൂപ്പും (supporting groups) രൂപീകരിച്ചു. കലാപരാമായും, ആശയപരമായും സംഭാവന ചെയ്യാൻ സാധിക്കുന്ന മറ്റ് വൈദി കരെയും, ബ്രദേഴ്സിനെയും ഉൾപ്പെടുത്തി ടീം വിപുലീകരിക്കുവാൻ ഇനിയും സാധ്യതയുണ്ട്. അതിരൂപതാതലത്തിൽ പ്രാതിനിധ്യ സ്വഭാവമുള്ള അൽമായരുടെ ഒരു മീഡിയാ ടീം രൂപീകരിക്കേണ്ടിയിരിക്കുന്നു.

## ഫൊറോനാതലസംവിധാനം

ഓരോ ഫൊറോനായിലെയും ഇടവകകളിലെ മീഡിയാ പ്രവർത്തനങ്ങൾ കോർഡിനേറ്റ് ചെയ്യുവാൻ 16 ഫൊറോനകൾക്കും ഫൊറോനാ മീഡിയാ ടീം ഡയറക്ടേഴ്സിനെ അഭിവന്ദ്യ പിതാവ് 2020 സെപ്റ്റംബർ 14 ന് ചുമതലപ്പെ ടുത്തുകയുണ്ടായി. അവരുടെ നേതൃത്വത്തിൽ ഫൊറോനാതല സൈബർ സെല്ലുകൾ പ്രവർത്തിക്കുന്നതായിരിക്കും. ഓരോ ഇടവകയിൽ നിന്നുള്ള മീഡിയാ കോർഡിനേറ്റേഴ്സിനെ ഉൾപ്പെടുത്തിയാണ് സൈബർസെൽ രൂപീകരിക്കുന്നത്. സോഷ്യൽമീഡിയായിൽ ജാഗരൂഗരായിരിക്കുന്നതിനും പ്രതിരോധ പ്രവർത്തന ങ്ങൾ സംഘടിപ്പിക്കുന്നതിനും, പ്രതികരണ വീഡിയോസ് തയ്യാറാക്കുന്നതിനും സൈബർസെൽ നേതൃത്വം നൽകും.

## ഇടവകതലം

വികാരിയച്ചന്മാരുടെ നേതൃത്വത്തിൽ മിക്കവാറും എല്ലാ ഇടവകകളിലും അഞ്ചുപേരുടെ ഒരു മീഡിയാ ടീം രൂപീകരിച്ചു കഴിഞ്ഞു. ഓരോ ഇടവകയ്ക്കും ഈ അഞ്ച്പേരിൽ നിന്നും ഒരു മീഡിയാ കോർഡിനേറ്ററിനെ വികാരിയച്ചന്മാർ സെലക്ട്ചെയ്തിട്ടുണ്ട്. ഇടവകതല മീഡിയാ പ്രവർത്തനങ്ങൾ– ഇടവകഫെയ്സ് ബുക്ക് പേജ്, വെബ്സൈറ്റ്, വാട്ട്സാപ്പ് ഗ്രൂപ്പ്, പാരീഷ് രജിസ്ട്രി, അക്കൗണ്ടിംങ്

സോഫ്റ്റ്വെയർ, മൊബൈൽആപ്പ് എന്നിവയുടെ പ്രവർത്തനങ്ങളിൽ വികാരിയച്ചനെ സഹായിക്കുക എന്നുള്ളതാണ് ഇടവക മീഡിയാടീമിന്റെ ലക്ഷ്യം. കൂടാതെ ഇടവകതല പരിപാടികളുടെ digital promotional videos, വിശ്വാസപരിശീലനത്തിനുപകരിക്കുന്ന വീഡിയോ നിർമ്മാണം, ഇടവക മീഡിയാറൂമിനു വേണ്ടിയുള്ള ഡിജിറ്റൽ ലൈബ്രറി, മാധ്യമ അവബോധക്ലാസ്സുകൾ, വീഡിയോ ഷെയറിംങ്, കമന്റ്സ്, ട്രോൾ എന്നിവയും കോർഡിനേറ്റ് ചെയ്യുവാൻ ഇടവകതല മാധ്യമ ടീം സജ്ജമാകേണ്ടതാണ്.

## My Parish - online software

അതിരൂപത സ്വന്തമായി വികസിപ്പിച്ചെടുത്ത software -My Parish എല്ലാ ഇടവകകളിലും ഇൻസ്റ്റാൾ ചെയ്യുവാനുള്ള പദ്ധതി ആരംഭിച്ചു. ഇതിന്റെ ഔപചാരികമായ ലോഞ്ചിംഗ് അഭിവന്ദ്യ പിതാവ് ഒക്ടോബർ 9-ാം തീയതി ചങ്ങനാശ്ശേരി മെത്രാപ്പോലീത്തൻ പള്ളിയിൽവച്ച് നിർവ്വഹിക്കുകയുണ്ടായി. My Parish എന്ന പുതിയ സോഫ്റ്റ്വെയറിൽ മൂന്നു ഭാഗങ്ങളാണുള്ളത്. പാരീഷ് രജിസ്ട്രി, ഓൺലൈൻ അക്കൗണ്ടിംങ് സോഫ്റ്റ്വെയർ, മൊബൈൽആപ്പ്. അതിരൂപതയിലെ അജപാലനപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നിർവ്വഹിക്കുവാൻ ഈ ഓൺലൈൻ സംവിധാനം ഏറെ സഹായകരമാകും. നമ്മുടെ വിശ്വാസികൾക്ക് ആദ്ധ്യാത്മിക ഭൗതികതലങ്ങളിൽ വളരെ ഉണർവ്വ് പകരുന്ന രീതിയിലാണ് പുതിയ സോഫ്റ്റ്വെയർ തയ്യാറാക്കിയിരിക്കുന്നത്. 16 ഫൊറോനകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 20 ഇടവകകളിൽ ഇതിന്റെ പരിശീലനവും ഇൻസ്റ്റലേഷൻ പ്രക്രിയയും ആരംഭിച്ചുകഴിഞ്ഞു. ഒരു വർഷംകൊണ്ട് അതിരൂപതയിലെ എല്ലാ ഇടവകകളിലും പുതിയ സോഫ്റ്റ്വെയർ ഇൻസ്റ്റാൾ ചെയ്യുവാനുള്ള പദ്ധതിയാണ് ഒരുക്കിയിരിക്കുന്നത്. അതിരൂപതാതലത്തിൽ ബഹു. ചെറിയാൻ കാരിക്കൊമ്പിൽ, ബഹു. ജോഫി പുതുപ്പറമ്പിൽ, ബഹു. എബി പുതുശ്ശേരി എന്നീ വൈദികരാണ് ഇതിന് നേതൃത്വം നൽകുന്നത്. ഫൊറോനായിലെ മീഡിയാഡയറക്ടറച്ചന്മാർ അതാത് ഫൊറോനകളിലെ പരിശീലനവും തുടർന്നുള്ള സഹായങ്ങളും നൽകുവാൻ പര്യാപ്തരാണ്. ഈ കാര്യത്തിൽ സംശയങ്ങൾ ഉള്ളവർ ഫൊറോന മീഡിയാ ഡയറക്ടറച്ചനുമായി ബന്ധപ്പെടാവുന്നതുമാണ്. ആവശ്യമെങ്കിൽ അതിരൂപതാ കോർഡിനേറ്ററച്ചനെയും വിളിക്കാവുന്നതാണ്. ആവശ്യമായ പരിശീലനം ഫൊറോനാതലത്തിൽ നൽകുന്നതായിരിക്കും. Ph.no : 94 96 93 56 51

## ഫൊറോന മീഡിയാ ഡയറക്ടേഴ്സ്

1. Alappuzha - Fr. Jacob Naduvilekalam - 9497602662
2. Amboory - Fr. Sebastian Sauriamakal - 9496649951
3. Athirampuzha - Fr. Emmanuel Nelluvely - 9447455622
4. Champakkulam - Fr. Thomas Kochelechamkalam - 8281504979
5. Changanacherry - Fr. Varghese Kiliyattusseril - 9544416627
6. Edathua - Fr. Joseph Bengalvuparampil - 8078508868

7. Kollam - Ayoor - Fr. Joseph Thottackattukalayil - 9495919222
8. Kottayam - Fr. Paul Vengasserry - 9495440849
9. Kudamaloor - Fr. Varghese Moonnuparayil - 8078946285
10. Kurumpanadom - Fr. Joseph Parackal - 9544120698
11. Manimala - Fr. Mathew Marattukalam - 8714451436
12. Nedumkunnam - Fr. Geevarghese Aranjaniyil - 9746587770
13. Pulinkunnu - Fr. Sebastian Mampara - 9496802397
14. Thiruvananthapuram - Fr. Joseph Keeranchira - 9633103106
15. Thrikkodithanam - Fr. Mathew Thadathil - 9400157397
16. Thuruthy - Fr. Gregory Meppuram - 9995155668

മീഡിയാ മിനിസ്ട്രിക്ക് എല്ലാവരുടെയും സഹായസഹകരണങ്ങൾ തേടുന്നു.

അതിരൂപതാ മീഡിയാ ടീമിനുവേണ്ടി

**ഫാ. ആന്റണി ഏത്തയ്ക്കാട്**
മീഡിയാവില്ലേജ്

# സന്ദേശനിലയം
## SANDESANILAYAM

സ്നേഹം നിറഞ്ഞവരെ,

ആരാധനാവത്സരത്തിലെ പള്ളിക്കൂദാശാക്കാലത്തിലേയ്ക്ക് നാം പ്രവേശിച്ചിരിക്കുമ്പോൾ സഭയുടെ മഹത്വീകരണത്തിൽ നമുക്കും പങ്കുകാരാകാം. ഈശോയുടെ മൗതികശരീരമായ സഭയെ പടുത്തുയർത്തുന്ന വിശ്വാസപരിശീലന പ്രവർത്തനങ്ങളിൽ ഭാഗമാകുന്നതിൽ നമുക്ക് സന്തോഷിക്കാം. ഈ ദൈവികശുശ്രൂഷ ഏറെ കാര്യക്ഷമതയോടെ നമുക്ക് നിർവ്വഹിക്കാം. ഒന്നാം ടേം പരീക്ഷ നന്നായി നടത്തുവാൻ സഹായിച്ച എല്ലാവർക്കും നന്ദി. രണ്ടാം ടേം ആരംഭിച്ചിരിക്കുന്ന ഈ അവസരത്തിൽ എല്ലാവിധ ദൈവാനുഗ്രഹങ്ങളും ആശംസിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**നവംബർ**

| | | |
|---|---|---|
| 1 ഞായർ | : | പള്ളിക്കൂദാശക്കാലം, ഒന്നാം ഞായർ, ക്ലാസ്സ് - 23<br>സഭാ സമർപ്പണതിരുനാൾ |
| 5 വ്യാഴം | : | വി. സഖറിയ, വി. ഏലിശ്വാ |
| 8 ഞായർ | : | പള്ളിക്കൂദാശക്കാലം, രണ്ടാം ഞായർ, ക്ലാസ്സ് - 24 |
| 15 ഞായർ | : | പള്ളിക്കൂദാശക്കാലം, മൂന്നാം ഞായർ, ക്ലാസ്സ് - 25 |
| 22 ഞായർ | : | പള്ളിക്കൂദാശക്കാലം, നാലാം ഞായർ, ക്ലാസ്സ് - 26 |
| 29 ശനി | : | ആഘോഷമായ റംശ<br>**മംഗളവാർത്താക്കാലം** |
| 30 ഞായർ | : | മംഗളവാർത്താക്കാലം, ഒന്നാം ഞായർ, ക്ലാസ്സ് - 27 |

**ഡിസംബർ**

| | | |
|---|---|---|
| 1 ചൊവ്വ | : | 25 നോമ്പാരംഭം |
| 3 ബുധൻ | : | വി. ഫ്രാൻസിസ് സേവ്യർ |
| 6 ഞായർ | : | മംഗളവാർത്തക്കാലം, രണ്ടാം ഞായർ, ക്ലാസ്സ് - 28 |
| 8 ചൊവ്വ | : | **പരിശുദ്ധ കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ** |
| 13 ഞായർ | : | മംഗളവാർത്തക്കാലം, മൂന്നാം ഞായർ, ക്ലാസ്സ് - 28 |

### ➲ സ്റ്റാറ്റിസ്റ്റിക്കൽ ഫോമുകൾ

2020–21 വർഷത്തെ സ്റ്റാറ്റിസ്റ്റിക്കൽ ഫോമുകൾ (Primary Data, Teachers Statistics, Students Statistics) സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്.

### ➲ ടീച്ചിംഗ് നോട്ടുകൾ

എല്ലാ അധ്യാപകരും അവരവരുടെ ടീച്ചിംഗ് നോട്ടുകൾ സമകാലിക വിവരങ്ങൾ ചേർത്ത് അപ്പ്ഡേറ്റ് ചെയ്യാൻ പരിശ്രമിക്കേണ്ടതാണ്. ഓൺലൈൻ ക്ലാസ്സുകളുടെ സഹായത്തോടെ മീഡിയാ കിറ്റുകൾ പാഠത്തിനനുസരിച്ച് ക്രമീകരിക്കുവാനും പുതിയ മെറ്റീരിയൽസ് (പത്രവാർത്തകൾ, വീഡിയോകൾ, പവർപോയിന്റ് പ്രസന്റേഷൻസ്) കണ്ടെത്തുവാനും വിശ്വാസപരിശീലകർ പരിശ്രമിക്കുക. മീഡിയാകിറ്റുകൾ സന്ദേശനിലയത്തിൽ നിന്നും ലഭ്യമാണ്.

### ➲ സർവ്വീസ്ബുക്കുകൾ

ഒരു വർഷത്തെ സർവ്വീസും ബി.സി.റ്റി. കോഴ്സ് പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിക്കുകയും സ്റ്റഡിസർക്കിൾ പൂർത്തിയാക്കുകയും ചെയ്യുന്നവർക്കാണ് സർവ്വീസ് ബുക്ക് ആരംഭിക്കുവാൻ സാധിക്കുക. മതാധ്യാപകരുടെ സർവ്വീസ് പരിഗണിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ സർവ്വീസ് ബുക്കിന് പകരമായി മറ്റു സർട്ടിഫിക്കറ്റുകൾ സന്ദേശനിലയത്തിൽ നിന്നും നല്കുന്നതല്ല. സർവ്വീസ് ബുക്കുകൾ സൺഡേസ്കൂളുകളിൽ സുരക്ഷിതമായി സൂക്ഷിക്കേണ്ടതാണ്. നമ്മുടെ സൺഡേസ്കൂളിൽ സേവനം ചെയ്യുന്ന എല്ലാ വിശ്വാസപരിശീലകരും സർവ്വീസ് ബുക്കുകൾ ഈ വർഷം തന്നെ സ്വന്തമാക്കേണ്ടതാണ്.

### ➲ മാർക്ക്ലിസ്റ്റുകൾ

10, 11, 12 ക്ലാസ്സുകളിലെ ടേമിലി മാർക്ക് ലിസ്റ്റുകൾ സന്ദേശനിലയത്തിൽ ഏല്പിക്കേണ്ടതാണ്. ഫോമുകൾ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്യുകയോ ഓഫീസിൽ നിന്ന് വാങ്ങിക്കുകയോ ചെയ്യാവുന്നതാണ്.

## ആദരാഞ്ജലികൾ

തെക്കേക്കര സെന്റ് ജെറോംസ് നസ്രത്ത് സൺഡേസ്കൂൾ വിദ്യാർത്ഥി ആന്റണി ഷിബു ഉമ്പുകാട്ട് വരമ്പിനകത്തിന്റെയും എടത്വാ സെന്റ് ജോർജ്ജ് ഫൊറോനാ സൺഡേസ്കൂൾ മുൻ ഹെഡ്മാസ്റ്ററും അതിരൂപതാ മുൻ പ്രമോട്ടറുമായ ശ്രീ. ജോർജ്ജ് ജോസഫ് കളത്തിൽ കോനാട്ടിന്റെയും കുറുമ്പനാടം സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപിക കുമാരി ജിലു മേരി ആന്റണി കാവുങ്കലിന്റെയും പൊടിപ്പാറ ഹോളി ഫാമിലി സൺഡേസ്കൂൾ അധ്യാപകനും ACC അംഗവുമായ ശ്രീ. റോയി കപ്പാങ്കലിന്റെ മാതാവിന്റെയും വെഞ്ചെമ്പ് സെന്റ് ജോർജ്ജ് സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. ബേബിച്ചൻ പുതുക്കാട്ടിലിന്റെ പിതാവിന്റെയും പറാൽ സെന്റ് ആന്റണീസ് സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ഷിജോ മാറാട്ടുകളത്തിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

സ്നേഹമുള്ളവരെ,

മിഷൻ സൺഡേയോടനുബന്ധിച്ച് നടത്തപ്പെട്ട വെബ്ബിനാറിലും വിവിധ മേഖലകളിലായി നടത്തിയ ഓൺലൈൻ മീറ്റിംഗുകളിലും പങ്കുചേർന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. മിഷൻലീഗിന്റെ തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങളിലും കൂടുതൽ തീക്ഷ്ണതയോടെ പ്രവർത്തിക്കുവാൻ ഈ ഓൺലൈൻ മീറ്റിംഗുകൾ പ്രചോദനമാകട്ടെ എന്നാശംസിക്കുന്നു. വളരെ പ്രത്യേകമായി പാരിഷ് വൊക്കേഷൻ ഡയറക്ടറി,നിങ്ങൾ എത്രയും പെട്ടെന്ന് പൂർത്തിയാക്കി ഏല്പിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. അതുപോലെ ക്രിസ്തുമസിന് ഒരുക്കമായി ഉണ്ണീശോയ്ക്ക് ഒരു പൂന്തോട്ടം, ഉണ്ണിയെത്തേടി എന്ന പ്രോഗ്രാമിലും കുട്ടികളുടെ വലിയ പങ്കാളിത്തം ഉറപ്പുവരുത്തുവാനും ശ്രദ്ധിക്കണമേ.

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**നവംബർ**

1 ഞായർ : സഭാ സമർപ്പണ തിരുനാൾ

5 വ്യാഴം : വി. സഖറിയ, വി. ഏലിശ്വാ

7 ശനി : ഈശോയോടൊത്ത് ഒരു സായാഹ്നം

22 ഞായർ : മിശിഹായുടെ രാജത്വതിരുനാൾ

**ഡിസംബർ**

1 ചൊവ്വ : 25 നോമ്പാരംഭം, ക്രിസ്തുമസ് ഒരുക്കം, ഉണ്ണിയെത്തേടി

3 വ്യാഴം : വി. ഫ്രാൻസിസ് സേവ്യർ, പ്രേഷിതർക്കുവേണ്ടി പ്രാർത്ഥിക്കാം.

8 ചൊവ്വ : പരി.കന്യകാമറിയത്തിന്റെ അമലോത്ഭവതിരുനാൾ

### ഈശോയോടൊത്ത് ഒരു സായാഹ്നം

നവംബർ 7-ാം തീയതി ശനിയാഴ്ച വൈകിട്ട് 7.00 മണിക്ക് നടത്തുന്ന Zoom മീറ്റിംഗിൽ അതിരൂപതാ എക്സിക്യൂട്ടീവിലെയും അതിരൂപതാ ഓർഗനൈസിംഗ് സമിതിയിലെയും അംഗങ്ങൾ പങ്കെടുക്കേണ്ടതാണ്.

### കയ്യെഴുത്ത് മാസിക

**വിഷയം**

1. കോവിഡ്കാല കുടുംബബന്ധങ്ങൾ

2. കോവിഡ്കാല സഭയുടെ സാമൂഹിക പ്രവർത്തനങ്ങൾ
3. കോവിഡ്കാല പ്രകൃതി സംരക്ഷണ പ്രസക്തി
4. കോവിഡ്കാല വിശ്വാസപരിശീലനം
5. കോവിഡ്കാല മിഷൻലീഗ് പ്രവർത്തനങ്ങൾ
6. Icons of Holiness വിശുദ്ധർ

**നിബന്ധനകൾ**

മുകളിൽ പറഞ്ഞ വിഷയങ്ങളെ ആസ്പദമാക്കി ലേഖനങ്ങൾ, അഭിമുഖങ്ങൾ, ചിത്രങ്ങൾ, ചിത്രകഥകൾ, കവിതകൾ, കാർട്ടൂണുകൾ, അനുഭവങ്ങൾ, കഥകൾ എന്നിവ ഉൾപ്പെടുത്താവുന്നതാണ്.

☞ രചനകളെല്ലാം കുട്ടികളുടെ സ്വന്തമായിരിക്കണം.
☞ കവർപേജ് ഉൾപ്പെടെ 80 പേജ് കവിയാൻ പാടില്ല.
☞ A4 സൈസ് വെള്ള പേപ്പർ മാത്രമേ ഉപയോഗിക്കാവൂ.
☞ വിഷയവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ മാത്രം വെട്ടി ഒട്ടിക്കുക.
☞ ലേഖനങ്ങൾ, അഭിമുഖങ്ങൾ, കവിതകൾ, കാർട്ടൂണുകൾ, അനുഭവങ്ങൾ, കഥകൾ ഉൾപ്പെടെയുള്ള മറ്റ് രചനകൾ പൂർണ്ണമായും കുട്ടികളുടേതായിരിക്കണം.
☞ ജഡ്ജസിന്റെ തീരുമാനം അന്തിമമായിരിക്കും.

## ഉണ്ണീശോയ്ക്കൊരു പൂന്തോട്ടം

കുട്ടികൾക്ക് സ്വന്തം വീടുകളിൽ പൂന്തോട്ടം നിർമ്മിക്കാനും അവയിൽ നിന്ന് ലഭിക്കുന്ന പൂക്കളും ഇലകളുംകൊണ്ട് ദൈവാലയത്തിലെ അൾത്താരകൾ, ഭവനങ്ങളിലെ പ്രാർത്ഥനാമുറികൾ എന്നിവ അലങ്കരിക്കുവാനും കുട്ടികളെ പരിശീലിപ്പിക്കുകയാണ് ഇതിന്റെ ലക്ഷ്യം. പൂന്തോട്ടങ്ങളുടെ ഡിജിറ്റൽ കൊളാഷുകളും റിപ്പോർട്ടുകളും ശാഖയിൽ എത്തിക്കേണ്ടതാണ്.

ഒക്ടോബർ 1 മുതൽ ഡിസംബർ 28 വരെയാണ് മത്സരകാലയളവ്. Garden of Angels, Garden of unborn babies, Garden of innocent child, Garden of child martyers എന്നിങ്ങനെ പൂന്തോട്ടങ്ങൾക്ക് പേരുകൾ നല്കാം. പൂന്തോട്ടത്തിനു നല്കുന്ന പേരിന്റെ അർത്ഥവും പ്രാധാന്യവും ചരിത്രവും കുട്ടികൾ മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഡിസംബർ 28-ാം തീയതി കുഞ്ഞിപ്പൈതങ്ങളുടെ തിരുനാൾദിനം കുട്ടികൾ കൊണ്ടുവരുന്ന പൂക്കൾകൊണ്ട് ദൈവാലയത്തിലെ അൾത്താരയോ, സ്വന്തം കുടുംബത്തിലെ പ്രാർത്ഥനാ മുറിയോ അലങ്കരിക്കാവുന്നതാണ്. ജമന്തി, സീനിയാ, സൂര്യകാന്തി, ചെമ്പരത്തി, ബൊഗൈൻവില്ല സാധാരണ റോസ്, ഇലച്ചെടികൾ തുടങ്ങിയ നാടൻ ചെടികളും പൂക്കളുമാണ് പൂന്തോട്ടത്തിൽ വളർത്തേണ്ടത്. (അനാവശ്യ പണച്ചിലവുകൾ ഒഴിവാക്കേണ്ടതാണ്). ഗ്രോബാഗുകളിലോ, ചാക്കുകളിലോ, നിലത്തോ ചെടികൾ നടാവുന്നതാണ്. സൺഡേസ്കൂളിൽ 5 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്നവർക്കാണ് മത്സരത്തിൽ പങ്കെടുക്കുവാൻ അനുവാദം.

ഡിജിറ്റൽ കൊളാഷുകൾ നിർമ്മിക്കുമ്പോൾ ചെടികൾ നടുന്നതിന്റെയും വളർച്ചയുടെ വിവിധ ഘട്ടങ്ങളിൽ പരിപാലിക്കുന്നതിന്റെയും ചെടികൾ പുഷ്പി

ക്കുന്നതിന്റെയും മറ്റും ഫോട്ടോകൾ ഉൾപ്പെടുത്തേണ്ടതാണ്. കൂടാതെ, പൂന്തോട്ടത്തിന്റെ പേരിനെക്കുറിച്ച് ചുരുക്കി വിവരിക്കേണ്ടതാണ്. കുട്ടികളുടെ നേതൃത്വത്തിൽതന്നെ ഈ പ്രവർത്തനങ്ങൾ നടത്തുവാൻ ശ്രദ്ധിക്കുമല്ലോ.

പൂന്തോട്ടത്തിന്റെ പേരുകളും വിവരണവും പൂന്തോട്ടത്തിന്റെ ക്രമീകരണങ്ങളും ദൈവാലയവും വീടുകളും പൂക്കൾവച്ച് അലങ്കരിച്ചതിലുള്ള കുട്ടികളുടെ പങ്കാളിത്തവും വിലയിരുത്തലിൽ പരിഗണിക്കേണ്ടതാണ്.

## ഉണ്ണിയെത്തേടി

ക്രിസ്തുമസ്സിനൊരുക്കമായി ഉണ്ണീശോയെ വരവേല്ക്കാൻ കുഞ്ഞുമിഷനറിമാർ സുകൃത കൂട്ടുകളാൽ പുൽക്കൂട് നിർമ്മിക്കുന്ന പദ്ധതിയാണിത്. ഇളം മനസ്സുകളുടെ ക്രിയാത്മകതയെയും നന്മകളെയും ദോഷകരമായി ബാധിക്കുന്ന ഒന്നാണ് മീഡിയാ അഡിക്ഷൻ. 25 ദിനങ്ങളിലായി സുകൃതവഴികളിലൂടെ നാം പുൽക്കൂട്ടിലേയ്ക്ക് ഉണ്ണിയെത്തേടി യാത്രചെയ്യുമ്പോൾ നവമാധ്യമങ്ങളെ വിശുദ്ധമായി കൈകാര്യം ചെയ്യുവാൻ പരിശീലിക്കാം (വിശദവിവരങ്ങൾ ഉടൻ അറിയിക്കുന്നതായിരിക്കും).

## പാരിഷ് ദൈവവിളി ഡയറക്ടറി

ഏറ്റവും കൂടുതൽ ദൈവവിളികൾ സഭയ്ക്കു സമ്മാനിച്ച അത്മായ സംഘടനയാണ് ചെറുപുഷ്പ മിഷൻലീഗ്. നമ്മുടെ ഇടവകയിൽ നിന്നും ദൈവവിളി സ്വീകരിച്ചവർ എത്രപേർ ഉണ്ട് എന്ന് നമുക്കറിയാമോ? ഈ മിഷൻ ഞായറാഴ്ച 50 ദിവസങ്ങൾ കൊണ്ട് പൂർത്തിയാകേണ്ട ഇടവക ദൈവവിളി ഡയറക്ടറിയുടെ പ്രവർത്തനങ്ങൾ നമ്മൾ ആരംഭിക്കുകയാണ്. നമ്മുടെ ഇടവകയിൽ വൈദീകസന്യാസ ദൈവവിളികൾ സ്വീകരിച്ച് രൂപതയ്ക്കകത്തും, രൂപതയ്ക്കുപുറത്തും കൂടാതെ മിഷൻ പ്രദേശങ്ങളിലുമായി സേവനം ചെയ്യുന്നവരുടെ പേരുവിവരങ്ങളും ഫോട്ടോയുമടക്കം ശേഖരിച്ച് ഒരു ഡയറക്ടറി തയ്യാറാക്കാം.

താഴെപ്പറയുന്ന വിവരങ്ങൾ നിർബന്ധമായും ഡയറക്ടറിയിലുണ്ടാവണം.

1. പേര് :
2. വീട്ടുപേര് :
3. അംഗമായിരിക്കുന്ന സന്യാസ സമൂഹം / രൂപത :
4. സേവനം ചെയ്യുന്ന സ്ഥലം :
5. ഇപ്പോഴത്തെ മേൽവിലാസം, പിൻകോഡ് :
6. ഫോൺ നമ്പർ :
7. വാട്സ് ആപ്പ് നമ്പർ :
8. ഇ മെയിൽ ഐഡി :
9. ഫീസ്റ്റ് ഡേ :
10. പൗരോഹിത്യ സ്വീകരണദിനം / വർഷം, :
    സഭാവസ്ത്ര സ്വീകരണദിനം / വർഷം

*ശേഷം പേജ് 43 ൽ.....»*

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

കുടുംബക്കൂട്ടായ്മാ ലീഡേഴ്സിന്റെ ഫൊറോനാതല സംഗമമായ കെരിഗ്മ ഇതിനോടകം 16 ഫൊറോനകളിലും ഓൺലൈനായി വിജയകരമായി നടന്നു. 16 സംഗമങ്ങളും ഉദ്ഘാടനം ചെയ്യുകയും ആമുഖ പ്രഭാഷണത്തിലൂടെ ആനുകാലിക പ്രസക്തമായ വിഷയങ്ങളിലേയ്ക്ക് കൂട്ടായ്മാ ലീഡേഴ്സിന്റെ ശ്രദ്ധ ക്ഷണിക്കുകയും ചെയ്ത അഭി. തോമസ് തറയിൽ പിതാവിനും സമുദായ പുനരുദ്ധാരണത്തിൽ കുടുംബക്കൂട്ടായ്മകളുടെ പങ്ക് എന്ന വിഷയത്തെ ആസ്പദ മാക്കി പ്രബോധനം നൽകിയ ബഹു. ജെയിംസ് കൊക്കാവയലിലച്ചനും എല്ലാക്രമീകരണങ്ങൾക്കും എല്ലാവിധ സഹായസഹകരണങ്ങളും നൽകിയ ബഹു. അച്ചന്മാർക്കും ഓൺലൈനായി കെരിഗ്മ സംഘടിപ്പിക്കുവാൻ ആവശ്യ മായ സാങ്കേതിക സഹായങ്ങൾ ചെയ്തു തന്ന അതിരൂപത യുവദീപ്തി പ്രസ്ഥാന ത്തിന്റെ ഡയറക്ടർ റവ.ഫാ. ജേക്കബ്ബ് ചക്കാത്തറയച്ചനും ശ്രീ ഷിജോ മാത്യു എടയാടിയ്ക്കും സാന്നിദ്ധ്യംകൊണ്ട് സമ്മേളനത്തെ ധന്യമാക്കിയ ആനിമേ റ്റേഴ്സിനും കൂട്ടായ്മാ ലീഡേഴ്സിനും സ്നേഹപൂർവ്വം നന്ദിയർപ്പിക്കുന്നു.

ബൈബിൾ മാസാചരണത്തിന്റെ ഭാഗമായി ബൈബിൾ അപ്പോസ്തലേറ്റ് - കുടുംബ കൂട്ടായ്മ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ മുഴുവൻ ഇടവകകളും ഇടയനോടൊത്ത് വചനാധിഷ്ഠിത ആത്മീയ ശുശ്രൂഷയായ വചന തിരുമണിക്കൂർ നവംബർ 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മുതൽ 8 വരെ ആചരിക്കുന്നു. ഇതിന്റെ വിജയത്തിനായി എല്ലാവരുടെയും പ്രാർത്ഥനയും സഹായ സഹകരണങ്ങളും ഞാൻ അഭ്യർത്ഥിക്കുന്നു.

ലോഗോസ് ക്വിസ് മത്സരത്തിന്റെ രജിസ്ട്രേഷൻ 2021 ജനു. 31 വരെ നീട്ടി യിട്ടുണ്ട്. 2021 മാർച്ച് 21 നാണ് അതിരൂപതാ മത്സരം നടക്കുന്നത്. ഇനിയും രജി സ്റ്റർ ചെയ്യുവാനുള്ളവർ ചെയ്യേണ്ടതാണ്.

കഴിഞ്ഞ വർഷത്തേതുപോലെ ലോഗോസ് പഠനത്തിനു സഹായിക്കുന്നതിനായി മൊബൈൽ ആപ്പ് തയ്യാറായിട്ടുണ്ട്. പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്ത് ഉപയോഗിക്കാവുന്നതാണ്. എല്ലാ സഹായ സഹകരണങ്ങൾക്കും നന്ദി.

പ്രാർത്ഥനയോടെ

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ - പ്രവർത്തനങ്ങൾ

**കെരിഗ്മ (കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോനാതല സംഗമം)**

നമ്മുടെ അതിരൂപതയിലെ 16 ഫൊറോനകളിലും ഓൺലൈനായി നടത്ത പ്പെട്ടു. അഭി. തോമസ് തറയിൽ പിതാവ് ആമുഖ സന്ദേശം നൽകുകയും ബഹു. ജെയിംസ് കൊക്കാവയലിലച്ചൻ സമുദായ പുനരുദ്ധാരണത്തിൽ കുടുംബക്കൂട്ടാ

യ്മകളുടെ പങ്ക് എന്ന വിഷയത്തെ ആസ്പദമാക്കി പ്രബോധനം നൽകുക യുമുണ്ടായി. ഡയറക്ടർ റവ. ഫാ. ജെന്നി കായംകുളത്തുശേരി പരിപാടികൾക്ക് നേതൃത്വം നൽകി.

**ഒക്ടോബർ മാസത്തിൽ കെരിഗ്മ നടന്ന ഫൊറോനകളും തീയതികളും**

കോട്ടയം – ഒക്ടോബർ 1

കുടമാളൂർ– ഒക്ടോബർ 5

കുറുമ്പനാടം – ഒക്ടോബർ 7

മണിമല – ഒക്ടോബർ 8

നെടുംകുന്നം– ഒക്ടോബർ 12

പുളിങ്കുന്ന് – ഒക്ടോബർ 14

തൃക്കൊടിത്താനം, തുരുത്തി – ഒക്ടോബർ 19

തിരുവനന്തപുരം – ഒക്ടോബർ 21

### പ്രാർത്ഥനാ കൂട്ടായ്മ

അതിരൂപതാ പ്രവർത്തകരുടെ ഒക്ടോബർ മാസത്തെ പ്രാർത്ഥനാ കൂട്ടായ്മ (ആത്മീയ സംഗമം) ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ ഓൺലൈനായി ഒക് ടോബർ 8 ന് നടത്തുകയുണ്ടായി. കോവിഡ്– 19 മഹാമാരിയിൽനിന്നും ലോകത്തെ രക്ഷിക്കുക എന്നതായിരുന്നു നിയോഗം.

### ഓൺലൈൻ ലോഗോസ് മാതൃകാ ക്വിസ് നടത്തി

2020 ഒക്. 17 ന് ലോഗോസ് മാതൃകാ ക്വിസ് ഓൺലൈനായി നടത്തുക യുണ്ടായി. 468 പേർ വിവിധ ഇടവകകളിൽ നിന്നായി പങ്കെടുത്തു. പങ്കെ ടുത്തവർക്കെല്ലാം അഭിനന്ദനങ്ങൾ.

## അറിയിപ്പുകൾ

### ഓൺലൈൻ ലോഗോസ് മാതൃകാ ക്വിസ്

2020 നവംബർ മാസത്തെ ലോഗോസ് മാതൃകാ ക്വിസ് 21 ശനിയാഴ്ച 8.15 p.m.ന് നടക്കുന്നതാണ്. വചനഭാഗം പ്രഭാ. 18 – 22

### ബസാലേൽ കൺവൻഷൻ

ഇടവക കേന്ദ്രീകൃതമായി നാം നടത്തിവന്നിരുന്ന ബസാലേൽ കൺവൻഷൻ ഓൺലൈനായി നടത്തുവാൻ താൽപ്പര്യമുള്ള ഇടവകകൾക്കായി ക്രമീകരണം ചെയ്യുന്നതാണ്. നവംബർ, ഡിസംബർ മാസങ്ങളിൽ നടത്താനാഗ്രഹിക്കുന്ന ഇടവകകൾ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. – 9447776920, 7306208356

### ഹോം മിഷൻ – ഓൺലൈൻ പ്രബോധന പരിപാടി

2020 നവംബർ 7 ശനിയാഴ്ച രാവിലെ 10 മുതൽ 11.15 വരെ ഹോം മിഷൻ രംഗത്ത് പ്രവർത്തിച്ചുവരുന്ന ബഹു. സിസ്റ്റേഴ്സിനായി ഒരു സൂം മീറ്റിംഗ് ക്രമീകരിക്കുകയാണ്. സൂം ആപ്പ് വഴി കോൺവെന്റുകളിൽ ഇരുന്നുകൊണ്ടുതന്നെ

ഇതിൽ പങ്കെടുക്കാവുന്നതാണ്. പ്രസ്തുത മീറ്റിംഗിന്റെ ലിങ്ക് 06-11-2020 വെള്ളി യാഴ്ച നിങ്ങൾക്കു നൽകുന്നതാണ്. ഹോം മിഷൻ രംഗത്തു പ്രവർത്തിക്കുന്ന എല്ലാവരും ഇതിൽ പങ്കെടുക്കണമെന്ന് സ്നേഹപൂർവ്വം അറിയിക്കുന്നു.

## ചങ്ങനാശേരി അതിരൂപതയിൽ വചന തിരുമണിക്കൂർ ആചരണം

ചങ്ങനാശേരി അതിരൂപത ബൈബിൾ അപ്പോസ്തലേറ്റ്-കുടുംബകൂട്ടായ്മ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ അതിരൂപതയിലെ മുഴുവൻ ഇടവകകളേയും പങ്കെടുപ്പിച്ചുകൊണ്ട് വചന തിരുമണിക്കൂർ നവംബർ 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 7 മുതൽ 8 വരെ ആചരിക്കുന്നു. കോവിഡ് 19 എന്ന മഹാമാരിയിൽ നിന്നും ദൈവവചനത്തിന്റെ ശക്തിയാൽ എല്ലാവരും മോചനം നേടുന്നതിനാ യാണ് ഇത് സംഘടിപ്പിക്കുന്നത്. ഉൽപത്തി മുതൽ വെളിപാടുവരെയുള്ള വിശുദ്ധ ബൈബിളിലെ പുസ്തകങ്ങൾ 365 പേർ ചേർന്ന് ഒരു മണിക്കൂർകൊണ്ട് വായിക്കുന്നു. അതിരൂപത മെത്രാപ്പോലിത്ത മാർ ജോസഫ് പെരുന്തോട്ടം ഈ വചന മണിക്കൂർ ബൈബിൾ പാരായണം ചെയ്തുകൊണ്ട് ഉദ്ഘാടനം ചെയ്യും. അഭിവന്ദ്യ പിതാക്കന്മാർ, ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരി പെ. ബഹു. ഡോ. തോമസ് പാടിയത്ത്, പെ. ബഹു. ഫൊറോനാ വികാരിമാർ, ബൈബിൾ അപ്പോസ്തലേറ്റ് ഫൊറോനാ ഡയറക്ടേഴ്സ്, ആനിമേറ്റേഴ്സ്, കൂട്ടായ്മ ലീഡേഴ്സ് എന്നിവർ ഇതിൽ പങ്കെടുക്കുന്നതാണ്. ഓരോ ഇടവക യേയും പ്രതിനിധീകരിച്ച് ബഹു. വികാരിയച്ചൻ ചുമതലപ്പെടുത്തുന്നയാൾ തങ്ങൾക്കു ലഭിക്കുന്ന വചനഭാഗം വായിക്കേണ്ടതും അതിന്റെ ഒരു ഫോട്ടോ എടുത്ത് ഓഫീസിലേയ്ക്ക് 7306208356 എന്ന നമ്പരിലേയ്ക്ക് വാട്ട്സാപ്പ് ചെയ്യേണ്ടതുമാണ്. ഈ വചന സപര്യയിൽ ആത്മീയമായി ഒരുങ്ങി പങ്കെ ടുക്കണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

## നന്ദിയുടെ ഒരു വാക്ക്

കഴിഞ്ഞ ഏതാനും വർഷങ്ങളായി കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോ സ്തലേറ്റ് വിഭാഗങ്ങളുടെ ഡയറക്ടർ എന്ന നിലയിൽ വിവിധ ഫൊറോനകളിൽ സേവനം അനുഷ്ഠിച്ചിരുന്ന റവ. ഫാ. വർഗ്ഗീസ് കായിത്തറ, റവ. ഫാ. ജെയിംസ് ചുണ്ടക്കാട്ടിൽ, റവ. ഫാ. ജോസഫ് ചൂളപ്പറമ്പിൽ, റവ. ഫാ. തോമസ് പായി ക്കാട്ടുമറ്റത്തിൽ, റവ. ഫാ. വർഗ്ഗീസ് പഴയമഠം, റവ. ഫാ. സോണി പള്ളിച്ചിറ, റവ. ഫാ. റ്റിന്റു തൈച്ചേരി, റവ. ഫാ. ആന്റണി ചിറയ്ക്കൽ മണവാളൻ എം.സി.ബി.എസ്, റവ. ഫാ. വിവേക് കളരിത്തറ എം.സി.ബി.എസ്, റവ. ഫാ. അഗസ്റ്റിൻ പൊങ്ങ നാംതടം, അന്തോനി മത്തായി കത്തനാർ സി.എം.ഐ, റവ. ഫാ. മാത്യു നടയ്ക്കൽ, റവ. ഫാ. ജോൺസൺ ചാലയ്ക്കൽ, റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ, റവ. ഫാ. റോബിൻ വേങ്ങാശേരി, റവ. ഫാ. ജോസഫ് മണ്ണാത്തറ, റവ. ഫാ. ആന്റണി മുട്ടം, റവ. ഫാ. ചാക്കോ പാലയ്ക്കശേരിൽ, റവ. ഫാ. ഐബിൻ പകലോമറ്റം, റവ. ഫാ. ജോസഫ് കുറിയന്നൂർപറമ്പിൽ, റവ. ഫാ. ജെയിംസ് അത്തിക്കളം, റവ. ഫാ. മാത്യു കളത്തിൽ എന്നി ബഹു. വൈദികരെ നന്ദിയോടെ ഓർക്കുകയും പ്രാർ ത്ഥനകൾ നേരുകയും ചെയ്യുന്നു.

ഫൊറോന ഡയറക്ടേഴ്സായി സേവനം തുടർന്നുകൊണ്ടിരിക്കുന്ന റവ. ഫാ. ജോസ് വരിക്കപ്പള്ളി, റവ. ഫാ. ജോഷി പുത്തൻപുരയ്ക്കൽ, റവ. ഫാ. അനീഷ്

കുടിലിൽ, റവ. ഫാ. വർക്കി മണവത്ത് എന്നീ ബഹു. വൈദികരെ നന്ദിയോടെ ഓർക്കുന്നു.

## ഹൃദയപൂർവ്വം സ്വാഗതം

കുടുംബക്കൂട്ടായ്മാ, ബൈബിൾ അപ്പോസ്തലേറ്റ് വിഭാഗങ്ങളുടെ പുതിയ ഡയറക്ടേഴ്സായി വിവിധ ഫൊറോനകളിൽ നിയമിതരായിരിക്കുന്ന റവ. ഫാ. ജോസഫ് ഇളംതുരുത്തേൽ, റവ. ഫാ. ബിബിൻ കൊച്ചീത്ര, റവ. ഫാ. അലൻ വെട്ടുകുഴി, റവ. ഫാ. ജോസഫ് പറത്താനം, റവ. ഫാ. ജെനി ഇരുപതിൽ, റവ. ഫാ. ആന്റണി കക്കാപറമ്പിൽ, റവ. ഫാ. ജോമോൻ കടപ്രാകുന്നേൽ, റവ. ഫാ. മാത്യു മാറാട്ടുകളം, റവ. ഫാ. ആകാശ് കീരംചിറ, റവ. ഫാ. റ്റിഞ്ചു പറപ്പള്ളി, റവ. ഫാ. ഗ്രിഗറി മേപ്പുറം എന്നീ ബഹു. വൈദികർക്ക് ഹൃദയം നിറഞ്ഞ സ്വാഗതം ആശംസിക്കുന്നു.

---

*ചെറുപുഷ്പ മിഷൻലീഗ് തുടർച്ച.....»*

തയ്യാറാക്കുന്ന പാരീഷ് ദൈവവിളി ഡയറക്ടറി നവംബർ 30 ന് മുൻപായി അതിരൂപതാ ഓഫീസിലോ മേഖലാ ഭാരവാഹികളെയോ ഏൽപ്പിക്കേണ്ടതാണ്. സമർപ്പിക്കുന്ന ഡയറക്ടറികൾ തിരിച്ചു നല്കുന്നതാണ്.

## ഡിജിറ്റൽ മീറ്റ്

ഡിജിറ്റൽ മാർഗ്ഗരേഖയിൽ കൊടുത്തിരിക്കുന്നതുപോലെ ഡിജിറ്റൽ മീറ്റിംഗ് എന്ന പേരിൽ എല്ലാ മാസവും ശാഖകളിൽ ഇടവകയുടെ സാഹചര്യമനുസരിച്ച് ശാഖാതല ഓൺലൈൻ മീറ്റിംഗ്, ബത്‌ലഹേം മീറ്റിംഗ് എന്നിവ നടത്തുവാൻ നേതൃത്വം കൊടുക്കുന്നവരും ഭാരവാഹികളും ശ്രദ്ധിക്കുക.

## ജീവിതദർശൻ

അഭിവന്ദ്യ പിതാക്കന്മാരുടെ നിർദ്ദേശപ്രകാരം ജീവിതദർശൻ എന്ന പേരിൽ ദൈവവിളിയോട് ആഭിമുഖ്യമുള്ള 8 മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ വിവരശേഖരണം നടത്തുന്ന കാര്യം അറിഞ്ഞിരിക്കുമല്ലോ. ഈ വിവരശേഖരണം നടത്തുന്നത് ഗൂഗിൾ ഫോം വഴിയാണ്. ഇനിയും ഇതു നല്കാനുള്ള ശാഖകൾ നവംബർ 15 ന് മുമ്പ് നല്കാൻ ശ്രദ്ധിക്കണം.

പ്രിയ കുടുംബപ്രേഷിതരേ,

സുഖമെന്ന് വിശ്വസിക്കുന്നു. അതിനായി പ്രാർത്ഥിക്കുന്നു. സാമൂഹികമായും രാഷ്ട്രീയമായും സാമുദായികമായും ഭൗതീകമായും ആത്മീയമായും നിരവധി പ്രശ്നങ്ങളിലൂടെ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിത്. ലോക് ഡൗൺ കാലഘട്ടത്തിൽ 173 കുട്ടികൾ കേരളത്തിൽ ആത്മഹത്യ ചെയ്തുവെന്ന വാർത്ത ഏറെ ഞെട്ടലോടെയാണ് നാം കേട്ടത്. നിരാശ, ഒറ്റപ്പെടൽ, കുടുംബവഴക്കുകൾ, ഇന്റർനെറ്റിന്റെ അമിത ഉപയോഗം, പ്രണയപരാജയം എന്നിവയാണ് അതിനുള്ള പ്രധാന കാരണങ്ങൾ എന്ന് പഠനങ്ങൾ തെളിയിക്കുന്നു. അവരിൽ ഭൂരിഭാഗം കുട്ടികളും പഠനത്തിൽ മികവു പുലർത്തിയിരുന്നവരാണ്. ഇതിൽ 42% കുട്ടികൾ ഹയർസെക്കണ്ടറി വിദ്യാർത്ഥികളാണ്. കുടുംബപ്രേഷിതർ വളരെ ശ്രദ്ധ നല്കേണ്ട ഒരു മേഖലയാണിത്. ആത്മഹത്യയാണ് എല്ലാത്തിനും പരിഹാരം എന്ന് ചിന്തിക്കുന്നത് തീർത്തും മൗഢ്യമാണ്. കൂടാതെ വിഷാദരോഗത്തിനടിമപ്പെടുന്ന കുട്ടികളുടെ എണ്ണവും അപകടമാംവിധം കൂടിക്കൊണ്ടിരിക്കുന്നു. പ്രത്യാശയും പ്രതീക്ഷയും ദൈവവിശ്വാസവും വളരെയേറെ രൂഢമൂലമാവണം. കുട്ടികളുടെ ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിനായി Mentor@home എന്ന പ്രോഗ്രാം ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്നു. കൂടുതൽ വിവരങ്ങൾ താഴെ ചേർത്തിട്ടുണ്ട്. എല്ലാവരും സഹകരിക്കണമെന്ന ഭ്യർത്ഥിക്കുന്നു.

കുട്ടികൾ മാത്രമല്ല നിരവധി യുവജനങ്ങളും മദ്ധ്യവയസ്കരും ജീവിതത്തോടുള്ള വിരക്തിയിലേക്കും ആത്മഹത്യയിലേക്കും നീങ്ങിക്കൊണ്ടിരിക്കുന്നത് നാം കണ്ടില്ലെന്ന് നടിക്കരുത്. അവർക്കുവേണ്ട കൗൺസിലിംഗ് നല്കാനും അവർക്കുവേണ്ടി പ്രാർത്ഥിക്കാനും അതുവഴി ദൈവസ്നേഹത്തിന്റെയും ദൈവപരിപാലനയുടെയും അനുഭവം നല്കാനും നമുക്കൊത്തൊരുമയോടെ ശ്രമിക്കാം. കൗൺസിലിംഗ് സൗകര്യങ്ങൾ ആലപ്പുഴ പുന്നപ്ര ദനഹാലയായിലും, കുന്നന്താനം സെഹിയോൻ ധ്യാനകേന്ദ്രത്തിലും, തുരുത്തി കാനായിലും, ചങ്ങനാശേരി ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിലും ഉണ്ട്. ഫോൺവഴി ബന്ധപ്പെട്ട് സമയം ക്രമീകരിച്ച് കൗൺസിലിംഗ് നടത്തുന്നത് ഉചിതമായിരിക്കും.

കുടുംബപ്രേഷിത പ്രവർത്തനങ്ങൾ പച്ചയായ യാഥാർത്ഥ്യങ്ങളെ അഭിമുഖീകരിക്കുന്നതായിരിക്കണം. നമുക്കെല്ലാവർക്കും ഒത്തൊരുമയോടെ പ്രാർത്ഥിക്കാം, പ്രവർത്തിക്കാം, ദൈവാനുഗ്രഹം നേർന്നുകൊണ്ട്

ഈശോയിൽ സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. സോണി പള്ളിച്ചിറ**
*(തെക്കൻമേഖല കോ-ഓർഡിനേറ്റർ)*

# റിപ്പോർട്ട്

## 1. കലോത്സവം 2020

### മത്സര ഇനങ്ങൾ

### A. പ്രസംഗം

☞45 വയസ്സിന് താഴെ
☞45 വയസ്സു മുതൽ 60 വയസ്സ് വരെ
☞60 തിന് മുകളിൽ
☞ സമയം – 4 മിനിറ്റ്
☞ മാതൃ–പിതൃവേദി വെവ്വേറെ
☞ വീഡിയോയിൽ എഡിറ്റിംഗ് പാടില്ല

**വിഷയം : കോവിഡ് കാലത്തെ കുടുംബജീവിതവും ആദ്ധ്യാത്മികതയും**

*(റഫ: കുടുംബജ്യോതിസ് ജൂൺ - ജൂലൈ ലക്കത്തിലെ റവ. ഫാ. ജോസഫ് പുത്തൻപുര OFM. Cap. ന്റെ ലേഖനം)*

### B. സംഗീതം

☞ 45 വയസ്സിനു താഴെ
☞ 45 വയസ്സിന് മുകളിൽ
☞ 60 വയസ്സിന് മുകളിൽ
☞ ക്രിസ്തീയ ഭക്തിഗാനമായിരിക്കണം
☞ സമയം 3 മിനിറ്റ്
☞ പശ്ചാത്തലസംഗീതം പാടില്ല
☞ വീഡിയോയിൽ എഡിറ്റിംഗ് പാടില്ല

### C. നസ്രാണി തറവാട്

☞ഒരേ കുടുംബത്തിലെ അംഗങ്ങൾക്കു മാത്രം
☞സമയം 5 മിനിറ്റ്

*നസ്രാണി പാരമ്പര്യം, പ്രാർത്ഥന, ആചാരാനുഷ്ഠാനം, വേഷവിധാനം എന്നിവ ഉൾക്കൊള്ളുന്ന ദൃശ്യാവിഷ്കരണ വീഡിയോ. കുടുംബനാഥൻ, കുടുംബനാഥ, കുട്ടികൾ എന്നിവർ പങ്കെടുക്കണം. വിവാഹവുമായി ബന്ധപ്പെട്ട ആചാരങ്ങളാണ് നടത്തേണ്ടത്. താഴെ കാണുന്ന ആചാരങ്ങളിൽ ഏതെങ്കിലും രണ്ട് ചടങ്ങുകൾ ഉൾച്ചേർത്ത് സ്ക്രിപ്റ്റ് തയ്യാറാക്കി അവതരിപ്പിക്കണം.*

### വിവാഹ അനുബന്ധ കർമ്മങ്ങൾ

1. **മൈലാഞ്ചിയിടൽ** – വിവാഹ തലേന്ന് സന്ധ്യയ്ക്ക് പെണ്ണിന്റെ വീട്ടിൽ വച്ച് നടത്തപ്പെടുന്ന ചടങ്ങ് – ആദിമാതാവായ ഹവ്വാ പാദം കൊണ്ട് നടന്ന് നന്മതിന്മയുടെ വൃക്ഷത്തെ സമീപിച്ച് വിലക്കപ്പെട്ട കനി കൈകൊണ്ട് പറിച്ച് ഭക്ഷിച്ച് ദൈവകല്പന ലംഘിച്ചതുവഴിയായി പറുദീസ നഷ്ടപ്പെട്ടു. അവിടെവച്ച് പച്ചിലകൊണ്ട് നാണം മറച്ചു – ഇത് അനുസ്മരിച്ചുകൊണ്ട് കല്യാണപ്പെണ്ണിന്റെ കരങ്ങളും പാദങ്ങളും മൈലാഞ്ചിക്കൂട്ട് പൊതിഞ്ഞ് ശുദ്ധി വരുത്തുന്ന കർമ്മം.

2. **ചന്തം ചാർത്തൽ/അന്തംചാർത്തൽ** – അന്തംചാർത്തൽ/ചന്തംചാർത്തൽ വിവാഹത്തലേന്ന് ചെറുക്കന്റെ വീട്ടിൽ നടത്തപ്പെടുന്ന ചടങ്ങ്. ചെറുക്കന്റെ മുഖം ക്ഷൗരം ചെയ്ത് സൗന്ദര്യം വർദ്ധിപ്പിക്കുന്ന ചടങ്ങ് – ചന്തം ചാർത്തൽ. ശൈശവ വിവാഹം (13/14) ഉണ്ടായിരുന്ന കാലത്ത് ചെറുക്കന്റെ ആദ്യത്തെ ക്ഷൗരവുമായിരുന്നു ഇത്.

3. **മധുരം കൊടുക്കൽ/ഇച്ചപ്പാട് കൊടുക്കൽ** – വരന്റെയും വധുവിന്റെയും വീട്ടിൽ വിവാഹത്തലേന്നും വിവാഹദിവസം വരന്റെ വീട്ടിലും പ്രാർത്ഥനാപൂർവ്വം നടത്തുന്ന ചടങ്ങ്. വിവാഹജീവിതം അനുഗ്രഹദായകവും മധുരിതവുമാക്കാൻ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്ന ചടങ്ങ്. 'കയ്പ്കലർത്തൽ' – മധുരത്തോടൊപ്പം അല്പം കയ്പ്പും – വിവാഹജീവിതം

സുഖദുഃഖ സമ്മിശ്രമാണ് എന്ന് ഓർമ്മപ്പെടുത്തുന്നു. സഹനങ്ങൾ ഏറ്റെടുക്കാൻ കർത്താവിന്റെ പ്രത്യേക അനുഗ്രഹത്തിനുവേണ്ടിയുള്ള പ്രാർത്ഥന. നസ്രാണികളുടെ ആഹാരക്രമമനുസരിച്ചുള്ള 'വെൺപാച്ചോറ്' മധുരമായി കൊടുത്തിരുന്നതുകൊണ്ട് 'ഇച്ചപ്പാട്കൊടുക്കൽ' എന്ന പേരുണ്ടായി.

D. **കുടുംബ സംഘഗാനം**

- ☞ കുട്ടികൾ ഉൾപ്പെടെ 3 മുതൽ 6 വരെ ആളുകൾക്ക് പങ്കെടുക്കാം.
- ☞ എല്ലാവരും ഒരേ കുടുംബത്തിലെ അംഗങ്ങളായിരിക്കണം.
- ☞ ഒരാളെങ്കിലും മാതൃ-പിതൃവേദി അംഗമായിരിക്കണം.
- ☞ സമയം 4 മിനിറ്റ്.
- ☞ ക്രിസ്തീയ ഭക്തിഗാനം ആയിരിക്കണം.
- ☞ പശ്ചാത്തല സംഗീതം പാടില്ല.

### പ്രധാന വ്യവസ്ഥകൾ

1. മത്സരങ്ങളെല്ലാം ഓൺലൈനായാണ് നടത്തുന്നത്.
2. സിംഗിൾ ഇനത്തിൽ പങ്കെടുക്കുന്നയാൾക്കും ഗ്രൂപ്പ് ഇനങ്ങളിൽ പങ്കെടുക്കുന്നവരിൽ ഒരാൾക്കെങ്കിലും മാതൃ-പിതൃവേദി സംഘടനകളുടെ 2019 അംഗത്വ രജിസ്റ്റർ അനുസരിച്ച് അംഗത്വം ഉണ്ടായിരിക്കണം.
3. മത്സരത്തിൽ പങ്കെടുക്കുന്നവർ വീടുകളിലായിരുന്നുകൊണ്ട് സ്വന്തം കുടുംബാംഗങ്ങൾ മാത്രം പങ്കെടുക്കുന്ന വീഡിയോ ആക്കി ബഹു. യൂണിറ്റ് ഡയറക്ടർ അച്ചന് ഡിസംബർ 1 ന് നൽകണം.
4. ബഹു. യൂണിറ്റ് ഡയറക്ടറച്ചന്മാരുടെ മേൽനോട്ടത്തിൽ വിശദമായി പരിശോധിച്ച് അടിക്കുറിപ്പോടെ ബഹു. ഫൊറോന ഡയറക്ടറച്ചന് ഡിസംബർ 15 ന് ഓരോ ഇനത്തിന്റെയും ഒന്നാം സ്ഥാനം ലഭിച്ച വീഡിയോ നല്കണം. യുണിറ്റിൽ നിന്ന് ഫൊറോനയിലേക്ക് അയയ്ക്കുമ്പോൾ പ്രോഗ്രാമും വീഡിയോയും മെച്ചപ്പെടുത്തി അയക്കാവുന്നതാണ്. കഴിയുന്നതും മെയിൽ ചെയ്യുന്നതാണ് നല്ലത്.
5. ബഹു. ഫൊറോന ഡയറക്ടറച്ചൻ ചുമതലപ്പെടുത്തുന്ന വിധികർത്താക്കളുടെ വിലയിരുത്തലിനു ശേഷം ഫൊറോന തലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ അടിക്കുറിപ്പോടെ ഡിസംബർ 31-ാം തീയതി അതിരൂപത ഓഫീസിലേക്ക് mail ചെയ്യണം. familyapostolatechry@gmail.com or 7736754476 ലേക്ക് വാട്ട്സാപ്പിൽ വീഡിയോ അയയ്ക്കുക. Quality യിൽ ലഭിക്കുന്നതിന് മെയിൽ ചെയ്യുന്നതാണ് നല്ലത്.

***NB:*** *1) യൂണിറ്റ് ഭാരവാഹികൾ പരമാവധി കുടുംബങ്ങളെ മത്സരത്തിനായി ഒരുക്കണം. വീടുകളിൽ നടക്കുന്ന അവതരണം മാത്രമേ ഈ പ്രാവശ്യത്തെ കലോത്സവത്തിന് ഉള്ളൂ. എല്ലാ മത്സരവും വീഡിയോ ആയിരിക്കണം.*

*2) 2019 ൽ പുതുക്കിയ അംഗത്വ ലിസ്റ്റ് മാത്രമാണ് പരിഗണിക്കുക. മത്സരത്തിന് മുമ്പ് അംഗത്വ ലിസ്റ്റ് നവീകരിക്കുന്നതല്ല.*

## 2. പിതൃവേദി ദിനം - ഡിസംബർ 4

- പിതൃവേദിയുടെ മുപ്പത്തിയെട്ടാം ജന്മദിനം യൂണിറ്റ്-ഫൊറോന-അതിരൂപത തലത്തിൽ ഡിസംബർ 4 മുതൽ 6 വരെ സമുചിതമായി ആഘോഷിക്കേണ്ടതാണ്.
- ആഘോഷത്തിന്റെ ഭാഗമായി അതിരൂപതാതലത്തിൽ പിതൃവേദി ആന്ത

മത്സരം നടത്തപ്പെടുന്നു. ഒരു യൂണിറ്റിൽ നിന്നും 5 പേരടങ്ങുന്ന ഒരു ടീമിന് പങ്കെടുക്കാം.

- ഓരോ യൂണിറ്റിൽ നിന്നും നേരിട്ടാണ് അതിരൂപതയിലേക്ക് വീഡിയോ അയയ്ക്കേണ്ടത്.
- മനഃപാഠമാക്കി attention ആയിട്ടാണ് പാടേണ്ടത്, നോക്കി പാടാൻ പാടില്ല.
- പങ്കെടുക്കുന്നവർ പിതൃവേദി അംഗങ്ങളായിരിക്കണം.
- മറ്റ് മത്സരങ്ങൾക്ക് നൽകിയ വീഡിയോ ആകരുത് മത്സരത്തിന് നൽകേണ്ടത്.
- വീഡിയോ അതിരൂപതയിൽ ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 1 ആണ്.

## 3. 2021-2023 ഭരണസമിതി ഇലക്ഷൻ

മാതൃ-പിതൃവേദി അതിരൂപത-ഫൊറോന-യൂണിറ്റ് ഭാരവാഹികളുടെ പ്രവർത്തന കാലാവധി 2020 ഡിസംബർ എന്നത് രണ്ട് മാസം കൂടി ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ അഭിവന്ദ്യ മെത്രാപ്പോലീത്തയുടെ അനുവാദത്തിന് വിധേയമായി ദീർഘിപ്പിച്ച് നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. മാർച്ച് 1 മുതൽ പുതിയ അതിരൂപത സമിതി ചാർജ്ജെടുക്കുന്ന രീതിയിൽ യൂണിറ്റ്-ഫൊറോന ഇലക്ഷൻ നടത്താനുള്ള കാര്യങ്ങൾ ക്രമീകരിക്കുന്നതാണ്. ഇലക്ഷൻ വിജ്ഞാപനം താമസിയാതെ നൽകുന്നതായിരിക്കും.

## 4. കിഡ്സ് ക്യാറ്റ്

യൂടൂബ് വഴി വിശ്വാസപരിശീലനത്തിന്റെ ഭാഗമായി തിരുബാലസഖ്യ കുട്ടികൾക്കായി ഞായറാഴ്ചകളിൽ നൽകുന്ന ക്ലാസ് ഇടവകയിൽ പരമാവധി കുടുംബങ്ങളിലൂടെ കുട്ടികളിൽ എത്തിക്കാൻ യൂണിറ്റ് ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

## 5. Mentor@Home (മക്കൾ ജീവിതം പഠിക്കട്ടെ)

* മനുഷ്യന്റെ സങ്കല്പത്തിൽ പോലുമില്ലാത്ത കാര്യങ്ങളാണല്ലോ ലോകത്തിപ്പോൾ നടക്കുന്നത്

* മാറിവരുന്ന സാഹചര്യങ്ങളോട് പൊരുത്തപ്പെടാനും മാറ്റങ്ങളെ ഉൾക്കൊള്ളാനും നമ്മുടെ കുഞ്ഞുങ്ങൾക്ക് പലപ്പോഴും ആവുന്നില്ല.

* അവർക്ക് എല്ലാമുണ്ട്, എല്ലാമറിയാം -ജീവിതമൊഴിച്ച്.

* ജീവിക്കാനറിയാത്ത മക്കൾ, ജീവിതം കൈവിട്ടു പോകുന്ന മക്കൾ കുടുംബത്തിന്റെ ഒരു വലിയ വേദനയാണ്.അത് ഇന്ന് ദിനം പ്രതി കൂടിവരുകയാണ്.

* പരീക്ഷകൾക്കും, A+ നും, കണക്കിനും സയൻസിനുമൊക്കെ എന്തുമാത്രം സമയം, പണം നമ്മൾ മുടക്കുന്നു.

*എന്നാൽ മക്കളെ ജീവിതം പഠിപ്പിക്കാൻ, അവരുടെ Life Skills മെച്ചപ്പെടുത്താൻ നമ്മൾ അല്പമെങ്കിലും ശ്രമിക്കുന്നുണ്ടോ?

* If life is lost, if character is lost,everything is lost

* മക്കൾ ജീവിതം ആസ്വദിച്ചു ജീവിക്കാൻ അഭിമാനത്തോടെ ജീവിക്കാൻ ആത്മവിശ്വാസത്തോടെ ജീവിക്കാൻ ആഗ്രഹിക്കുന്ന എല്ലാ മാതാപിതാക്കൾക്കുമായി ഒരു സന്തോഷ വാർത്ത

* ചങ്ങനാശേരി അതിരൂപത ഫാമിലി അപ്പോസ്റ്റലേറ്റ് അന്തർദേശീയ നിലവാരമുള്ള ഒരു Life Coaching പരിശീലന പദ്ധതി ആവിഷ്കരിക്കുന്നു.

* കുട്ടികളിലൂടെ കുടുംബങ്ങളിലേക്ക് എന്ന ലക്ഷ്യവുമായി ചെറിയ പ്രായത്തിൽ തന്നെ നമ്മുടെ കുഞ്ഞുങ്ങളെ WHO, UNICEF നിർദേശിക്കുന്ന ലൈഫ് സ്കിൽസ് പരിശീലിപ്പിക്കുന്ന പത്തു മാസം നീണ്ടു നിൽക്കുന്ന ഒരു online പരിശീലനം ആണിത്

*ഈ രംഗത്ത് വളരെയേറെ അനുഭവ സമ്പത്തുള്ള സിജു ആലഞ്ചേരി നയിക്കുന്ന Win Life Global Foundation എന്ന പ്രസ്ഥാനമാണ് ഇത് നടത്തുന്നത്.

* Pre - recorded video sessions

* 21 days Action plan

* Cluster Mentoring

* എന്നിങ്ങനെ കുട്ടികളെ motivate ചെയ്തും വലിയ സ്വപ്നങ്ങൾ കാണാൻ സഹായിച്ചും വചനത്തോടും സഭയോടും ചേർത്തു നിർത്തിയും വിശ്വാസത്തിലും വിശുദ്ധിയിലും ദൈവത്തിനും മനുഷ്യർക്കും സംപ്രീതരാക്കി വളർത്തുന്ന പരിശീലനമാണിത്

* മൂന്നാം ക്ലാസ്സ് മുതൽ പ്ലസ് ടു വരെയുള്ള കുട്ടികളെ പല category ആയി തിരിച്ചാണ് പരിശീലനം

* നമ്മുടെ എല്ലാ ഫോറോനകളിലും ബാച്ചുകൾ തുടങ്ങാൻ പറ്റും

* മറ്റ് കാര്യങ്ങൾ അറിയിച്ചുകൊള്ളാം

* നമ്മുടെ മക്കൾ ജീവിതം പഠിക്കട്ടെ

## 6. ലിറ്റർജിക്കൽ ക്വിസ് മത്സരം - എൽറോയി 2020

**സമ്മാനാർഹർ**

Rini Bibin Cheeramvelil, Muttar (Edathua Forane)
Robin Jacob Thudiyamplackal, Peroorkkada, Thiruvananthapuram Forane
Neena Karolin Cherukad, Mithrakkary; Pulinkunnu Forane

## ഓൺലൈൻ വിവാഹഒരുക്ക സെമിനാർ

കോവിഡ് പശ്ചാത്തലത്തിൽ മൂന്നു ദിവസത്തെ താമസിച്ചുള്ള ധ്യാനത്തിന് ബുദ്ധിമുട്ടുള്ളതിനാലാണ് ഓൺലൈൻ ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. ആയതിനാൽ കോഴ്സ് കൂടി 2 മാസത്തിനകം വിവാഹം നടക്കുന്നവർക്കാണ് ഓൺലൈൻ ക്ലാസ്സ് ഉദ്ദേശിക്കുന്നത്.

***പ്രത്യേക ശ്രദ്ധയ്ക്ക്***

1. കോഴ്സിന്റെ ബുക്കിംഗ് ഓൺലൈൻ വഴി മാത്രമായിരിക്കും.

2. www.familyapostolatechry.com എന്ന സൈറ്റിൽ Mail ID യും password ഉം ഉപയോഗിച്ച് കയറി sign up ചെയ്ത് ഫോം പൂരിപ്പിക്കുക. Passport size photo യും upload ചെയ്യേണ്ടതാണ്.

3. കോഴ്സ് ബുക്കിംഗിനായി നൽകിയിരിക്കുന്ന പ്രത്യേക ദിവസങ്ങളിൽ മാത്രമേ ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുകയുള്ളൂ.

4. ബുക്കിംഗ് ആരംഭിക്കുന്നത് നിർദ്ദിഷ്ട ദിവസങ്ങളിൽ രാവിലെ ഇന്ത്യൻ സമയം കൃത്യം 11.00 മണിക്കാണ്. 50 പേർക്ക് മാത്രമായിരിക്കും ഓരോ കോഴ്സിലും പ്രവേശനമുണ്ടായിരിക്കുക.

5. രജിസ്ട്രേഷൻ ഫീ സൈറ്റിൽ നൽകിയിരിക്കുന്ന അക്കൗണ്ട് നമ്പരിലേക്ക് ഓൺലൈൻ ട്രാൻസ്ഫർ നടത്തേണ്ടതാണ്.

6. കോഴ്സ് കൂടുന്നവർ സ്വന്തം ഇടവകയിലെ വികാരിയച്ചന്റെ permission letter വാങ്ങി ബുക്കിംഗ് പ്രക്രിയ പൂർത്തിയാക്കി സീറ്റ് ഉറപ്പായതിന് ശേഷം 7736754476 (Fr. Jose Mukalel - Director) എന്ന വാട്ട്സാപ്പ് നമ്പരിലേക്ക് കോഴ്സിന്റെ ആദ്യ ദിവസം തന്നെ കോഴ്സ് തീയതികളും കൂടിച്ചേർത്ത് നിശ്ചയമായും അയയ്ക്കേണ്ടതാണ്. കോഴ്സിന്റെ രജിസ്ട്രേഷൻ ഫോമിൽ വികാരിയച്ചൻ attest ചെയ്യേണ്ട ആവശ്യമില്ല.

7. കോഴ്സിൽ പങ്കെടുക്കുന്ന എല്ലാവരും ചങ്ങനാശ്ശേരി ഫാമിലി അപ്പോസ്തലേറ്റ് പ്രസിദ്ധീകരിക്കുന്ന കോഴ്സ് മാന്യുവൽ, കോഴ്സ് ഷെഡ്യൂൾ എന്നിവയുടെ PDF ഡൗൺലോഡ് ചെയ്തെടുക്കേണ്ടതാണ്. പ്രസ്തുത കാര്യങ്ങൾ കോഴ്സിന്റെ ആദ്യദിനത്തിൽ തന്നെ നിങ്ങളുടെ ഡാഷ് ബോർഡിലെ My Course മെനുവിൽ ലഭ്യമാകുന്നതായിരിക്കും.

8. കോഴ്സ് പ്രധാനമായും കുടുംബജീവിതത്തിനാവശ്യമായ വിഷയങ്ങളെക്കുറിച്ച് പ്രസ്തുത വിഷയങ്ങളിൽ പ്രാവിണ്യമുള്ള വ്യക്തികളുടെ ക്ലാസ്സുകളുടെ വീഡിയോകളാണ്.

9. കോഴ്സ് ബുക്ക് ചെയ്യാനായി ചെയ്തതുപോലെ തന്നെ സ്വന്തം mail ID യും password ഉം ഉപയോഗിച്ച് സൈറ്റിൽ കയറി My Course എന്ന ഓപ്ഷനിലൂടെയാണ് ക്ലാസ്സിൽ പങ്കെടുക്കേണ്ടത്.

10. മൂന്നു ദിവസങ്ങളിലെയും മുഴുവൻ ക്ലാസ്സുകളിലും പങ്കെടുക്കുന്നവർക്കു മാത്രമേ സർട്ടിഫിക്കറ്റ് ലഭിക്കുകയുള്ളൂ. കോഴ്സ് ദിവസങ്ങളിൽ രാവിലെ 5 മണി മുതൽ വൈകിട്ട് 11 മണിവരെയുള്ള സമയത്തിനുള്ളിൽ പങ്കെടുക്കുന്നവരുടെ സൗകര്യമനുസരിച്ച് ഒരു ദിവസം 3 മണിക്കൂർ ക്ലാസ്സ് കൂടേണ്ടതാണ്. അതാത് ദിവസങ്ങളിലെ ക്ലാസ്സുകൾ അന്നുതന്നെ നിശ്ചയമായും attend ചെയ്യേണ്ടതാണ്.

11. ക്ലാസ്സുകളുമായി ബന്ധപ്പെട്ട പരീക്ഷ നിശ്ചയമായും പൂർത്തീകരിക്കേണ്ടതാണ്. 3 ദിവസങ്ങളിലെ കോഴ്സ് പൂർത്തിയായി അഞ്ചു ദിവസങ്ങൾക്കുള്ളിൽ ഡയറക്ടറച്ചന്മാർ നിങ്ങളുമായി വീഡിയോ കോൺഫറൻസ് നടത്തുന്നതാണ്. അതിനു ശേഷമാണ് Certificate സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കേണ്ടത്.

12. ഏറ്റവും അടുത്ത ദിവസങ്ങളിൽത്തന്നെ വിവാഹമുള്ളവർ അക്കാര്യം ബഹു. ഡയറക്ടറച്ചന്മാരെ അറിയിക്കേണ്ടതാണ്.

13. കോഴ്സ് ആരംഭിക്കുന്നതിന്റെ തലേദിവസം പങ്കെടുക്കുന്നവരുടെ Mail ID യിലേക്ക് കോഴ്സ് ഡീറ്റെയിൽസ് അടങ്ങിയ മെയിൽ അയയ്ക്കുന്നതാണ്.

14. കോഴ്സിന്റെ അവസാന ദിവസം മാതാപിതാക്കൾക്കുവേണ്ടി പ്രത്യേക ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.

**അന്വേഷണങ്ങൾക്ക് : 7736754476, 9447016240**


## ONLINE PRE MARRIAGE COURSE

| നവംബർ | ഡിസംബർ | |
|---|---|---|
| 6,7,8 (Booking Date: Nov. 2) | 6,7,8 (Booking Date: Dec. 2) | **For Booking:** |
| 13,14,15 (Booking Date: Nov. 9) | 13,14,15 (Booking Date: Dec. 9) | www. familyapostolatechry.com |
| 20,21,22 (Booking Date: Nov. 16) | 20,21,22 (Booking Date: Dec. 16) | Mob: 9447030814, 9447016240 |
| 23,24,25 (Booking Date: Nov. 19) | 23,24,25 (Booking Date: Dec. 19) | |

| LITURGICAL QUIZ THIRD ROUND RESULT – 27.09.2020<br>(People who got full marks) | | | | | |
|---|---|---|---|---|---|
| **SL. NO** | **REG. NO** | **NAME** | **HOUSE NAME** | **PARISH** | **MARK (25)** |
| **CHANGANACHERRY FORANE** | | | | | |
| 1 | 102 | BINDU JOSE | KALATHIL HOUSE | ST. JOSEPH CHURCH, MANACKACHIRA | 25 |
| 2 | 104 | JESSY BABU | KOCHUPURAYIL HOUSE | ST. JOSEPH CHURCH, MANACKACHIRA | 25 |
| 3 | 105 | PAUL MANUEL | POOVATHINGAL | ST. MARY' S CHURCH, PAREL | 25 |
| 4 | 107 | MINI MATHEW | MAPILACHERRY | ST. JOSEPH CHURCH, MANACKACHIRA | 25 |
| 5 | 108 | NIVEA JIJO | KOCHUPARAMPIL | ST. JOSEPH CHURCH, MANACKACHIRA | 25 |
| 6 | 109 | LINCY SOJAN | VADAKKUMURI | ST. JOSEPH CHURCH, MANACKACHIRA | 25 |
| 7 | 110 | PREETHU SONY | VADAKKUMURIYIL | ST. JOSEPH CHURCH, MANACKACHIRA | 25 |
| 8 | 111 | JOLLIMMA J | CHAKKACHAM-PARAMPIL | ST. JOSEPH CHURCH, MANACKACHIRA | 25 |
| 9 | 118 | JESSYMOL THOMAS | AATUMANGALAM | ST. JOSEPH CHURCH, MANACKACHIRA | 25 |
| 10 | 121 | MERCY TOMY | KOCHUPURAYIL | ST. JOSEPH CHURCH, MANACKACHIRA | 25 |
| 11 | 122 | ANTONY KUTTY | KOCHUKANDATHIL | ST. MARY' S CHURCH, PAREL | 25 |
| 12 | 125 | BIJIL VARKEY | KURUPPANPARAMPIL | ST. JOSEPH CHURCH, MANACKACHIRA | 25 |
| 13 | 127 | MOLLY JOSEPH | KADAMTHODU | ST. JOSEPH CHURCH MANACKACHIRA | 25 |
| 14 | 129 | FILSY SANIL | THURUTHEL MATHI-CHIYIL | ST. GREGORIOUS CHURCH, KIDANGARA | 25 |
| 15 | 131 | ANCY JOY | CHRISTY BHAVAN | ST. MARY' S CHURCH, PAREL | 25 |
| 16 | 132 | JINTU HARDY | KIDANGOOTHRA | ST.JOSEPH CHURCH, VEROOR | 25 |
| 17 | 133 | MARIAM GEORGE | POTTAMKULAM | ST.MARY'S, PAREL | 25 |
| 18 | 683 | NILMY KURIAKOSE | --------------- | ST. JOSEPH CHURCH, MANACKACHIRA | 25 |
| **ALAPPUZHA FORANE** | | | | | |
| 1 | 144 | SABOO THOMAS | CHERUKADU | MAR GREGORIOUS CHURCH, PUNNAPRA | 25 |
| 2 | 145 | M V JAMES | MATTATHIL COTTAGE | ST.ANTONY'S CHURCH, PADUVAPURAM | 25 |
| 3 | 151 | LITTY BENCY | PUTHENVEETIL | THATHAMPPALLY | 25 |

| | | | | | |
|---|---|---|---|---|---|
| 4 | 153 | DALIYA THOMSON | KAITHATHARA (H) | S H CHURCH, ARUNOOTAM-PADAM | 25 |
| 5 | 154 | JESSY ANTONY | KUNNEL | PURAKKAD | 25 |
| 6 | 156 | PUSHPA MONCY | VAZHAKKALAM | THATHAMPPALLY | 25 |
| 7 | 160 | ELAMMA JOSE | CHAVADYIL | ST.GEORGE CHURCH, PUTHANANGADY | 25 |
| 8 | 161 | JOHNY CHERIAN & JINCY JOHNY | KOCHUKUTTICKAL | MAR SLEEVA CHURCH, PURAKKAD | 25 |
| 9 | 571 | THOMASKUTTY JOSE | VALLAVANTHARA | MAR GREGORIOUS, PUN-NAPRA | 25 |
| **CHAMPAKULAM FORANE** | | | | | |
| 1 | 175 | SHEEJAMMA | MANIMANDIRUM | ST.SEBASTIAN'S CHURCH, NARBONAPURAM | 25 |
| 2 | 176 | REENA THOMAS | MULLASSERY (H) | NARBONAPURAM | 25 |
| 3 | 177 | LISSAMMA JOSEPH | MOOTTETTIL HOUSE | ST.SEBASTIAN'S CHURCH, NARBONAPURAM | 25 |
| 4 | 178 | LEELAMMA JAMES | KOOTTUMEL (H) | ST.JEROMES CHURCH | 25 |
| **EDATHUA FORANE** | | | | | |
| 1 | 172 | ANCY ELIZABETH | POOCHALIL | ST. GEORGE CHURCH, MUTTAR | 25 |
| 3 | 184 | PREETHY BINOJ | VELIPARAMPIL | ST. GEORGE CHURCH, MUTTAR | 25 |
| 4 | 192 | RINI BIBIN | CHEERAMVELIL | ST.GEORGE CHURCH, MUTTAR | 25 |
| 5 | 193 | MOLLYKUTTY THANKACHAN | PUNNAPARAMBIL HOUSE | ST.XAVIER'S CHURCH, PUTHUKARY | 25 |
| 6 | 194 | LISS SUNIL | KODAKKAD | ST.GEORGE CHURCH, MUTTAR | 25 |
| 7 | 200 | JOSE SCARIA | MADAKKACHERIL (H) | ST.GEORGE CHURCH, MUTTAR | 25 |
| 8 | 202 | THOMAS O T | ORUVANCHIYIL | ST.GEORGE CHURCH, MUTTAR | 25 |
| 9 | 203 | JANCY SHIBU | SRAMPICAL | ST.GEORGE CHURCH, MUTTAR | 25 |
| 10 | 204 | SALIAMMA LUKE | MANALIL | ST.GEORGE CHURCH, MUT-TAR OLD | 25 |
| 11 | 205 | THANKAMMA THOMAS | MANALIPARAMPIL | ST.GEORGE CHURCH, MUT-TAR OLD | 25 |
| 12 | 210 | JINCY AJI | CHEERAMVELIL | ST.GEORGE, MUTTAR | 25 |
| 13 | 212 | JOLLY THOMAS | VELIPARAMPIL | ST.GEORGE, MUTTAR OLD | 25 |
| 14 | 213 | JAISY JOHNY | KAKKATTU (H) | ST.GEORGE, MUTTAR | 25 |
| 15 | 214 | LINCY JOSEPH | KAKKATTU | ST.GEORGE, MUTTAR | 25 |

| | | | | | |
|---|---|---|---|---|---|
| 16 | 217 | LINCY SANTHOSH | MALIYIL (H) | ST.GEORGE, MUTTAR | 25 |
| 17 | 218 | RIJI SCARIA | SRAMBIKAL PULICKAL | ST.GEORGE, MUTTAR OLD | 25 |
| 18 | 225 | ROSAMMA MATHEW | VETTUPARAMPIL | MUTTAR | 25 |
| 19 | 226 | SUMI N K | NEDIYAKALAPARAMBIL | ST.GEORGE, MUTTAR | 25 |
| 20 | 230 | ANNAMMA BABY | PUTHENPURACKAL | MUTTAR | 25 |
| 21 | 231 | SHAJI THOMAS | CHIRAILPARAMPIL | ST.GEORGE, MUTTAR OLD | 25 |
| 22 | 233 | LEELAMMA EAPEN | MADAKKACHERIL | ST.GEORGE, MUTTAR OLD | 25 |
| 23 | 234 | DAISY ROY | KODUVATHRA | MUTTAR | 25 |
| 24 | 235 | OMANA SEBASTIAN | MANALIL | ST.GEORGE, MUTTAR | 25 |
| 25 | 236 | SIJI ANTONY | KOOLIPURACKAL | ST.GEORGE, MUTTAR | 25 |
| 26 | 237 | JINSAMMA JAMES | SRAMPICKAL MANALI-PARAMBIL | ST.GEORGE, MUTTAR | 25 |
| 27 | 238 | ANIMMA JOSEPH | VATHYAKARY (H) | ST.GEORGE, MUTTAR | 25 |
| 28 | 240 | MARYKUTTY VAR-GHESE | NALUPARAYIL | ST.GEORGE, MUTTAR | 25 |
| 29 | 241 | ANTONY MATHEW | VALAMPARAMPIL | ST.GEORGE, MUTTAR OLD | 25 |
| 30 | 242 | SHINY ANOJ | CHEERAMVELIL (H) | ST.GEORGE, MUTTAR OLD | 25 |
| 31 | 244 | JESSY GEORGE | SRAMPICKAL MANALI-PARAMPIL | ST.GEORGE, MUTTAR | 25 |
| 32 | 245 | MINI ROSE ANTONY | MADAKACHERY | ST.GEORGE, MUTTAR OLD | 25 |
| 33 | 247 | THOMAS T C | CHEERAMVELIL (H) | ST.GEORGE, MUTTAR | 25 |
| 34 | 248 | SHIJI JOSEPH | CHEERAMVELIL PU-LICKAL | ST.GEORGE, MUTTAR | 25 |
| 35 | 250 | VALSAMMA MATHEW | POOYAPPALLIL (H) | ST.GEORGE, MUTTAR | 25 |
| 36 | 251 | JESSY JOGY | ATTUPURAM (H) | ST.GEORGEE, MUTTAR | 22 |
| 37 | 253 | JIJO T ARUPARAYIL | ARUPARAYIL GRACE VILLA (H) | ST.GEORGE, MUTTAR | 25 |
| 38 | 255 | ANNAMMA JOSEPH | KARUTHEDAM (H) | ST.GEORGE, MUTTAR | 25 |
| 39 | 256 | SALIAMMA JOSE | PARAMBATH | ST.GEORGE, MUTTAR | 25 |
| 40 | 257 | KUNJUMOL LALI | KANICHERIL | ST.GEORGE, MUTTAR | 25 |
| 41 | 258 | THRESIAMMA SEBAS-TIAN | PARAMPATHU (H) | ST.GEORGE, MUTTAR | 25 |
| 42 | 259 | P O JOHN | PULICKAL VILLA | ST.GEORGE, MUTTAR | 25 |

| | | | | | |
|---|---|---|---|---|---|
| 43 | 265 | SHOBANA MATHAI | ---------------- | ST.GEORGE, MUTTAR | 25 |
| 44 | 266 | JANCY VARGHESE | NANTHICADU | ST.GEORGE, MUTTAR | 25 |
| 45 | 572 | ELCY VIJU | KOCHUPURACKAL | ST.GEORGE, MUTTAR | 25 |
| 46 | 589 | SALIMMA JOSEY | CHEERAMVELIL | ST.GEORGE, MUTTAR OLD | 25 |
| 47 | 590 | THANKAMMA KUNJU | SRAMPICAL PUTHEN-PARA | ST.GEORGE, MUTTAR OLD | 25 |
| 48 | 591 | LEELAMMA THOMAS | SRAMPIKAL | ST.GEORGE, MUTTAR | 25 |
| 49 | 593 | ROSAMMA THOMAS | CHEERAMVELIL | ST.GEORGE, MUTTAR | 25 |
| 50 | 594 | RETTYMOL MATHEW | --------------- | ST.GEORGE, MUTTAR | 25 |
| 51 | 595 | REETHAMMA MATHEW | PARAMPATHU (H) | ST.GEORGE, MUTTAR | 25 |
| 52 | 596 | ANUBHA JOSEPH | MALIYIL | ST.GEORGE, MUTTAR | 25 |
| 53 | 598 | JOSEPH THOMAS | ORUVANCHIYIL | ST. GEORGE, MUTTAR | 25 |
| 54 | 600 | ELSAMMA JOSEPH | NADUVILAPARAMBIL | ST. GEORGE, MUTTAR | 25 |
| 55 | 601 | JEENA JINSON | NADUVILAPARAMBIL | ST. GEORGE, MUTTAR | 25 |
| 56 | 602 | OMANA SHAJI | KODUVATHARA | ST. GEORGE, MUTTAR | 25 |
| 57 | 603 | KUNJUMOL | ---------------- | ST. GEORGE, MUTTAR | 25 |
| 58 | 604 | SALY APREM | SRAMPICKAL | ST. GEORGE, MUTTAR | 25 |
| 59 | 606 | ROSELIN JIJIMON | KUDACKADU (H) | ST. GEORGE, MUTTAR | 25 |
| 60 | 608 | LISAMMA BENNY | KANICHERIL | ST. GEORGE, MUTTAR | 25 |
| 61 | 609 | ASHLY ANNA | CHEERAMVELIL | ST. GEORGE, MUTTAR | 25 |
| 62 | 610 | ANAMMA JOSEPH | PARAMPATHU | ST. GEORGE, MUTTAR | 25 |
| 63 | 611 | PUSHPA MONCY | VAZHAKALAM | ST. GEORGE, MUTTAR | 25 |
| 64 | 615 | VALSAMMA JOSEPH | KONUMADACKAL | ST. GEORGE, MUTTAR | 25 |
| 65 | 617 | EMILY K JOSE | KANICHERIL | ST. GEORGE, MUTTAR | 25 |
| 66 | 621 | MILY ROSE | IYVADASERIL | ST. GEORGE, MUTTAR | 25 |
| 67 | 622 | REJIMOL VARGHESE | KODICKAL CHEPIL-AKALAM | ST. GEORGE, MUTTAR | 25 |

| | | | | | |
|---|---|---|---|---|---|
| 68 | 624 | MERCY JOSEPH | VALIYAKULAM | ST. GEORGE, MUTTAR | 25 |
| **PULINCUNNOO FORANE** | | | | | |
| 1 | 274 | MARIAMMA BENNY | KALATHIL HOUSE | ST.MARY'S, MANALADY | 25 |
| 2 | 275 | ROSILY RONY | KALARIPARAMPIL | ST.XAVIER'S, MITHRAKARY | 25 |
| 3 | 277 | MERLET JACOB | KIZHAKKEVALAYIL | ST.GREGORIOUS KESARIA | 25 |
| 4 | 278 | DAISY JOSEPH | VALLOPPALLY | ST.GREGORIOUS KESARIA | 25 |
| 5 | 287 | SUNI ANIL | CHEERAMVELIL (H) | ST.JOSEPH, RAMANKARY | 25 |
| 6 | 288 | TASHLY THOMSON | KOTTUKAPPALLY | ST.THERASA'S, KAVALAM | 25 |
| 7 | 291 | SKARIA M S | MOLIPADAVIK | MITHRAKARY | 25 |
| 8 | 294 | JESSY JOSEPH | PUTHYAVEEDU | ST.GREGORIOUS KESARIA | 25 |
| 9 | 298 | NEENA KAROLIN | CHERUKADU | ST.XAVIER'S, MITHRAKARY | 25 |
| 10 | 300 | SHERLY JOSEPH | CHENNATTUCHERRY | ST.JOSEPH'S, RAMANKARY | 25 |
| 11 | 301 | BIPITHA JOSEPH | LAYIKARY (H) | ST.XAVIER'S, MITHRAKARY | 25 |
| 12 | 304 | PUSHPAMMA PAUL | VALLOMPPALLY | ST.GREGORIOUS KESARIA | 25 |
| **THRICKODITHANAM FORANE** | | | | | |
| 1 | 305 | MINI ROY | VARICKAYANIKKAL | KODINATTUKUNNU | 25 |
| 2 | 306 | ANSAMMA JOSU-KUTTY | ----------------- | KUNNUMPURAM | 25 |
| 3 | 308 | BETTY THOMAS | NELLITHANAM HOUSE | ST. XAVIERS FORANE CHURCH | 25 |
| 4 | 309 | LITTY TOM | VELACHIMANGALAM | ST. XAVIERS FORANE CHURCH | 25 |
| 5 | 310 | TREESA JAMES | VATTAPPARA | ST.XAVIER'S FORANE CHURCH | 25 |
| 6 | 312 | SONIA GEORGE | KATTADY PARUTHIYIL | THRICKODITHANAM | 25 |
| 7 | 314 | SHERIL VARGHESE | THENGUMMOOTTIL | FATHIMAPURAM | 25 |
| 8 | 318 | MOLLY JOSE | POOTHRA | FATHIMAPURAM | 25 |
| 9 | 319 | MARIAMMA THOMAS | SASTHANCHIRAYIL | ST.XAVIER'S, THRICKO-DITHANAM | 25 |
| 10 | 322 | JOMOL MATHEW | PULLUKATTU (H) | ST.XAVIER'S CHURCH | 25 |

| | | | | | |
|---|---|---|---|---|---|
| **THURUTHY FORANE** | | | | | |
| 1 | 324 | KATHRIKUTTY GEORGE | KALARITHARA | HOLY FAMILY, PODIPARA | 25 |
| 2 | 326 | CLERIN THOMAS | NOMBIYATH | PODIPPARA | 25 |
| 3 | 329 | TITTY SEBASTIAN | THAIPPARAMBIL | MARTH MARIYAM | 25 |
| 4 | 330 | REGINAMMA JOSEPH | MAMPALLIL | PODIPPARA | 25 |
| 5 | 331 | ISAC ANTONY | KANNANTHARA | PODIPPARA | 25 |
| 6 | 334 | ROSAMMA THOMAS | KAVIL THAZHE | YUDHAYAPURAM | 25 |
| **KURUMPANADOM FORANE** | | | | | |
| 1 | 345 | JANCY JOSEPH | KAIPALLY | ST.MARY'S, ERAVUCHIRA | 25 |
| 2 | 346 | JESSYAMMA | KANITHARAVILLA | ST.MARY'S, ERAVUCHIRA | 25 |
| 3 | 352 | ROSAMMA THOMAS | THEVARUPARAMPIL | ST. ANTONY' S CHURCH | 25 |
| 4 | 355 | SAJINI MONICHAN | PARATHODE | ST.MARY'S, ERAVUCHIRA | 25 |
| 5 | 356 | SHERIN K JACOB | VALIYAPOIKAYIL | RAJAMATTOM | 25 |
| 6 | 357 | SIJI SINU | KALLADA (H) | S H CHURCH RAJAMATTOM | 25 |
| 7 | 359 | TOJ ANTONY | KAYYALAPARAMPIL | S H CHURCH RAJAMATTOM | 25 |
| 8 | 360 | TOM JOSEPH | KOZHUPPAKALAM | ST. ANTONY' S CHURCH | 25 |
| 9 | 361 | VALSAMMA SCARIA | ABALATHATTIL HOUSE | ST. GEORGE, THOTTACKAD | 25 |
| **NEDUMKUNNAM FORANE** | | | | | |
| 1 | 366 | THRESIAMMA GEORGE | KUREEKATTU | ST.JOSEPH, CHAMPAKKARA | 25 |
| 2 | 372 | LITTY JOSEPH | ELANJIPURATHU | LOURDE MATHA, THAZHATHUVADAKARA | 25 |
| **KOTTAYAM FORANE** | | | | | |
| 1 | 375 | JAISAMMA THOMAS | MARAMKUZHIYIL | ST.THOMAS, VADAVATHOOR | 25 |
| 2 | 381 | SEBASTIAN P D | PALLIPARAMPIL | ST.SEBASTIAN'S, AYARKUNNAM | 25 |
| 3 | 384 | ANNIE THOMAS | ATTHIKKALAM | KADUVAKULAM | 25 |
| 4 | 386 | JINI RUBIN | THEKKEDATH | ST.THOMAS CHURCH | 25 |

| | | | | | |
|---|---|---|---|---|---|
| 5 | 394 | LINCY DOMANIC | PONKUNNEL | VADAVATHOOR | 25 |
| 6 | 398 | BINI T ANTONY | CHAKKALACKAL | AYARKKUNNAM | 25 |
| 7 | 399 | MERCY GEORGE | THOMPUNNAYIL | ST.THOMAS, VADAVATHOOR | 25 |
| 8 | 405 | P T ULAHANAN | PADINJARELLAPANI | AYARKUNNAM | 25 |
| 9 | 408 | SALI JOSEPH SCARIA | VETTIKKATTU | VADAVATHOOR | 25 |
| 10 | 414 | SHERLY JOSEPH | MARANGATTIL | AYARKUNNAM | 25 |
| 11 | 418 | MINI BIJU | VADAKKEDATH | VADAVATHOOR | 25 |
| 12 | 422 | SONIA JOHNSON | CHATHANAD PUTHEN-PURACKAL | KADUVAKKULAM | 25 |
| 13 | 425 | ZACHARIA K M | KARINGOTTIL | VADAVATHOOR | 25 |
| 14 | 428 | JOSE LITSON | NADUVILEDATH | AYARKUNNAM | 25 |
| 15 | 456 | MARIAMMA MARTIN | MALIYECKAL | AYARKUNNAM | 25 |
| 16 | 578 | OMANA JOHNSON | VALIYAPARAMBIL | ST.THOMAS, VADAVATHOOR | 25 |
| 17 | 579 | RINCY SIBICHEN | CHACKALACKAL | AYARKUNNAM | 25 |
| 18 | 581 | ASHA MARY SEBAS-TIAN | KALATHILPARAMBIL | KADUVAKULAM | 25 |
| 19 | 647 | SHINI SHIJO | THANNIYAM VEETTIL | KOTTAYAM | 25 |
| 20 | 659 | JISHA BOBBY | VAZHAYIL | VADAVATHOOR | 25 |
| 21 | 664 | LIJIT JOSE | KOCHUPARAMBIL HOUSE | ERAVINELOOR | 25 |
| **MANIMALA FORANE** | | | | | |
| 1 | 465 | JOHN DE BRITTO | LANITHOTTAM | HOLY MAGI FORANE CHURCH | 25 |
| 2 | 466 | JOJO MATHEW | MECHERYMANNIL | LITTLE FLOWER CHURCH KULATHUR | 25 |
| 3 | 469 | SHEENA SEBASTIAN | PULIMOOTTIL | LITTLE FLOWER CHURCH KULATHUR | 25 |
| 4 | 472 | SILVIA MATHEW | THADATHIL | KARIMPANAKKULAM | 25 |
| 5 | 583 | SAJAN JOSEPH | MOOZHIYIL | KARIMPANAKULAM | 25 |
| **KUDAMALOOR FORANE** | | | | | |
| 1 | 476 | ROSAMMA THOMAS | THAIPPARAMPIL | KUMARAKOM | 25 |

| | | | | | |
|---|---|---|---|---|---|
| 2 | 477 | SHAJIMON SEBASTIAN | MUKALELPARAMPIL | VILLOONNI | 25 |
| 3 | 478 | ROSMI PRINCE | ALUMPARAMPIL | KUMARAKOM | 25 |
| 4 | 479 | MARIAMMA SUNNY | ELLICHUVATTIL | KUMARAKOM | 25 |
| 5 | 482 | BINSON T KURIAN | THNGAPARAMBIL | KUMARAKOM | 25 |
| **ATHIRAMPUZHA FORANE** | | | | | |
| 1 | 486 | SHANET REJI | KARIVELIL | ST.MATHEW'S, KOTTACKUPURAM | 25 |
| 2 | 488 | LISY MATHEW | VADAKKANATTU | PUSHPAGIRI | 25 |
| 3 | 489 | TINU THOMAS | KAKKANATTU | PUSHPAGIRI | 25 |
| 4 | 490 | KUNJUMOL THOMAS | PUTHENPURACKAL | PUSHPAGIRI | 25 |
| 5 | 497 | REGINA TOJO | MAKKATTIL | VETTIMUKAL | 25 |
| 6 | 501 | SHYJI SONY | NAMBI MADAM | PUSHPAGIRI | 25 |
| 7 | 502 | GRACY JOSEPH | VALIYATHADATHIL | KOTTACKUPURAM | 25 |
| 8 | 507 | ANU M KUNCHERIA | THAIVEETTIL | PUSHPAGIRI | 25 |
| 9 | 508 | SHEEBA MARIA GEORGE | KANNAMPADAM | NALPATHIMALA | 25 |
| 10 | 509 | JAMES MATHEW | CHACKALACKAL | ATHIRAMPUZHA | 25 |
| 11 | 584 | ANNAMMA JAMES | ILLATHILPARAMBIL | NALPATHIMALA | 25 |
| 12 | 679 | SMITHA JOY | VELANKANI BHAVAN | THELAKAM | 25 |
| 13 | 680 | LOVELY JOSEPH | CHEKKETHADATHIL | KOTTACKUPURAM | 25 |
| **THIRUVANANTHAPURAM FORANE** | | | | | |
| 1 | 512 | T. M JOSEPH | THALAPPILLIL | RANIGIRI CHURCH MANNAMTHALA | 25 |
| 2 | 521 | SHERLY MATHEW | KOORKKAKALAYIL | RANIGIRI CHURCH MANNAMTHALA | 25 |
| 3 | 525 | MATHAI K.M | KALLADAYIL | SMTC KANNAMMOOLA | 25 |
| 4 | 527 | BABY SEBSTIAN | MANKUZHA | ST. MOTHER TERESA KANNAMMOLA | 25 |
| 5 | 529 | LISSAMMA THOMAS | MUKKADAN | GEEVARGHESE SAHADA KESAVADASAPURAM | 25 |
| 6 | 530 | JESSY SONY | ARACKAL HOUSE | GEEVARGHESE SAHADA KESAVADASAPURAM | 25 |
| 7 | 532 | CHINNAMMA JACOB | KOTTACKAMANNIL | LOURDE FORANE CHURCH | 25 |
| 8 | 533 | ELSAMMA JOSE | THENGUMPALLY | LOURDE HILL CHURCH PEROORKADA | 25 |

| | | | | | |
|---|---|---|---|---|---|
| 9 | 538 | ELIZABETH VAR-GHESE | KAPPILUMAKKIL | RANIGIRI CHURCH MANNAMTHALA | 25 |
| 10 | 539 | ROBIN JACOB | THUDIYAMPLACKAL | LOURDE HILL CHURCH PEROORKADA | 25 |
| 11 | 541 | SABU ANTONY | NEELAMKAVIL | S H THIRUVALLAM | 25 |
| 12 | 545 | GRACE G | MOOTHEDAM, PUT-HOOR | SFS CHURCH VATTIYOORK-AVU | 25 |
| **KOLLAM - AYOOR FORANE** | | | | | |
| 1 | 551 | JIJI MATHEW | MELUKUNNEL | PHILGIRI AYOOR | 25 |
| 2 | 552 | LINCY JOJI | MULAKUPADAM | S H PUNALUR, AYOOR | 25 |
| 3 | 556 | JIJI JOSEPH | THAZHATHUPARAMPIL | S H CHURCH PUNALUR | 25 |
| 4 | 557 | ABIN THOMAS | THYPARAMBIL HOUSE | ST.THOMAS CHURCH, PAZHEYOOR, AYOOR | 25 |
| 5 | 559 | VALSALA MATHEW | ORATHEL | PHILGIRI, AYOOR | 25 |
| 6 | 560 | T C GEORGE | THADATHILPURAYIDAM | ST. THOMAS SLEEVAPALLY | 25 |
| 7 | 561 | JAISA JOHNY | PALAPPALLIL HOUSE | ST. JOSEPH'S, PHILGIRI | 25 |
| 8 | 562 | SNEHA SAJI | EANTHENKUZHIYIL | ST.JOSEPH'S, PHILGIRI | 25 |
| 9 | 563 | MINI KURIAKOSE | MUTTATHIL HOUSE | ST.JOSEPH, PHILGIRI | 25 |
| 10 | 564 | ELSA MARIA PAUL | --------------- | PHILGIRI | 25 |
| **AMBOORI FORANE** | | | | | |
| 1 | 566 | GINO JOHN | THANICKAL HOUSE | ST. MARY' S CHURCH THEK-KUPARA | 25 |
| 2 | 567 | SINI TOM | MANJAMATTATHIL | ST. MARY' S CHURCH THEK-KUPARA | 25 |
| 3 | 568 | MERCY SINOD | MUPPASSERY | ST. MARY' S CHURCH THEK-KUPARA | 25 |

## നിൽപ്പ് സമരം

കാർഷിക മേഖലയെ നശിപ്പിക്കുന്ന സർക്കാർ സമീപനങ്ങളിൽ പ്രതിഷേധിച്ച് യുവദീപ്തി SMYM ഒക്ടോബർ 2 പ്രതിഷേധ ദിനമായി ആചരിച്ചു. ഇതോടനുബന്ധിച്ച് യൂണിറ്റ്, ഫൊറോന തലങ്ങളിൽ നിൽപ്പ് സമരം നടത്തി. അതിരൂപത സമിതിയുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് യൂണിറ്റ് ഫൊറോന നേതാക്കന്മാർ ഇതിന് നേതൃത്വം നൽകി.

## യുവനസ്രാണി സംഗമം സോൺ 04

അമ്പൂരി, കൊല്ലം, തിരുവനന്തപുരം ഫൊറോനകളെ ഉൾകൊള്ളിച്ചുകൊണ്ട് ഒക്ടോബർ 11 ന് തെക്കൻ മേഖല യുവനസ്രാണി സംഗമം ഓൺലൈനായി നടത്തി. ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം സംഗമം ഉദ്ഘാടനം ചെയ്തു.

## പ്രവാസി യുവജന സംഗമം

നാടും വീടും വിട്ട് ദൂരദേശങ്ങളിൽ ജോലി ചെയ്യുന്ന അതിരൂപതയിലെ യുവജനങ്ങൾക്കായി പ്രവാസി യുവജന സംഗമം നടത്തപ്പെട്ടു. പല നാടുകളിലായി ജോലിക്കും വിദ്യാഭ്യാസത്തിനുമായി പോയി ചിതറിക്കിടന്ന യുവജനങ്ങളെ ഒന്നിച്ചുകൊണ്ടുവരാൻ ഇതിലൂടെ സാധിച്ചു. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്ത സംഗമത്തിൽ അഭിവന്ദ്യ മാർ തോമസ് തറയിൽ അനുഗ്രഹപ്രഭാഷണം നടത്തി.

## ഉത്സവ് 2020 - അതിരൂപത കലോത്സവം

അതിരൂപത യുവദീപ്തി കലോത്സവം 2020 ഒക്ടോബർ 17 മുതൽ 25 വരെ നടത്തപ്പെട്ടു. ഓൺലൈനായി നടത്തപ്പെട്ട കലോത്സവം കെ.സി.വൈ.എം. സംസ്ഥാന പ്രസിഡന്റ് ശ്രീ. ബിജോ പി. ബാബു ഉദ്ഘാടനം ചെയ്തു.

## ആരോഗ്യപ്രവർത്തകരുടെ സംഗമം

ആശുപത്രിക്ക് അകത്തും പുറത്തും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി കഷ്ടപ്പെടുന്ന പ്രതിരോധത്തിന്റെ ആദ്യനിരയാണ് ആരോഗ്യപ്രവർത്തകർ. നാടിന് സേവനം ചെയ്യുന്ന ആരോഗ്യപ്രവർത്തകരെ ആദരിക്കുന്നതിനായി ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ് എം വൈ എം ന്റെ നേതൃത്വത്തിൽ 2020 ഒക്ടോബർ 25 ന് ആരോഗ്യ പ്രവർത്തകരുടെ സംഗമം നടത്തി. ചങ്ങനാശ്ശേരി അതിരൂപത മെത്രാപ്പോലീത്താ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം സംഗമം ഉദ്ഘാടനം ചെയ്തു.

## അഖണ്ഡ ബൈബിൾ പാരായണം

ഇടവക ദൈവാലയത്തിൽ അനുദിനം പോകാൻ സാധ്യതകൾ ഇല്ലാത്തപ്പോഴും

*ശേഷം പേജ് 70 ൽ.....»*

സ്നേഹം നിറഞ്ഞ കെ.സി.എസ്.എൽ കുടുംബാംഗങ്ങളെ,

കെ.സി.എസ്.എൽ നിന്നും സ്നേഹാന്വേഷണങ്ങൾ... കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ ശാരീരിക സാന്നിദ്ധ്യത്തിൽ ഒന്നിച്ചുകൂടുവാൻ നമുക്ക് അസാധ്യമായതിനാൽ ഓൺലൈൻ സംരംഭങ്ങളോട് ഒരു താല്പര്യവും സഹകരണവുമൊക്കെ നമുക്ക് ഇന്ന് വർദ്ധിച്ചിട്ടുണ്ട്. ഇത് നമ്മെ മഹാമാരിയുടെ ഭീതിനിറഞ്ഞ ഈ സാഹചര്യത്തിലും ക്രിസ്തുവിശ്വാസത്തിൽ ആഴപ്പെടുവാനും, ഈശോയുടെ കരംപിടിച്ച് അവനോടുകൂടെ നടക്കുവാനും വഴിയൊരുക്കട്ടെ. ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ സൈബർ അപ്പസ്തോലൻ എന്നറിയപ്പെടുന്ന വാഴ്ത്തപ്പെട്ട കാർലോ അക്യുട്ടീസിനെപോലെ നമ്മുടെ ഓൺലൈൻ സംരംഭങ്ങളെല്ലാം ഈശോയെ പ്രഘോഷിക്കാനുള്ള വേദിയായിരിക്കട്ടെ.

സ്കൂൾ വിദ്യാഭ്യാസം ഓൺലൈനായതിനാലും കുട്ടികളുമായി നേരിട്ട് ബന്ധപ്പെടാൻ സാധിക്കാത്തതിനാലും അവരുടെ മാനസികമായ സമ്മർദ്ദങ്ങളും പ്രശ്നങ്ങളും ബുദ്ധിമുട്ടുകളും മനസ്സിലാക്കാൻ അദ്ധ്യാപകർ ശ്രമിക്കുമല്ലോ.

ഒക്ടോബർമാസം 10, 12 തീയതികളിലായി കെ.സി.എസ്.എൽ. ന്റെയും ചങ്ങനാശേരി എഫ്.സി.സി. ദേവമാതാ പ്രൊവിൻസിന്റെയും നേതൃത്വത്തിൽ അഖിലകേരള വി. അൽഫോൻസാ ഇന്റർസ്കൂൾ ക്വിസ് മത്സരം ഓൺലൈനായി നടത്തപ്പെട്ടു. UP, HS, HSS എന്നീ വിഭാഗങ്ങളിലായാണ് മത്സരം നടത്തപ്പെട്ടത്. മത്സരത്തിൽ നിരവധിപ്പേർ പങ്കെടുത്തു. UP വിഭാഗത്തിൽ എയ്ഞ്ചൽ റോസ് അഭിലാഷ് (സെന്റ് തെരേസാസ് നെടുങ്കുന്നം) ഒന്നാംസ്ഥാനവും അശ്വതി സി. ജോൺ (സെന്റ് ജോസഫ്സ് ചങ്ങനാശേരി) രണ്ടാംസ്ഥാനവും അന്നു ജെയ്മോൻ (സെന്റ് അൽഫോൻസാ പബ്ലിക്ക് സ്കൂൾ കുടമാളൂർ) മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ഹൈസ്കൂൾ വിഭാഗത്തിൽ ട്രീസാ ജെയിംസ് (സെന്റ് ജോസഫ്സ് ചങ്ങനാശേരി) ഒന്നാംസ്ഥാനവും അഡോണ ടി. സാജൻ (സെന്റ് ആൻസ് ചങ്ങനാശേരി) രണ്ടാംസ്ഥാനവും അലീന ജെയ്മോൻ (സെന്റ് അൽഫോൻസാ പബ്ലിക് സ്കൂൾ കുടമാളൂർ) മൂന്നാംസ്ഥാനവും കരസ്ഥമാക്കി. ഹയർസെക്കണ്ടറി വിഭാഗത്തിൽ ശ്വേതാ ഷാജി (സെന്റ് ജോസഫ്സ് ചങ്ങനാശേരി) ഒന്നാംസ്ഥാനവും അക്ഷാ തോമസ് (സെന്റ് മേരീസ് ചമ്പക്കുളം), ട്രീസാ എലിസബത്ത് വർഗ്ഗീസ് (സെന്റ് തെരേസാസ് വാഴപ്പള്ളി) എന്നിവർ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. എല്ലാ വിജയികൾക്കും അഭിനന്ദനങ്ങൾ. ക്യാഷ് അവാർഡും സർട്ടിഫിക്കറ്റും പിന്നീട് സമ്മാനിക്കും.

നവംബർമാസത്തിൽ കെ.സി.എസ്.എൽ ഉം ചങ്ങനാശേരി എസ്.എ.ബി.എസ്. പ്രൊവിൻസും ചേർന്നു നടത്തുന്ന അഖിലകേരള ധന്യൻ മാർ തോമസ് കുര്യാളശ്ശേരി ഇന്റർ സ്കൂൾ ക്വിസ് മത്സരം ആദ്യഘട്ടം നവംബർ 12-ാം തീയതി രാവിലെ 8 മണിക്കും ഫൈനൽ മത്സരങ്ങൾ നവംബർ 14-ാം തീയതിയും നടക്കുന്നു. 5 മുതൽ 10-ാം ക്ലാസുവരെയുള്ള കെ.സി.എസ്.എൽ അംഗങ്ങൾക്ക് മത്സരത്തിൽ പങ്കെടുക്കാം. UP, HS എന്നീ വിഭാഗങ്ങൾക്ക് പ്രത്യേകം മത്സരങ്ങൾ ഉണ്ടായിരിക്കും. പഠനവിഷയങ്ങൾ ചുവടെ ചേർക്കുന്നു.

1. ധന്യൻ മാർ തോമസ് കുര്യാളശ്ശേരിയുടെ ജീവചരിത്രം – 40%
(ദിവ്യകാരുണ്യപ്രേഷിതൻ)
2. ബൈബിൾ – 20%
(1 കോറിന്തോസ് 1-8 അദ്ധ്യായങ്ങൾ, മർക്കോസ് 1-18 അദ്ധ്യായങ്ങൾ)
3. കുർബാനപുസ്തകം റാസക്രമം – 20%
4. കെ.സി.എസ്.എൽ ചരിത്രം – 20%

മത്സരത്തിനുള്ള വിഷയങ്ങൾ PDF ആയി അയച്ചിട്ടുണ്ട്. ആർക്കെങ്കിലും കിട്ടിയില്ലെങ്കിൽ സ്കൂൾ ആനിമേറ്ററുമായി ബന്ധപ്പെടുക. 'ദിവ്യകാരുണ്യ പ്രേഷിതൻ' എന്ന പുസ്തകം അതിരൂപതാ കെ.സി.എസ്.എൽ ഓഫീസിൽ ലഭ്യമാണ്.

ഒന്നാം സമ്മാനം – 1500/-
രണ്ടാം സമ്മാനം – 1000/-
മൂന്നാം സമ്മാനം – 700/
പ്രോത്സാഹനസമ്മാനം 7 പേർക്ക് 400 രൂപ വീതം.

നവംബർമാസത്തിൽ സ്കൂൾ അടിസ്ഥാനത്തിൽ കെ.സി.എസ്.എൽ അംഗങ്ങൾ തമ്മിൽ ഒരു സൗഹൃദസംഭാഷണം ഓൺലൈനായി സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നു. തീയതി പിന്നീട് അറിയിക്കുന്നതാണ്. ഇതിലേക്കും നിങ്ങളെല്ലാവരുടെയും കെ.സി.എസ്.എൽ ആനിമേറ്റേഴ്സിന്റെയും സഹകരണം സ്നേഹത്തോടെ പ്രതീക്ഷിക്കുന്നു.

## അഭിനന്ദനങ്ങൾ

മികച്ച അദ്ധ്യാപകനായി, കെ.സി.എസ്.എൽ സെൻട്രൽ കൗൺസിലും, കെ.സി.ബി.സി യും ചേർന്ന് നൽകുന്ന ഷെവലിയാർ പി.ടി. തോമസ് അവാർഡിന് ഈ വർഷം അർഹനായ ബഹുമാനപ്പെട്ട ജോസ് ജോസഫ് ആനിത്തോട്ടത്തിൽ സാറിന് ചങ്ങനാശേരി അതിരൂപതയുടെയും വിദ്യാർത്ഥിസഖ്യത്തിന്റെയും അഭിനന്ദനങ്ങൾ.

ലോകം മുഴുവൻ ആശങ്കയോടും പ്രയാസങ്ങളോടും കടന്നുപോകുന്ന ഈ കൊറോണ കാലഘട്ടത്തിൽ, പ്രത്യാശയോടെ ഇതിനെ നേരിടാനും ദൈവാശ്രയബോധത്തിൽ കൂടുതൽ ആഴപ്പെടാനും നമുക്ക് പരസ്പരം പ്രാർത്ഥിക്കാം.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

# കത്തോലിക്കാ കോൺഗ്രസ്
## AKCC

കത്തോലിക്കാ കോൺഗ്രസ് കുട്ടനാട്ടിലെ വിവിധ ഫൊറോനാ ഭാരവാഹികളുടെയും അതിരൂപതാ ഭാരവാഹികളുടെയും യോഗം 27/09/2020-ൽ ZOOM -ൽ ചേർന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ ആമുഖ സന്ദേശം നല്കി. ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതം ആശംസിച്ചു. 2020 ഒക്ടോബർ 2-ാം തീയതി തോട്ടപ്പള്ളി സ്പിൽവേ, കുട്ടനാട്ടിലെ തോടുകളുടെ ആഴം കൂട്ടുക, കർഷക തൊഴിലാളികളുടെയും, കർഷകരുടെയും പ്രശ്നങ്ങൾ പരിഹരിക്കുക, കർഷകരുടെ വിവിധ വിഷയങ്ങൾ പഠിക്കുവാൻ കമ്മീഷനെ നിയമിക്കുക, ഫ്ളൈഓവർ പണിയാനുള്ള സർക്കാർ നിലപാടിലും പ്രതിഷേധിച്ച് ഒക്ടോബർ 2-ാം തീയതി ഉപവാസസമരം മങ്കൊമ്പിൽ നടത്തുവാൻ തീരുമാനിച്ചു. അതിരൂപതാ എക്സിക്യൂട്ടീവ് യോഗം 10/10/2020-ൽ ZOOM -ൽ ചേർന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ ആമുഖ സന്ദേശം നല്കി. ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതം ആശംസിച്ചു. 2020 ഒക്ടോബർ 13-ാം തീയതി പി.എസ്സ്.സി.യിൽ സാമ്പത്തിക സംവരണം നടപ്പിലാക്കാത്തതിനെതിരെ പി. എസ്. സി ഓഫീസിനു മുൻപിലും, വിവിധ സർക്കാർ ഓഫീസുകൾക്ക് മുൻപിലും എല്ലാ ഫൊറോനകളും നില്പുസമരം നടത്തുവാൻ തീരുമാനിച്ചു. അതിരൂപതാ ഭാരവാഹികൾ തിരുവനന്തപുരം പി.എസ്.സി ഓഫീസിനു മുമ്പിൽ നടത്തണമെന്നു യോഗം നിർദേശിച്ചു. കേന്ദ്ര കാർഷിക ബില്ലിനെതിരെ രാജ്ഭവൻ മാർച്ച് നടത്തുവാൻ യോഗം തീരുമാനിച്ചു. നവംബർ 1 കേരളപ്പിറവി ദിനത്തിൽ ന്യൂനപക്ഷ ക്ഷേമ കമ്മീഷനിൽ വേണ്ട പ്രാതിനിധ്യം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് തിരുവനന്തപുരം സെക്രട്ടറിയേറ്റ് പടിക്കൽ സമരം നടത്തുവാൻ യോഗം തീരുമാനിച്ചു.

ചങ്ങനാശേരി എം എൽ എ ശ്രീ. സി എഫ് തോമസ് സാറിന്റെ നിര്യാണത്തിൽ യോഗം അനുശോചനം രേഖപ്പെടുത്തി. കത്തോലിക്കാ കോൺഗ്രസ് അതിരൂപത സമിതി ഭവനത്തിലെത്തി റീത്ത് സമർപ്പിച്ചു.

13/10/2020 ൽ കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ സമിതിയുടെ നിർദ്ദേശപ്രകാരം വിവിധ ഫൊറോനാകളുടെ നേതൃത്വത്തിൽ സംവരണേതര വിഭാഗങ്ങൾക്കുള്ള സാമ്പത്തിക സംവരണം PSC യിലും ഉൾപ്പെടുത്തുക. ഫാ. സ്റ്റാൻ സ്വാമിയെ ജയിൽ മോചിതനാക്കുക, എന്നീ വിഷയങ്ങൾ അവതരിപ്പിച്ചുകൊണ്ട് നില്പുസമരം നടത്തി. കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാസമിതിയുടെ നേതൃത്വത്തിൽ തിരുവനന്തപുരം PSC ഓഫീസിനു മുമ്പിൽ നടത്തിയ നില്പുസമരം അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. ജനറൽ സെക്രട്ടറി രാജേഷ് ജോൺ,

ഫാ. സോണി പള്ളിച്ചിറയിൽ, ഫാ. ജോമോൻ കാക്കനാട്ട് എന്നിവർ പ്രസംഗിച്ചു. കൊല്ലം ഫൊറോനായിലെ പുനലൂർ നെല്ലിപ്പള്ളി യൂണിറ്റിന്റെ നേതൃത്വത്തിൽ നടന്ന സമരം കൊല്ലം ഫൊറോനാ വൈദിക കൂട്ടായ്മ സെക്രട്ടറി ഫാ. മാത്യു നടക്കൻ ഉദ്ഘാടനം ചെയ്തു. അതിരൂപതാ സെക്രട്ടറി ടോണി ജെ കോയിത്തറ അധ്യക്ഷത വഹിച്ചു. ബാബു കിഴക്കേപ്പുറം, മേരിക്കുട്ടി ജോയ്, സന്തോഷ്, ജോസഫ് വിളക്കുന്നേൽ, അച്ചൻകുഞ്ഞ് വേണ്ടവിള എന്നിവർ പ്രസംഗിച്ചു. അതിരമ്പുഴ ഫൊറോനയുടെ നേതൃത്വത്തിൽ എം.ജി. യൂണിവേഴ്സിറ്റിയുടെ മുമ്പിൽ നടന്ന നില്പുസമരം കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ വർക്കിംഗ് കമ്മറ്റി അംഗം അഡ്വ. പി.പി ജോസഫ് ഉദ്ഘാടനം ചെയ്തു. കെ.എം. ചാക്കോ കൈതക്കരി അധ്യക്ഷത വഹിച്ചു. ജോയി പാറപ്പുറം, ബിജോ തുളശ്ശേരി, ജയിംസ് വള്ളിയാംപൊയ്ക എന്നിവർ പ്രസംഗിച്ചു. നെടുങ്കുന്നം ഫൊറോനാ സമിതി യുടെ നേതൃത്വത്തിൽ കറുകച്ചാൽ ഹെഡ്പോസ്റ്റ് ഓഫീസിനു മുമ്പിൽ നില്പു സമരം നടത്തി. ഫാ. അജിത്ത് പെരിങ്ങല്ലൂർ ഉദ്ഘാടനം ചെയ്തു. ശ്രീ. ബിജു സെബാസ്റ്റ്യൻ, ജോമോൻ ഇടത്താഴെ, ജോസ് എബ്രഹാം തട്ടാരടി, ടെസി അമ്പലത്തിങ്കൽ എന്നിവർ പ്രസംഗിച്ചു. കുറുമ്പനാടം ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ മാടപ്പള്ളി വില്ലേജ് ഓഫീസിനു മുമ്പിൽ നടത്തിയ നില്പു സമരം അതിരൂപതാ സെക്രട്ടറി ജോർജുകുട്ടി മുക്കത്ത് ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് മാത്തുക്കുട്ടി മൂലയിൽ, മാത്യു ജേക്കബ്, ടോമിച്ചൻ മുറിയെങ്കാവുങ്കൽ എന്നിവർ പ്രസംഗിച്ചു. കുടമാളൂർ ഫൊറോനായുടെ നേതൃ ത്വത്തിൽ നടത്തിയ നില്പുസമരം ഫൊറോനാ പ്രസിഡന്റ് ഷെയിൻ ജോസഫ് ഉദ്ഘാടനം ചെയ്തു. ശ്രീ. കുഞ്ഞ് കളപ്പുര, ബേബിച്ചൻ മുകളേൽ, ജെറിൻ ജോസ്, സാബു എട്ടുമൂലയിൽ, ദിലീപ് പാറമ്പുഴ, ജോബി പൊക്കത്തിൽ എന്നിവർ പ്രസംഗിച്ചു. കോട്ടയം ഫൊറോനായുടെ നേതൃത്വത്തിൽ മുട്ടമ്പലം PSC ഓഫീസിനു മുമ്പിൽ നടത്തിയ നില്പു സമരം യുവദീപ്തി കോട്ടയം ഫൊറോനാ ഡയറക്ടർ ഫാ. വിവേക് കളരിത്തറ MCBS ഉദ്ഘാടനം ചെയ്തു. കോട്ടയം ഫൊറോനാ പ്രസിഡന്റ് ജോസ് കല്ലുപുരയ്ക്കൽ ഗ്ലോബൽ വർക്കിംഗ് കമ്മറ്റി അംഗം അഡ്വ. പി.പി. ജോസഫ്, ജോബിൻ ജോസഫ്, ട്രഷറർ പി.സി. ചെറിയാൻ, സോളമൻ പാലത്തിങ്കൽ, സജി കെ. ചാണ്ടി, എന്നിവർ പ്രസംഗിച്ചു. ചമ്പക്കുളം ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ ചമ്പക്കുളം പോസ്റ്റ് ഓഫീസിനു മുമ്പിൽ നടത്തിയ നില്പു സമരം ഫൊറോനാ വികാരി റവ. ഫാ. എബ്രഹാം കാടാത്തുകളം ഉദ്ഘാടനം ചെയ്തു. സി.റ്റി തോമസ്, ജോസി പുതുമന, ചാക്കപ്പൻ എന്നിവർ പ്രസംഗിച്ചു. കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ റവന്യു ടവറിനു മുമ്പിൽ നടന്ന നില്പുസമരം ഫൊറോനാ വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. ഫൊറോനാ പ്രസിഡന്റ് ജോർജ് വർക്കി, സെക്രട്ടറി അരുൺ തോമസ്, ട്രഷറർ പി.സി. കുഞ്ഞപ്പൻ, മേരിക്കുട്ടി പാറേക്കടവിൽ ബെന്നി കല്ലുകുളം എന്നിവർ പ്രസംഗിച്ചു. ആലപ്പുഴ ഫൊറോനാ സമിതിയുടെ നേതൃത്വത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിനു മുമ്പിൽ നടത്തിയ നില്പു സമരം അതിരൂപതാ എക്സിക്യൂട്ടിവ് അംഗം ശ്രീ. ദേവസ്യ പുളിക്കാശ്ശേരി ഉദ്ഘാടനം ചെയ്തു. ശ്രീ. ടോമിച്ചൻ മേത്തശ്ശേരി അധ്യക്ഷത വഹിച്ചു. ശ്രീ. സെബാസ്റ്റ്യൻ ജോസഫ് ബംഗ്ലാവുപറമ്പിൽ, ശ്രീ. ജോസുകുട്ടി കലവറ, ആന്റണി ആറാട്ടുവഴി, സിബിച്ചൻ കൈതവന എന്നിവർ പ്രസംഗിച്ചു. തുരുത്തി ഫൊറോനാ

യുടെ നേതൃത്വത്തിൽ ചങ്ങനാശേരി ഹെഡ്പോസ്റ്റ് ഓഫീസിനു മുമ്പിൽ നില്പു സമരം നടത്തി. 14/10/2020 ബുധനാഴ്ച തൃക്കൊടിത്താനം ഫൊറോനാ സമിതി യുടെ നേതൃത്വത്തിൽ ചങ്ങനാശേരി ഹെഡ്പോസ്റ്റ് ഓഫീസിനു മുമ്പിൽ നില്പു സമരം കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ട്രഷറർ സിബി മുക്കാടൻ, ജോഷി എന്നിവർ പ്രസംഗിച്ചു.

20/10/2020 കത്തോലിക്കാ കോൺഗ്രസ് ഫൊറോനാ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ഗ്ലോബൽ പ്രതിനിധികൾ, അതിരൂപതാ എക്സിക്യൂട്ടീവ് എന്നിവരുടെ സംയുക്ത യോഗം ZOOM -ൽ ചേർന്നു. അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണിയുടെ അദ്ധ്യക്ഷതവഹിച്ചു. ജനറൽ സെക്രട്ടറി രാജേഷ് ജോൺ സ്വാഗതം ആശംസിച്ചു. കർഷക ബില്ലിനെതിരേ മാർച്ചുനടത്തുവാൻ യോഗം തീരുമാനിച്ചു. നെല്ലുസംഭരണം സിവിൽ സപ്ലൈസ് കോർപ്പറേഷൻതന്നെ നടത്തണം എന്നാവശ്യപ്പെട്ടുകൊണ്ട് 23/10/2020 വെള്ളിയാഴ്ച മങ്കൊമ്പ് പാഡി ഓഫീസിനു മുമ്പിൽ സമരം നടത്തുവാൻ യോഗം തീരുമാനിച്ചു. കസ്തൂരി രംഗൻ റിപ്പോർട്ടിനെതിരെ ശക്തമായ പ്രതിഷേധം നടത്തുന്ന കൊല്ലം ഫൊറോനാ യുടെ ഒപ്പം ചേർന്ന് സമരപരിപാടികൾ ആവിഷ്ക്കരിക്കാൻ യോഗം തീരുമാനി ച്ചു. അടുത്ത പ്രതിനിധി സഭായോഗം നവംബർ 8ന് 3.30 നടത്താൻ യോഗം തീരുമാനിച്ചു. യോഗത്തിന് സിബി മുക്കാടൻ നന്ദി അർപ്പിച്ചു.

സംസ്ഥാനത്ത് നെല്ലുസംഭരണം പ്രാഥമിക സഹകരണസംഘങ്ങളെ ഏൽപ്പിക്കാനുള്ള തീരുമാനത്തിൽ നിന്ന് സർക്കാർ പിൻമാറണമെന്ന് ആവശ്യപ്പെട്ട് കത്തോലിക്കാ കോൺഗ്രസ് ചങ്ങനാശേരി അതിരൂപതാ സമിതി യുടെ നേതൃത്വത്തിൽ മങ്കൊമ്പ് പാഡി ഓഫീസിനു മുമ്പിൽ 23/10/2020 വെള്ളി യാഴ്ച കർഷക രക്ഷാ നിൽപ് സമരം നടത്തി. നില്പുസമരം കത്തോലിക്കാ കോൺഗ്രസ് അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡയറക്ടർ ഫാ. ജോസ് മുകളേൽ ജനറൽ, സെക്രട്ടറി രാജേഷ് ജോൺ, ട്രഷറർ സിബി മുക്കാടൻ, സെക്രട്ടറി ജോസ് ജോൺ വെങ്ങാന്തറ, ഫൊറോനാ പ്രസിഡന്റുമാരായ സി.റ്റി. തോമസ്, മോഡി തോമസ്, സിബി മൂലംകുന്ന്, റ്റോമിച്ചൻ മേത്തശ്ശേരി എന്നിവർ പ്രസംഗിച്ചു. ശ്രീ. സജിമോൻ പീറ്റർ, റോയി വേലിക്കെട്ടിൽ, മാത്തുക്കുട്ടി കത്തിക്കര, എബിൻ ആയിരപ്പാറ, ഫിലിപ്പ് മുടന്തഞ്ജലി എന്നിവർ നേതൃത്വം നൽകി. കോവിഡ് 19ന്റെ പശ്ചാത്തലത്തിൽ പ്രവർത്തന ലാഭം ഇല്ലാതിരുന്ന സഹകരണ ബാങ്കുകളെ നെല്ല് സംഭരണത്തി നുള്ള ഗോഡൗണുകൾ ഇല്ലാത്തതും മാസങ്ങളോളം നെല്ല് സുരക്ഷിതമായി ശേഖരിക്കാനുള്ള സൗകര്യമില്ലാത്തതും നെല്ല് സംഭരണത്തെ അട്ടിമറിക്കും. നഷ്ടത്തിലായ സഹകരണ സംഘങ്ങൾക്ക് വൻ സാമ്പത്തിക ബാധ്യത വരുത്തുന്ന ഈ നടപടിയിൽ നിന്നും സർക്കാർ പിന്തിരിയണമെന്നും നില്പു സമരം ആവശ്യപ്പെട്ടു.

| | | |
|---|---|---|
| **വർഗീസ് ആന്റണി** | **ഫാ. ജോസ് മുകളേൽ** | **രാജേഷ് ജോൺ എൻ** |
| (പ്രസിഡന്റ്) | (ഡയറക്ടർ) | (ജനറൽ സെക്രട്ടറി) |

# ചാസ്
# CHASS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽനിന്നും ആശംസകൾ!!!**

നമ്മുടെ ജീവിതശൈലികളെ പൂർണ്ണമായും മാറ്റിമറിച്ച ഒരു സാഹചര്യത്തിലൂടെയാണ് നാം കടന്നുപോകുന്നത്. ഒരു മഹാമാരിയോട് സമരസപ്പെട്ടുകൊണ്ട് ജീവിക്കാൻ ലോകം മുഴുവൻ നിർബന്ധിതമായിരിക്കുകയാണ്. ഭയവിഹ്വലരായി അടച്ചുപൂട്ടി ഇരുന്നിട്ട് കാര്യമില്ലെന്നും, ജാഗ്രതയോടെ വർത്തിച്ചുകൊണ്ട് സാധാരണ ജീവിതം നയിക്കാൻ നമ്മൾ പരിശ്രമിക്കേണ്ടതാണെന്നും ഇപ്പോൾ നമുക്ക് മനസ്സിലായിത്തുടങ്ങി. 'ജാഗ്രത' ഏറെ പ്രധാനപ്പെട്ടകാര്യമാണ്. ഇത് കേവലം രോഗം വരാതിരിക്കാനുള്ള മുൻകരുതൽ മാത്രമല്ല. നമ്മുടെ ജനാധിപത്യമൂല്യങ്ങളെയും, മത-അഭിപ്രായ സ്വാതന്ത്ര്യങ്ങളെയും കാത്തുസൂക്ഷിക്കാനുള്ള ഓരോ വ്യക്തിയുടെയും ഉത്തരവാദിത്വവും 'ജാഗ്രത' അർത്ഥമാക്കുന്നു. സാമ്പത്തിക ചൂഷണത്തിന്റെ സാധ്യതകൾ വളരെയധികമുള്ള കാലഘട്ടത്തിൽ പാവപ്പെട്ടവരുടെ പക്ഷം ചേരുന്നതും ജാഗ്രതയാണ്. ഭരണകൂടങ്ങൾപോലും പലയിടങ്ങളിലും ചൂഷകന്റെ വേഷം അണിയുമ്പോൾ നാം കൂടുതൽ ജാഗ്രതയോടെ കാര്യങ്ങൾ നിർവ്വഹിക്കേണ്ടിയിരിക്കുന്നു. സാധാരണക്കാരുടെ നിലനില്പിനും വികസനത്തിനും ഉതകുന്ന പദ്ധതികളും പരിപാടികളും ഏറെ താത്പര്യത്തോടെ വിഭാവനം ചെയ്ത് നടപ്പാക്കാൻ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### 1. ചാസ് ഭവനനിർമ്മാണ പദ്ധതി 2020 ഒക്ടോബർ

| *ഇടവക* | *ഗുണഭോക്താക്കൾ* | *ഗഡു* | *തുക* |
|---|---|---|---|
| എടത്വാ | 1 | 3 | 10,000 |
| പുളിംകുന്ന് | 1 | 2 | 40,000 |
| കൈനകരി | 1 | 3 | 5,000 |
| കൂലിപ്പുര | 1 | 1 | 50,000 |
| കുമരകം വടക്കുംകര | 1 | 2 | 1,00,000 |
| പച്ച-ചെക്കിടിക്കാട് | 1 | 4 | 50,000 |
| മാമ്മൂട് | 1 | 1 | 50,000 |
| ആകെ | 7 | | 30,50,00 |

## 2. നവജീവൻ പ്രളയാനന്തര പുനരധിവാസ പദ്ധതി

### 2.1 ജീവനോപാധി വിപുലീകരണം

നവജീവൻ പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ ഭാഗമായി Caritas Germany-Livelihood Restoration for Most Backward Dalit (SC/ST) ജീവനോപാധി വിപുലീകരണത്തിന് തെരഞ്ഞെടുക്കപ്പെട്ട 10 കുടുംബങ്ങൾക്ക് 45000 രൂപയുടെ ധനസഹായം വിതരണം ചെയ്തു. ഒക്ടോബർ 17ന് പള്ളിക്കൂട്ടുമ്മ ഫാത്തിമാ മാതാ പാരീഷ്ഹാളിൽ സംഘടിപ്പിച്ച പരിപാടിയിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ പദ്ധതി വിശദീകരണം നടത്തി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കൽ സഹായവിതരണം നിർവ്വഹിച്ചു.

### 2.2 ആട് വിതരണം

നവജീവൻ പ്രളയാനന്തര പുനരധിവാസ പദ്ധതിയുടെ ഭാഗമായി Caritas Germany-Livelihood Restoration for Most Backward Dalit (SC/ST) ഒക്ടോബർ 9 ന് ആലപ്പുഴ, പുളിംകുന്ന് മേഖലകളിലെ തെരഞ്ഞെടുക്കപ്പെട്ട 12 കുടുംബങ്ങൾക്ക് 24 ആടുകളെ വിതരണം ചെയ്തു.

| *യൂണിറ്റ്* | *ഗുണഭോക്താക്കൾ* | *തുക* |
|---|---|---|
| അറുന്നൂറ്റിൻപാടം | 5 | 60,000 |
| കൈനകരി | 5 | 60,000 |
| പള്ളിക്കൂട്ടുമ്മ | 2 | 24,000 |
| **ആകെ** | **12** | **1,44,000** |

## കേന്ദ്ര വാർത്തകൾ

### മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിന സ്മാരക പദ്ധതികളുടെ ഉദ്ഘാടനം

മഹാത്മാഗാന്ധിയുടെ 150-ാം ജന്മദിനാഘോഷങ്ങളോടനുബന്ധിച്ച് കേന്ദ്ര ഖാദി കമ്മീഷൻ രാജ്യവ്യാപകമായി നടപ്പിലാക്കുന്ന 150 കർമ്മപദ്ധതികളിൽ ചാസ് ഖാദിയുടെ ഓൺലൈൻ മാർക്കറ്റിങ്ങിന്റെയും ഭിന്നശേഷിക്കാരുടെ സ്വയം തൊഴിൽ ലക്ഷ്യമാക്കി നടത്തുന്ന ചർക്ക വിതരണത്തിന്റെയും ഉദ്ഘാടനം ഒക്ടോബർ 1 ന് കേന്ദ്രഖാദി കമ്മീഷൻ ചെയർമാൻ ശ്രീ. വിനയകുമാർ സക്സേന നിർവഹിച്ചു. പാവപ്പെട്ടവരുടെ സമുദ്ധാരണത്തിനായി ചങ്ങനാശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റി രാജ്യത്തിനാകെ മാതൃകയാണെന്ന് ആദ്ദേഹം പ്രസ്താവിച്ചു. ന്യൂഡൽഹിയിലെ കേന്ദ്ര ഖാദി കമ്മീഷൻ ഓഫീസിൽ കോവിഡ് 19 പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഓൺലൈനായി ഉദ്ഘാടനകർമ്മം നിർവ്വഹിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര ഖാദി കമ്മീഷൻ കേരളത്തിൽ നിന്ന് ചങ്ങനാശ്ശേരി ചാസ്, കോഴിക്കോട് സർവ്വോദയസംഘം, പയ്യന്നൂർ ഫിർക്ക എന്നീ മൂന്ന് സ്ഥാപനങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയത്. സമ്മേളനത്തിൽ ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ഡയറക്ടർ ശ്രീമതി കെ. ലളിതാമണി മുഖ്യപ്രഭാഷണം നടത്തി.

### തേൻ വെളുത്തുള്ളിയുടെ വിപണനോദ്ഘാടനം

ചാസ് ഖാദി അമ്മ ഫുഡ് പ്രോഡക്ട്സിന്റെ പുതിയ ഉൽപ്പന്നമായ തേൻ വെളുത്തുള്ളിയുടെ വിപണനോദ്ഘാടനം ഒക്ടോബർ 1 ന് ചാസ് അങ്കണത്തിൽ

ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം നിർവഹിച്ചു. വികാരി ജനറാളും ചാസ് പ്രസിഡന്റുമായ ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷത വഹിച്ചു.

## കർഷക ഉൽപ്പാദക കമ്പനി (FPC) രൂപീകരണം

ചാസിന്റെ പ്രവർത്തന മേഖലയിലെ കർഷകരെ സംഘടിപ്പിച്ച് കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷകർക്കായി പ്രഖ്യാപിച്ചിരിക്കുന്ന കാർഷിക പാക്കേജുകൾ നേടിയെടുക്കാൻ കർഷകരെ സജ്ജരാക്കുന്നതിന് ചാസിന്റെ നേതൃത്വത്തിൽ കർഷക ഉൽപ്പാദക കമ്പനികൾക്ക് രൂപം നൽകിവരുന്നു. ഇതിന്റെ ആദ്യഘട്ടമെന്ന നിലയിൽ കർഷകർക്കായി ഒക്ടോബർ മൂന്നിന് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. പ്രവർത്തനം സുഗമമായി നടത്തി കൊണ്ടുപോകുന്നതിന് മേഖലാ കോ-ഓർഡിനേറ്റർമാർക്ക് പരിശീലനം നൽകി. ചാസ് കോൺഫ്രൻസ് ഹാളിൽ വച്ചു നടത്തിയ അർദ്ധദിന ശിൽപശാലയിൽ ശ്രീ. ജെയിംസ് വടക്കൻ ആവശ്യമായ നിർദ്ദേശങ്ങളും വിശദീകരണങ്ങളും നൽകി.

## നവജീവൻ -സാമൂഹ്യാധിഷ്ഠിത ദുരന്ത സാധ്യതാ ലഘൂകരണ പദ്ധതി

ചാസ് കാരിത്താസ് ഇൻഡ്യയുമായി സഹകരിച്ച് കുട്ടനാട്ടിലെ 10 പഞ്ചായത്തുകളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 10 വാർഡുകളിൽ നടപ്പിലാക്കിവരുന്ന സാമൂഹ്യാധിഷ്ഠിത ദുരന്തസാധ്യതാ ലഘൂകരണ പദ്ധതിയുടെ അവലോകന യോഗം ചാസ് ഓഫീസിൽ ഒക്ടോബർ മാസം14, 24 തീയതികളിൽ സംഘടിപ്പിച്ചു. ഡയറക്ടർ ഫാ. ജോസഫ് കളരിക്കലിന്റെ അദ്ധ്യക്ഷതയിൽ നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും അടുത്ത 5 മാസക്കാലയളവിൽ നടപ്പിലാക്കേണ്ട പ്രവർത്തനങ്ങൾക്ക് രൂപരേഖ തയ്യാറാക്കുകയും ചെയ്തു. നവംബർ 15 ന് മുമ്പായി 10 വാർഡുകളിലും കർമ്മസേനാംഗങ്ങൾക്ക് ദുരന്തനിവാരണ മാർഗ്ഗങ്ങളെക്കുറിച്ച് അർദ്ധദിന ബോധവത്ക്കരണ സെമിനാർ സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

## വാട്ടർ എയ്ഡ് പദ്ധതി സന്ദർശനം

വാട്ടർ എയ്ഡ് അന്തർദേശീയ സന്നദ്ധ സംഘടനയുമായി സഹകരിച്ച് പാലക്കാട് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി എലപ്പുള്ളി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന വാട്ട്സാൻ (Water & sanitation) പദ്ധതി പ്രദേശങ്ങൾ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ, പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു എന്നിവർ സന്ദർശിച്ച് ജലസംരക്ഷണ പ്രവർത്തനങ്ങൾ വിലയിരുത്തി. കുട്ടനാടൻ മേഖലയിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുവാനുള്ള കർമ്മപദ്ധപതിക്ക് രൂപം നൽകാൻ സഹായം തേടുകയും ചെയ്തു.

## കോവിഡ് ബോധവത്ക്കരണം

ചാസ് സേവ് എ ഫാമിലി കുടുംബോദ്ധാരണ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള ചങ്ങനാശ്ശേരി, അതിരമ്പുഴ മേഖലകളിലെ കുടുംബാംഗങ്ങൾക്ക് ചാസ് കേന്ദ്ര ഓഫീസിൽ വച്ച് ഒക്ടോബർ 15, 16 തീയതികളിൽ കോവിഡ് ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു. ചാസ് പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു ക്ലാസ് നയിച്ചു.

## ശീതകാല പച്ചക്കറിത്തൈ വിതരണം

ചാസ് കേന്ദ്ര ഓഫീസിന്റെ സ്വാശ്രയവിപണിയിൽ നിന്നും ഒക്ടോബർ 19, 20, 21, 22, 23, തീയതികളിൽ ശീതകാല പച്ചക്കറിത്തൈകളും, മിശ്രിതം നിറച്ച ഗ്രോബാഗ്, ജൈവവളം, മലേഷ്യൻ ഡ്വാർഫ് തെങ്ങിൻതൈ എന്നിവയും വിതരണം ചെയ്തു.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ പദ്ധതികൾവഴി 2020 ഒക്ടോബർ മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ.

### (1) SHG മരണാനന്തര സഹായം

| | പേര് | സംഘം | യൂണിറ്റ് | മേഖല |
|---|---|---|---|---|
| 484. | വർഗ്ഗീസ് പി.എ. | ഒരുമ | കുറിച്ചി | തുരുത്തി |
| 485. | സിന്ധു രാജപ്പൻ | കൃപ | തകഴി | എടത്വ |
| 486. | ഉഷമ്മ പ്രസന്നൻ | കൃപ | രാമങ്കരി | പുളിംകുന്ന് |
| 487. | ആനിയമ്മ ആന്റണി | ഐശ്വര്യ | പുത്തനങ്ങാടി | ആലപ്പുഴ |
| 488. | ഐഡ ജേക്കബ് | നവരഞ്ജിനി | ചാത്തനാട് | ആലപ്പുഴ |

### (2) മ്യൂച്വൽ ബെനഫിറ്റ് സ്കീം

- **മരണാനന്തരസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 420. കാർത്തി കാഞ്ഞിരം കാല | നാൽപ്പാത്തിമല | അതിരമ്പുഴ |
| 421. ത്രേസ്യാമ്മ പനംകളം | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 422. മണിക്കുട്ടൻ എം. ജി. ചെൻതുരുത്തി | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 423. ക്ലാരമ്മ ജോസഫ്, വടക്കുംമുറി | പാറേൽ | ചങ്ങനാശ്ശേരി |
| 424. കുഞ്ഞുമോൻ, വെട്ടുപറമ്പ് | പാറേൽ | ചങ്ങനാശ്ശേരി |
| 425. മറിയകുട്ടി വർഗ്ഗീസ്, തുണ്ടിപറമ്പ് | മാന്നില | കുറുമ്പനാടം |
| 426. സെബാസ്റ്റ്യൻ വി.സി. വെള്ളിമംഗലം | ലിസ്യൂ | അതിരമ്പുഴ |
| 427. കെ.റ്റി. സേവ്യർ, കടുവപറമ്പിൽ | പഴവങ്ങാടി | ആലപ്പുഴ |
| 428. ലത ജോയി, പ്ലാക്കിൽ | പഴവങ്ങാടി | ആലപ്പുഴ |
| 429. തോമസ് ആന്റണി, മരങ്ങാട്ട് | ളായിക്കാട് | ചങ്ങനാശ്ശേരി |
| 430. തോമസ് വർഗ്ഗീസ്, മൈലേട്ട് | കുളത്തൂർ | മണിമല |
| 431. ജോയി കെ.ജെ. കക്കൂർ | ചെറുവാണ്ടൂർ | അതിരമ്പുഴ |
| 432. ജെയ്നമ്മ ചെറിയാൻ കട്ടംപള്ളി | കല്ലൂർക്കാട് | ചമ്പക്കുളം |

- **ചികിത്സാസഹായം**

| പേര് | യൂണിറ്റ് | മേഖല |
|---|---|---|
| 208. സുമതി രാജൻ പള്ളിപറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 209. എ.ഡി. ജോസഫ്, അച്ചോത്തിൽ | പായിപ്പാട് | തൃക്കൊടിത്താനം |

| | | |
|---|---|---|
| 210. ലാലിമ്മ ദേവസ്യ, പി.സി കവല | പായിപ്പാട് | തൃക്കൊടിത്താനം |
| 211. ഷാജി എം.വൈ. മച്ചിപ്പള്ളിപുത്തൻപറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |
| 212. ത്രേസ്യാമ്മ ഫ്രാൻസിസ്, തെക്കുംപുറം | നാൽപ്പാത്തിമല | അതിരമ്പുഴ |
| 213. മോളി ജോസഫ്, കടുപ്പിൽ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 214. ശാന്തി ജോസഫ്, കുട്ടംപേരൂർ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 215. ആൻസി ജിം. കൂട്ടുമ്മേൽ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 216. തങ്കമ്മ വർഗ്ഗീസ്, പനയ്ക്കൽ | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 217. ആനിമ്മ ദേവസ്യ, കൈനിക്കര | കൊടിനാട്ടുംകുന്ന് | തൃക്കൊടിത്താനം |
| 218. കോമളം പാലയൂർ | രാജഗിരി | അമ്പൂരി |
| 219. തോമാച്ചൻ കാവുങ്കൽ | വെരൂർ | ചങ്ങനാശ്ശേരി |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽനിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2020 ഒക്ടോബർ മാസം 31,900/- രൂപ അനുവദിച്ചു.

## (4) സേവ് എ ഫാമിലി പ്ലാൻ (SAFP)

(a) 2020 ഒക്ടോബർ മാസം 105 കുടുംബങ്ങൾക്ക് 12,90,400/- രൂപ സഹായധനം അനുവദിച്ചു.

(b) സേവ് എ ഫാമിലി പ്ലാൻ കുടുംബോദ്ധാരണ പദ്ധതിയിലേയ്ക്ക് കുട്ടനാട്, അതിരമ്പുഴ, ചങ്ങനാശ്ശേരി മേഖലകളിൽനിന്നും 2020 ഒക്ടോബർ മാസം 23 കുടുംബങ്ങളെ പുതുതായി തെരഞ്ഞെടുത്തു.

| *യൂണിറ്റ്* | *കുടുംബങ്ങൾ* | *യൂണിറ്റ്* | *കുടുംബങ്ങൾ* |
|---|---|---|---|
| നാൽപ്പാത്തിമല | 1 | തെള്ളകം | 2 |
| ചെറുവാണ്ടൂർ | 3 | ചേന്നംകരി | 2 |
| ചെമ്പുംപുറം | 2 | പള്ളാത്തുരുത്തി | 2 |
| കാവാലം സെന്റ് തെരേസാസ് | 1 | മൈലാടി | 5 |
| നെടുംകുന്നം | 1 | കുറുമ്പനാടം | 1 |
| അസംപ്ഷൻ | 2 | കരിമ്പനക്കുളം | 2 |

# മേഖലാവാർത്തകൾ

## സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 27.07.2020 | ഏറ്റുമാനൂർ | ക്രൈസ്റ്റ് | 14 |
| 11.08.2020 | മാടപ്പള്ളി | മത്സ്യതീരം | 11 |
| 14.08.2020 | വേഴപ്രാ | സെന്റ് റീത്ത | 15 |
| 22.09.2020 | തത്തംപള്ളി | ഇലവൻ സ്റ്റാർ | 11 |
| 24.09.2020 | കാവാലം സെന്റ് തെരേസാസ് | കർഷകമിത്ര | 18 |
| 25.09.2020 | എടത്വാ | പുലരി | 19 |
| 29.09.2020 | ചമ്പക്കുളം | സമൃദ്ധി | 18 |
| 06.10.2020 | മാടപ്പള്ളി | ELSS | 14 |
| 14.10.2020 | കൈനടി | സെന്റ് ജൂഡ് | 11 |

## കർഷക സമിതി ഭാരവാഹികളുടെ മീറ്റിംഗ്

പുളിംകുന്ന് മേഖല കർഷക സമിതി ഭാരവാഹികളുടെ മീറ്റിംഗ് സെപ്റ്റംബർ 29 ചൊവ്വാഴ്ച 3 മണിക്ക് പള്ളിക്കൂട്ടുമ്മ ഫാത്തിമ മാതാ പള്ളി പാരീഷ് ഹാളിൽ സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ലൂയിസ് വെള്ളാനിക്കലിന്റെ അദ്ധ്യക്ഷതയിൽ നടന്നയോഗത്തിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ കർഷകർക്കായി ചാസ് നടത്തുന്ന പദ്ധതികളെക്കുറിച്ചും, നാട്ടുചന്ത നടപ്പാക്കുന്നതിനെക്കുറിച്ചും വിശദീകരിച്ചു. പദ്ധതി നടത്തിപ്പിനായി ഡോ. തങ്കച്ചൻ വേലക്കളം, ചാക്കോച്ചൻ നെല്ലുവേലി, ജിമ്മിച്ചൻ പുറവടി, നൈനാൻ തോമസ് മുളപ്പാൻമഠം, ജോബ് കെ. മാത്യു എന്നിവരെ ഉൾപ്പെടുത്തി കമ്മറ്റി രൂപീകരിച്ചു.

## നോട്ടുബുക്ക് വിതരണം

ഫിൽഗിരി ഗ്രാമവികസന ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ മൈക്രോ ക്രെഡിറ്റ് പ്രോഗ്രാമിൽ അംഗങ്ങളായ തെരഞ്ഞെടുക്കപ്പെട്ട 100 കുടുംബങ്ങളിലെ 101 കുട്ടികൾക്കായി 340 രൂപ വീതം വിലയുള്ള നോട്ടുബുക്കുകൾ സെപ്റ്റംബർ 22 ന് വിതരണം ചെയ്തു. യൂണിറ്റ് ഡയറ്ടർ ജോൺ മുള്ളംപാറ, യൂണിറ്റ് പ്രസിഡന്റ് ശ്രീ. സാജു മേലുകുന്നേൽ, സെക്രട്ടറി ശ്രീ. ജോണി മൂങ്ങനാനിൽ, എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

---

*യുവദീപ്തി - SMYM തുടർച്ച.....»*

ആത്മീയമായി വളരുവാനും നമുക്ക് ലഭ്യമായ മാധ്യമങ്ങളിലൂടെ ആത്മീയ ജീവിതം കരുപ്പിടിപ്പിക്കാനും കോവിഡ് മഹാമാരിയിൽ നിന്ന് ലോകത്തെ മോചിപ്പിക്കുന്നതിനായി യുവജനങ്ങൾ വചനം വായിച്ച് ധ്യാനിക്കുക എന്ന ലക്ഷ്യത്തോടെ ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ് എം വൈ എം ന്റെ നേതൃത്വത്തിൽ ഒക്ടോബർ 26 മുതൽ 30 വരെ അഖണ്ഡ ബൈബിൾപാരായണം നടത്തി.

## ഇക്കോസെൻസിറ്റീവ് സോൺ വിജ്ഞാപനത്തിനെതിരെ യുവജനപ്രക്ഷോഭം

കേന്ദ്ര സർക്കാർ നടപ്പിലാക്കാൻ പോകുന്ന ഇക്കോസെൻസിറ്റീവ് സോൺ എന്ന വിജ്ഞാപനത്തിലെ കർഷകദ്രോഹനടപടികൾ മുന്നിൽകണ്ട് അതിനെതിരെ യുവജനപ്രക്ഷോഭം നടത്തപ്പെട്ടു. വിജ്ഞാപനം അനുസരിച്ചുള്ള ബഫർ സോൺ പ്രഖ്യാപനം പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഇമെയിൽ ക്യാമ്പയിൻ, സ്റ്റാറ്റ്സ് മാർച്ച്, പ്രതിഷേധ ജ്വാല എന്നിവ അതിരൂപത സമിതിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു.

**ഫാ. ജേക്കബ് ചക്കാത്ര**
(ഡയറക്ടർ)

# കേരള ലേബർ മൂവ്മെന്റ്
## KLM

ചങ്ങനാശേരി അതിരൂപതയുടെ തൊഴിലാളി പ്രസ്ഥാനം കെ.എൽ.എം. സംഘടിതമായി നീങ്ങുവാൻ സാധ്യമല്ലാത്ത ഈ കാലയളവിലും പരസ്പരം കണ്ടു മുട്ടുവാനും, സഹായ സഹകരണങ്ങൾ ചെയ്യുവാനും സന്നദ്ധരായി മുന്നേറുന്നു എന്നത് ഏറെ സന്തോഷകരമായ വസ്തുതയാണ്. പ്രസ്ഥാനത്തിലുള്ളവരെയും കുടുംബാംഗങ്ങളെയും കോവിഡ് 19 ബാധിച്ചു എങ്കിലും ഏവരും പൂർണ്ണ ആരോഗ്യവാന്മാരായി തുടരുന്നു. രോഗമുക്തി പ്രാപിച്ചവരെയും രോഗികളായവരെയും പ്രാർത്ഥനയിൽ പ്രത്യേകം ഓർക്കാം...

ഈ കാലയളവിൽ നമ്മിൽ നിന്ന് വേർപിരിഞ്ഞുപോയ ചങ്ങനാശേരി യൂണിറ്റിലെ ഹോളിഫാമിലി സംഘാംഗം ശ്രീ. ജോസഫ് മാത്യു ഇടശ്ശേരിപറമ്പ്, വെട്ടിമുകൾ യൂണിറ്റിലെ സെന്റ് മേരീസ് സംഘാംഗം ശ്രീ. ബേബി ജോസഫ് എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുകയും ചെയ്യുന്നു.

മാടപ്പള്ളി യൂണിറ്റിലെ ബെനഡിക്ട് സംഘാംഗം പരേതനായ തോമസ് മാത്യു വേങ്ങമ്മൂട് (6.10.2020) പൊടിപ്പാറ യൂണിറ്റിലെ സെന്റ് ജോസഫ് സംഘാംഗം ജെയിംസ് തോമസ് വള്ളികാട് (8.10.2020) എന്നിവരുടെ കുടുംബത്തിന് മരണാനന്തര സഹായനിധി കൈമാറി. ബഹുമാനപ്പെട്ട മാടപ്പള്ളി വികാരി ഫാ. ചാക്കോ പുതിയാപറമ്പിൽ, പൊടിപ്പാറ പള്ളി വികാരി ഫാ. ജോസഫ് കട്ടപ്പുറം എന്നിവരെയും സംഘാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. ജോസ് പുത്തൻചിറ**

പ്രിയ പ്രവാസി സഹോദരങ്ങളെ,

പ്രവാസി അപ്പോസ്തലേറ്റിൽ നിന്നും പ്രാർത്ഥനകളും ആശംസകളും, കോവിഡ്-19 പശ്ചാത്തലത്തിൽ പ്രവാസി അപ്പോസ്തലേറ്റ് നിരവധി പ്രവർത്തനങ്ങൾ മികച്ച രീതിയിൽ ചെയ്തുവരുന്നു. പ്രവാസി സഹോദരങ്ങൾ നാട്ടിലും വിദേശത്തു മായി ഒറ്റക്കെട്ടായി ചേർന്നുനിന്ന് നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദാർഹ മാണ്. പ്രവാസി അപ്പോസ്തലേറ്റിന്റെ ഉപസ്ഥാപനമായി പ്രവർത്തിക്കുന്ന പ്ലാസിഡ് സൊസൈറ്റി വഴി കോവിഡ് സെന്ററുകളിലേയ്ക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ചെയ്യാൻ സാധിച്ചു. കോവിഡ്-സെന്ററുകളിലേയ്ക്ക് രണ്ടാം തവണയും സാധനസാമഗ്രികൾ വിതരണം ചെയ്തു. കോട്ടയം നവജീവൻ ട്രസ്റ്റി ലേയ്ക്കാവശ്യമുള്ള PPE Kits, N-95 Masks, Dettol, Soap, പഴവർഗ്ഗങ്ങൾ എന്നിവ വിതരണം ചെയ്തു. നവജീവൻ ട്രസ്റ്റി പി.യു. തോമസ് ചേട്ടനും അവിടുത്തെ അന്തേവാസികൾക്കും കോവിഡ് ബാധിച്ച സാഹചര്യത്തിലാണ് ഈ ശുശ്രൂഷ ഏർപ്പെടുത്തിയത്. പ്രവാസി അപ്പോസ്തലേറ്റ് ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പ നിക്ക് രൂപം കൊടുത്തു.

## വി. കുർബാന

പ്രവാസികൾക്ക് വേണ്ടിയുള്ള വി. ബലിയർപ്പണം പുനരാരംഭിച്ചു. 18-10-2020 മുതൽ കോട്ടയം വടവാതൂർ സെന്റ് തോമസ് ദൈവാലയത്തിൽ നിന്നും ദിവസ വും ഇന്ത്യൻ സമയം രാത്രി 9 മണിക്ക് തത്സമയം സംപ്രേക്ഷണം നടത്തുന്നു.

## യൂട്യൂബ് ചാനൽ

☞ പ്രവാസലോകത്തെ പ്രതിവാര വാർത്തകൾ സംപ്രേക്ഷണം ചെയ്തുവരു ന്നു.

☞ സിജു ആലഞ്ചേരി നയിക്കുന്ന മോട്ടിവേഷൻ ക്ലാസുകൾ സംപ്രേക്ഷണം ചെയ്യു ന്നു.

☞ പ്രവാസി അപ്പോസ്തലേറ്റിന്റെ ഖത്തർ അംഗമായ ചങ്ങനാശേരി അതിരൂപത പാറേൽ സെന്റ് മേരീസ് ഇടവകാംഗം കുട്ടംപേരൂർ ചക്കാലയ്ക്കൽ ജോണി ജോസ ഫിന്റെ മകൻ ജെറി ജോണിന്റെ മൃതസംസ്ക്കാരശുശ്രൂഷകൾ ഉച്ചയ്ക്ക് 1 മണി മുതൽ തത്സമയം സംപ്രേക്ഷണം ചെയ്തു.

## വീഡിയോ കോൺഫറൻസ്

9-10-2020 - സൗദി അറേബ്യാ ഫാമിലി മീറ്റിംഗ് - 3 മുതൽ 4 വരെയും എക്സി ക്യൂട്ടീവ് മീറ്റിംഗ് 4 മുതൽ 5 വരെയും നടത്തി.

16.10.2020 - U.A.E. ചാപ്റ്റർ ഫാമിലി മീറ്റിംഗ് ഉച്ചകഴിഞ്ഞ് 3 മുതൽ 4.30 വരെയും എക്സിക്യൂട്ടീവ് മീറ്റിംഗ് 4.30 മുതൽ 5.30 വരെയും നടത്തുകയുണ്ടായി.

23.10.2020 – ഖത്തർ, കുവൈറ്റ് എന്നിവിടങ്ങളിലെ ഫാമിലിമീറ്റും എക്സിക്യൂട്ടീവ് മീറ്റിംഗും നടത്തി.

## ജിസിസി വാർത്തകൾ

അതിരൂപതാംഗങ്ങളായ പ്രവാസികളെ നോർക്ക ഐഡന്റിറ്റി കാർഡ് എടുക്കുന്നതിനും പ്രവാസി ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുന്നതിനും വേണ്ട ക്രമീകരണങ്ങളും സഹായങ്ങളും ചെയ്ത് കൊടുക്കാൻ എല്ലാ ഗൾഫ് രാജ്യങ്ങളിലും പ്രവാസി അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ ഹെൽപ്പ് ഡെസ്ക്കുകൾ ആരംഭിച്ചു.

സീറോ മലബാർ സഭയുടെ നേരിട്ടുള്ള ശുശ്രൂഷാ സംവിധാനങ്ങൾ ഇല്ലാത്ത ആഫ്രിക്ക, സിംഗപ്പൂർ, മലേഷ്യ, കൊറിയ തുടങ്ങിയ രാജ്യങ്ങളിൽ എത്രയും വേഗം വാട്സ് ആപ് ഗ്രൂപ്പുകൾ ആരംഭിക്കാൻ തീരുമാനിച്ചു. ഇതിന്റെ തുടർച്ചയായി ആഫ്രിക്കൻ രാജ്യങ്ങളിലെ അംഗങ്ങൾക്കും ഫാർ ഈസ്റ്റിലെ അംഗങ്ങൾക്കും വേണ്ടി ഓരോ വാട്സ് ആപ് ഗ്രൂപ്പുകൾ തുടങ്ങിയിട്ടുണ്ട്.

യുഎഇ യിൽ സ്വന്തമായി ബിസിനസ്സ് നടത്തുന്ന അതിരൂപതാംഗങ്ങളെ കൂട്ടിചേർത്ത് ബിസിനസ്സ് ടു ബിസിനസ് നെറ്റ്വർക്ക് രൂപീകരിക്കാൻ തീരുമാനിച്ചു.

ഇസ്രായേലിൽ ശ്രീമതി ബെസ്സി പി. വർഗീസിന്റെ നേതൃത്വത്തിലുള്ള എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് അംഗീകാരം നല്കി. ബെസ്സിയെ കൂടാതെ, ലിൻസി മാത്യു അസിസ്റ്റന്റ് കോർഡിനേറ്റർ, സോളിമ്മ തോമസ് സെക്രട്ടറി എന്നിവരെയും ബഹുമാനപ്പെട്ട ഡയറക്ടർ അച്ചൻ നിയമിച്ചു.

## അനുശോചനം

ആദരണീയനായ കുവൈറ്റ് അമീർ ഷെയ്ഖ് സബാ അൽ അഹമ്മദ് അൽ ജാബർ അൽ സാബായുടെ നിര്യാണത്തിൽ കുവൈറ്റിലെ പ്രവാസികളോടൊപ്പം ചങ്ങനാശ്ശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റും ആദരസൂചകമായി അനുശോചനമറിയിച്ചു.

ഒമാനിൽ വാഹനാപകടത്തിൽ നിര്യാതനായ ചങ്ങനാശേരി അതിരൂപത, മണിമല സെന്റ് ബേസിൽ ഇടവകാംഗമായ ബിജോ കരിമ്പൻമാക്കലിന്റെ (42) നിര്യാണത്തിൽ പ്രവാസി അപ്പോസ്തലേറ്റ് അനുശോചനം രേഖപ്പെടുത്തി.

ചങ്ങനാശേരി അതിരൂപത പ്രവാസി അപ്പോസ്തലേറ്റ് ഖത്തർ അംഗമായ പാറേൽ സെന്റ് മേരീസ് ഇടവകാംഗം കുട്ടംപേരൂർ ചക്കാലയ്ക്കൽ ജോണി ജോസഫിന്റെ മകൻ ജെറി ജോണി (20)യുടെ നിര്യാണത്തിൽ പ്രവാസി അപ്പോസ്തലേറ്റ് അനുശോചനമറിയിച്ചു.

**ഫാ. റ്റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

''ഒരു കാര്യം മാത്രം ഞാൻ തേടുന്നു കർത്താവിന്റെ മാധുര്യം ആസ്വദിക്കാനും, കർത്താവിന്റെ ആലയത്തിൽ അവിടുത്തെ ഹിതം ആരായാനുംവേണ്ടി ജീവിതകാലം മുഴുവൻ അവിടുത്തെ ആലയത്തിൽ വസിക്കാൻ തന്നെ'' (സങ്കീ. 27:4).

ലോകം ഇന്ന് പലതും കൺമുൻപിൽ വച്ചുനീട്ടുമ്പോൾ അതിന്റെ രുചി അറിയുവാൻ മനുഷ്യൻ ഓടുകയാണ്. യഥാർത്ഥ മാധുര്യം കർത്താവാണ് എന്ന തിരിച്ചറിവിൽ ഈ കാലയളവിൽ ജീവിക്കാൻ പരിശ്രമിക്കാം. മദ്യമയക്കുമരുന്നു ലഹരി എന്ന മഹാവിപത്ത് കുടുംബത്തിൽ നിന്നും, സമൂഹത്തിൽ നിന്നും തുടച്ചുനീക്കുവാൻ കൈകോർക്കാം.... അതിരൂപതയും, കെ.സി.ബി.സി മദ്യവിരുദ്ധ സമിതിയും, ജനകീയ മുന്നേറ്റ പ്രസ്ഥാനവും നടത്തുന്ന പ്രവർത്തനങ്ങളോട് സഹകരിക്കാം..........

**ഫാ. ജോസ് പുത്തൻചിറ**

## കെ.സി.ബി.സി. മദ്യവിരുദ്ധ പ്രസ്ഥാനം ഡയറക്റ്റേഴ്സ് മീറ്റ്

ഒക്ടോബർ 19 തിങ്കളാഴ്ച രാവിലെ 10 മണിക്ക് സൂം കോൺഫ്രൻസിൽ അഭിവന്ദ്യ മാർ യൂഹാനോൻ, മാർ തെയഡോഷ്യസ് പിതാവിന്റെ അധ്യക്ഷതയിൽ ഡയറക്റ്റേഴ്സ് സംഗമം നടത്തപ്പെട്ടു.

## കെ.സി.ബി.സി മദ്യവിരുദ്ധ സമിതി പ്രതിക്ഷേധിച്ചു.

ആദിവാസി ഗോത്രവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പ്രവർത്തിച്ച സ്റ്റാൻ അച്ചനെ രാജദ്രോഹക്കുറ്റം ചുമത്തി അറസ്റ്റ് ചെയ്തതിനുള്ള പ്രതിഷേധം ചങ്ങനാശ്ശേരി അതിരൂപത കെ.സി.ബി.സി മദ്യവിരുദ്ധ സമിതി അറിയിച്ചു. വിവിധ മാധ്യമങ്ങളിലുടെ പ്രതിഷേധ കത്ത് നല്കുകയും ചെയ്തു.

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ചികിത്സ നല്കി വരുന്നു. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

നിത്യരോഗികളായവരുടെ പ്രതിമാസ സമ്മേളനം നടത്താൻ പറ്റാത്ത ഈ സാഹചര്യത്തിൽ ചങ്ങനാശേരിയിൽ വരുന്നവർക്ക് നവംബർ ആദ്യ ആഴ്ച മുതൽ ഓരോരുത്തരെ ഓഫീസിൽ വിളിച്ച് സാമ്പത്തിക സഹായം നല്കും.

# ദലിത് കത്തോലിക്കാ മഹാജനസഭ
## DCMS

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

ദലിത് കത്തോലിക്കാ മഹാജനസഭ (DCMS) അതിരൂപതാ കമ്മറ്റി 2020 ജനുവരി മുതൽ കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ DCMS പ്രവർത്തനപരിപാടികൾ പൂർണ്ണതയിൽ എത്തിക്കാൻ പ്രയാസം നേരിട്ടുവെങ്കിലും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് ഓൺലൈൻ മീറ്റിംഗുകളും, മറ്റു പരിപാടികളും നടത്തുകയുണ്ടായി. കഴിഞ്ഞ രൂപതാ കമ്മറ്റിയിൽ ഡയറക്ടറുടെ നേതൃത്വത്തിൽ എടുത്ത തീരുമാനങ്ങളും, പ്രവർത്തനപരിപാടികളും നടപ്പിലാക്കുന്നതിന് അങ്ങയുടെ /താങ്കളുടെ യൂണിറ്റിന്റെയും പ്രവർത്തകരുടെയും വിലയേറിയ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

### സർക്കുലർ

**1.** DCMS അതിരൂപതാ കമ്മിറ്റിയുടെ നേതൃത്വത്തിൽ അതിരൂപതയിലെ ദലിത് കത്തോലിക്കാ കുടുംബങ്ങളുടെ സമഗ്ര സർവ്വേ 1-ാം ഘട്ടം 2020 ജനുവരിയിൽ ആരംഭിച്ചു. ഫൊറോനാ തലങ്ങളിലുള്ള കുടുംബങ്ങളുടെ എണ്ണം ശേഖരിച്ചു.

**2.** അതിരൂപതാ തലത്തിൽ വിദ്യാഭ്യാസ പ്രവേശനത്തിനും ഉദ്യോഗനിയമനത്തിനും DCMS ഓഫീസിൽ നിന്നും ശുപാർശ ചെയ്യുമ്പോൾ, DCYL ഭാരവാഹികൾ, പ്രവർത്തകർ എന്നിവർക്ക് മുൻഗണന നൽകുന്നതാണ്. DCYL യൂണിറ്റുകൾ ഇല്ലാത്ത ഇടവകകളിൽ യൂണിറ്റുകൾ സ്ഥാപിക്കുകയും, ഒറ്റപ്പെട്ട DCMS കുടുംബങ്ങളുള്ള ഇടവകകളിൽ അതിരൂപതാ കേന്ദ്രത്തിൽ നിന്ന് അംഗത്വം നൽകി ശുപാർശചെയ്യാവുന്നതാണ്.

**3.** DCYL അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ SSLC യ്ക്കു ഏറ്റവും കൂടുതൽ മാർക്കു വാങ്ങി വിജയിച്ച കുട്ടിയ്ക്കു 3000/- രൂപയും ഫലകവും, മറ്റു കുട്ടികൾക്കു 1000/- രൂപ വീതവും സ്കോളർഷിപ്പ് നൽകുന്നതിനും തീരുമാനിച്ചു.

**4. വിദ്യാജ്യോതിഫണ്ട്**

ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസരംഗത്ത് ധനസഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി 2016 ൽ രൂപം കൊടുത്ത വിദ്യാജ്യോതിഫണ്ട്. നാം ലക്ഷ്യം വച്ച് ഒരുകോടി രൂപയുടെ ഫണ്ട് പൂർത്തിയാക്കാൻ സാധിക്കാതെ പോയ ഈ സാഹചര്യത്തിൽ പദ്ധതി ഉപേക്ഷിച്ച് അംഗങ്ങൾ നിക്ഷേപിച്ച തുകയുടെ ഇരട്ടിയായി തിരികെ കൊടുത്തുകൊണ്ടു പദ്ധതി സമാപിപ്പിക്കുവാൻ തീരുമാനിച്ചു. ടി തുക 2020 നവംബർ മുതൽ DCMS അതിരൂപതാ ഓഫീസിൽ നേരിട്ടെത്തി (വിദ്യാജ്യോതി പാസ്സുബുക്കുമായ്) തുക കൈപ്പറ്റാവുന്നതാണ്.

**5. നീതി ഞായർ ആചരണം : രൂപതാ, സംസ്ഥാനതലത്തിൽ**

എല്ലാവർഷവും ആഗസ്റ്റ് 15 കഴിഞ്ഞു വരുന്ന ഞായറാഴ്ച നീതി ഞായർ ആചരണം നടത്തിവന്നിരുന്നു. ഈ പ്രാവശ്യം കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ നമ്മുടെ രൂപതയിൽ, രൂപതാ യൂട്യൂബു ചാനലായ മാക് TV വഴി ഓഗസ്റ്റ് 30-ാം തീയതി സംപ്രേക്ഷണം ചെയ്യുകയുണ്ടായി. അഭി. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മേളനം ഉദ്ഘാടനം ചെയ്തുകൊണ്ട് പ്രസംഗിച്ചു. ചങ്ങനാശേരി

അതിരൂപതാ അദ്ധ്യക്ഷൻ അഭി. മാർ ജോസഫ് പെരുന്തോട്ടം അദ്ധ്യക്ഷത വഹിച്ചു. KCBC/SC/ST/BC കമ്മീഷൻ ചെയർമാൻ അഭി. മാർ ജേക്കബ് മുരിക്കൻ ജസ്റ്റിസ് സൺഡേ സന്ദേശം നൽകി. DCMS സംസ്ഥാന ഡയറക്ടർ റവ. ഫാ. ഡി. ഷാജ്കുമാർ DCMS അതിരൂപത ഡയറക്ടർ റവ. ഫാ. ജോൺസൺ ചാലയ്ക്കൽ, DCMS അതിരൂപത പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ, വൈസ് പ്രസിഡന്റ് സിജോ ജേക്കബ്, സംസ്ഥാന കമ്മറ്റിയംഗം സി.സി. കുഞ്ഞുകൊച്ച് എന്നിവർ പ്രസംഗിച്ചു. യുവജനങ്ങളുടെ (DCYL) കലാപരിപാടികൾ ഇതോടൊപ്പം ഉണ്ടായിരുന്നു.

DCMS സംസ്ഥാനതല നീതിഞായർ ആചരണം 26.09.20 രാവിലെ 10.00 a.m. മുതൽ കോട്ടയം ആമോസ് സെന്ററിൽ നടന്നു.

## 6. Infocus

ചങ്ങനാശേരി അതിരൂപതയിലെ DCMS കുടുംബങ്ങളിലെ കുട്ടികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടുകൂടി 2018 ൽ DCMS രൂപതാകമ്മറ്റിയുടെ നേതൃത്വത്തിൽ ആരംഭിച്ച വിദ്യാഭ്യാസ പദ്ധതിയാണ് Infocus. നമ്മുടെ തന്നെ അദ്ധ്യാപകരും വിദ്യാസമ്പന്നരുമായ 30 അംഗങ്ങളടങ്ങുന്ന team ഈ പദ്ധതിയ്ക്കു നേതൃത്വം വഹിക്കുന്നു. ക്യാമ്പുകൾ, സെമിനാറുകൾ, വെബിനാറുകൾ, കലാമത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ എന്നിവ നടത്തിവരുന്നു. കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ 2020 മാർച്ചു മാസം മുതൽ ഓൺലൈൻ ക്ലാസ്സുകൾ, ക്വിസ് മത്സരങ്ങൾ, കലാമത്സരങ്ങൾ, Core team ന് സെമിനാർ എന്നിവയും നടന്നു വരുന്നു.

5-ാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സു വരെ പഠിക്കുന്ന നമ്മുടെ വിദ്യാർത്ഥികളെ മാതാപിതാക്കളും, യൂണിറ്റു ഭാരവാഹികളും പ്രത്യേകം ശ്രദ്ധചെലുത്തി ഈ വിദ്യാഭ്യാസ പദ്ധതിയിൽ പങ്കെടുപ്പിക്കേണ്ടതാണ്.

## 7. യൂണിറ്റു ഭാരവാഹികൾക്ക് പ്രത്യേക അറിയിപ്പ്

നമ്മുടെ അതിരൂപതയിലെ ദലിത് കത്തോലിക്കാ കുടുംബങ്ങളിലെ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർ, അഭ്യസ്തവിദ്യരായ ജീവനക്കാർ, ഡിഗ്രി, പി.ജി., മറ്റു കോഴ്സുകൾക്കു പഠിക്കുന്നവർ എന്നിവരുടെ പൂർണ്ണമായ വിവരങ്ങളടങ്ങുന്ന ലിസ്റ്റ് (താങ്കളുടെ ഇടവകയിലെ) 2020 നവംബർ 15-ാം തീയതിക്ക് മുൻപായി DCMS അതിരൂപതാ ഓഫീസിൽ എത്തിക്കുവാൻ യൂണിറ്റു ഭാരവാഹികളെ പ്രത്യേകം അറിയിക്കുന്നു. സർവ്വേ ഫോറം സർക്കുലറിനോടൊപ്പം വയ്ക്കുന്നു. ആവശ്യാനുസരണം ഫോട്ടോ കോപ്പി എടുക്കാവുന്നതാണ്.

## 8. ഉപവാസപ്രാർത്ഥനാ ദിനം ആചരിച്ചു

KCBC SC/ST/BC കമ്മീഷന്റെ നിർദ്ദേശപ്രകാരം കോവിഡ് 19 ന്റെ ശമനത്തിനും, ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ദലിത് സഹോദരങ്ങൾക്കു നേരെ നടക്കുന്ന പീഡനങ്ങളിൽ പ്രതിഷേധിച്ചുകൊണ്ടും 2020 ഒക്ടോബർ 7-ാം തീയതി ചങ്ങനാശേരി കത്തീഡ്രൽ ദേവാലയത്തിൽ വച്ചു ഉപവാസ പ്രാർത്ഥനാദിനം ആചരിച്ചു. അഭി. തോമസ് തറയിൽ പിതാവിന്റെ ആശീർവാദ സന്ദേശത്തോടു കൂടി ആരംഭിച്ചു. ഡയറക്ടർ ഫാ. ജോൺസൺ ചാലക്കലിന്റെ നേതൃത്വത്തിൽ ആരംഭിച്ച പ്രാർ

ത്ഥനയിൽ DCMS രൂപതാ ഭാരവാഹികൾ കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചു പങ്കെടുത്തു.

**9.** 1 മുതൽ 10 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ ക്ലാസ്സു തിരിച്ചുള്ള ലിസ്റ്റ് ഇതുവരെയും ഏൽപിച്ചിട്ടില്ലാത്ത യൂണിറ്റുകൾ നവംബർ 15 നകം ഓഫീസിൽ ഏൽപിക്കേണ്ടതാണ്.

### 10. SDVS സ്കോളർഷിപ്പ് വിതരണം

സീറോ മലബാർ ദലിത് വികാസ് സൊസൈറ്റി നൽകുന്ന സ്കോളർഷിപ്പ് (ഉന്നതവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിന്) നമ്മുടെ രൂപതയിൽ നിന്ന് 13 വിദ്യാർത്ഥികൾ അർഹരായി. 10-10-2020 ശനിയാഴ്ച 10.30 am ന് അഭി. മാർ ജോസഫ് പെരുന്തോട്ടം പിതാവ് വിതരണം ചെയ്യുകയും DCMS അതി. ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ ആശംസകൾ നേർന്നു. DCMS പ്രസിഡന്റ് ജെയിംസ് ഇലവുങ്കൽ സെക്രട്ടറി മാത്യു ജോസഫ് വൈസ് പ്രസിഡന്റ് സിജോ ജേക്കബ് DCYL പ്രസിഡന്റ് ഷൈജു ജോസഫ് സെക്രട്ടറി ജിബിൻ സാബു എന്നിവർ സന്നിഹിതരായിരുന്നു.

### 11. ഫാ. സ്റ്റാൻ സ്വാമിയെ മോചിപ്പിക്കുക (ധർണ്ണ യൂണിറ്റുതലത്തിൽ)

ഉത്തർപ്രദേശിലെ ജാർഖണ്ഡ് എന്ന സ്ഥലത്ത് ആദിവാസി, ദലിത് ജനവിഭാഗങ്ങളുടെ അവകാശത്തിനായി കഴിഞ്ഞ മൂന്നുപതിറ്റാണ്ട് പ്രവൃത്തിച്ച ഫാ. സ്റ്റാൻ സ്വാമിയെ 2020 ഒക്ടോബർ 9 ന് അദ്ദേഹത്തിന്റെ താമസ സ്ഥലത്ത് എത്തി കേന്ദ്രസർക്കാരിന്റെ കുറ്റാന്വേഷണ ഏജൻസിയായ ദേശീയ അന്വേഷണ ഏജൻസി (NIA), ഫോക്ഓകേസ് (UAPA) ചുമത്തി അറസ്റ്റ് ചെയ്ത് ജയിലിൽ പാർപ്പിച്ചിരിക്കുകയാണ്. ഫാ. സ്റ്റാൻ സ്വാമിയെ മോചിപ്പിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് രാജ്യവ്യാപകമായി പ്രതിഷേധ സമരങ്ങൾ നടന്നുവരുന്നു. ഈ പ്രതിഷേധ സമരങ്ങളോട് ചേർന്നുകൊണ്ട് ഡിസിഎംഎസ് ചങ്ങനാശേരി അതിരൂപതാ കമ്മറ്റിയുടെ നേതൃത്വത്തിൽ യൂണിറ്റ്, ഫൊറോനാ കേന്ദ്രീകരിച്ച് ധർണ്ണ, സമരങ്ങൾ നടത്തേണ്ടതാണ്. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് അഞ്ച് പേരിൽ കൂടാതെയും സാമൂഹ്യഅകലം പാലിച്ചുകൊണ്ടും മാത്രം നവംബർ 15ന് മുൻപ് നടത്തേണ്ടതാണ്. യൂണിറ്റ് തലങ്ങളിൽ ബഹു. ഇടവക വികാരിയേയും ഫൊറോനാ തലങ്ങളിൽ ബഹു. ഫൊറോനാ വികാരിയെക്കൊണ്ടും ധർണ്ണ ഉദ്ഘാടനം ചെയ്യിക്കേണ്ടതാണ്. യൂണിറ്റ്, ഫൊറോനാ അതിർത്തിയ്ക്കുള്ളിൽ കേന്ദ്ര സ്ഥാപനങ്ങൾ ഉണ്ടെങ്കിൽ ധർണ്ണ പ്രസ്തുത സ്ഥാപനത്തിന്റെ മുന്നിൽ നടത്തുന്നത് ഉചിതമായിരിക്കും. നമ്മുടെ ആവശ്യം നിവേദനങ്ങളിൽ സ്ഥാപന അധികാരികൾക്ക് നൽകണം. ഓരോ യൂണിറ്റും ഫൊറോനയും നടത്തുന്ന സമരപരിപാടികളുടെ ഫോട്ടോയും റിപ്പോർട്ടും പ്രസിഡന്റ്/സെക്രട്ടറിയുടെ വാട്സാപ്പിൽ എത്തിക്കുക. 9847887580, 9446983339

**മാത്യു ജോസഫ്**
(ജ. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

കൊറോണ കാലത്തിന്റെ മരവിപ്പിനുശേഷം ദീപിക ഫ്രണ്ട്സ് ക്ലബിന്റെ പ്രവർത്തനങ്ങൾ എല്ലായിടത്തും സജീവമാവുകയാണ്. ഒക്ടോബർമാസം നടന്ന ദീപിക ഫ്രണ്ട്സ്ക്ലബിന്റെ ലീഡേഴ്സിന്റെ സൂം മീറ്റിംഗിലും ഫൊറോന വൈദിക കോൺഫറൻസുകളിലും കുടുംബക്കൂട്ടായ്മ ലീഡേഴ്സ് കൺവൻഷനുകളിലും ദീപിക എല്ലാ കുടുംബങ്ങളിലും വരുത്തേണ്ടതിന്റെ പ്രാധാന്യവും DFC സജീവമാകേണ്ടതിന്റെ പ്രസക്തിയും അഭിവന്ദ്യ പിതാക്കന്മാർ ശക്തമായി പങ്കുവച്ചു. ദീപികയുടെ വളർച്ചയ്ക്ക് ഉതകുന്ന സജീവമായ ചർച്ചകൾ നടന്നു. അതിനോടനുബന്ധിച്ച് തീരുമാനിച്ച കർമ്മപദ്ധതികൾ

### 1. DFC ഇടവക-ഫൊറോന തല തെരഞ്ഞെടുപ്പ്:

അതിരൂപതയിലെ എല്ലാ ഇടവകകളിലും DFC പ്രവർത്തനങ്ങൾക്ക് പുത്തൻ ഉണർവേകാൻ ദീപികയോടു സ്നേഹവും സഭാസ്നേഹവുമുള്ള പുരുഷ-വനിതാ ഭാരവാഹികളുടെ ഇടവകതല തെരഞ്ഞെടുപ്പ് ഉടൻ പൂർത്തിയാക്കാം. നവംബർ 13 വെള്ളിയാഴ്ചയ്ക്കു മുമ്പ് ഇടവകതലത്തിലും ഫൊറോനാതല തിരഞ്ഞെടുപ്പ് നവംബർ 23 തിങ്കളാഴ്ചയ്ക്കു മുമ്പായും പൂർത്തിയാക്കേണ്ടതാണ്.

### 2. ദീപിക ഫൊറോന ഡയറക്ടേഴ്സ് & സർക്കുലേഷൻ മാനേജേഴ്സ്

| | *ഫൊറോന* | *ഡയറക്ടേഴ്സ്* | *ഫോൺ* |
|---|---|---|---|
| 1. | ചങ്ങനാശ്ശേരി | ഫാ. ലിജോ ചമ്പക്കുളം | 9562734320 |
| 2. | തുരുത്തി | ഫാ. റോജൻ പുരയ്ക്കൽ | 9947224233 |
| 3. | കുറുമ്പനാടം | ഫാ. ജോസഫ് ചൂളപ്പറമ്പിൽ | 9446855459 |
| 4. | തൃക്കൊടിത്താനം | ഫാ. ലിൻസ് തടത്തിൽ | 9400157397 |
| 5. | മണിമല | ഫാ. ജിജോ മാറാട്ടുകുളം | 8714451436 |
| 6. | പുളിംകുന്ന് | ഫാ. ടോണി മണിയൻചിറ | 8111968166 |
| 7. | ചമ്പക്കുളം | ഫാ. ഐബിൻ പകലോമറ്റം | 8547518500 |
| 8. | ആലപ്പുഴ | ഫാ. സെബാസ്റ്റ്യൻ വെള്ളാമത്ര | 9746491215 |
| 9. | എടത്വാ | ഫാ. ജോംസി പൂവത്തോലിൽ | 9495443845 |
| 10. | കോട്ടയം | ഫാ. അജോ പീടിയേക്കൽ | 9249944213 |
| 11. | കുടമാളൂർ | ഫാ. ബെന്നി കുഴിയടി | 7012818780 |
| 12. | അതിരമ്പുഴ | ഫാ. ഇമ്മാനുവേൽ നെല്ലുവേലി | 9447455622 |
| 13. | നെടുംകുന്നം | ഫാ. തോമസ് പ്ലാപ്പറമ്പിൽ | 9495107045 |
| 14. | അമ്പൂരി | ഫാ. ജേക്കബ് ചീരംവേലിൽ | 9447401161 |
| 15. | കൊല്ലം - ആയൂർ | ഫാ. തോമസ് കാരക്കാട്ട് | 9447489738 |
| 16. | തിരുവനന്തപുരം | ഫാ. സോണി പള്ളിച്ചിറ | 8547978174 |

**ദീപിക സർക്കുലേഷൻ മാനേജേഴ്സ്**

| | | | |
|---|---|---|---|
| 1. | ചങ്ങനാശ്ശേരി<br>തൃക്കൊടിത്താനം<br>തുരുത്തി<br>കുറുമ്പനാടം<br>നെടുംകുന്നം | വർഗ്ഗീസ്<br>ഡൊമിനിക്ക് | 9400390539 |
| 2. | ആലപ്പുഴ<br>ചമ്പക്കുളം<br>എടത്വ<br>പുളിംങ്കുന്ന് | അനുപ് സെബാസ്റ്റ്യൻ | 9400751229 |
| 3. | കോട്ടയം<br>അതിരമ്പുഴ<br>കുടമാളൂർ | കോര സി | 93495599157 |
| 4. | കൊല്ലം<br>അമ്പൂരി<br>തിരുവനന്തപുരം | ഇ വി വർക്കി | 9349599028 |
| 5. | മണിമല | ബിനോ വർഗ്ഗീസ്<br>ബിജു ജോർജ്ജ് | 9387549044<br>7034023238 |

## DFC അതിരൂപത പുരുഷ ഭാരവാഹികൾ

| | | |
|---|---|---|
| *പ്രസിഡന്റ്* | ആന്റണി തോമസ് മലയിൽ | 9446342561 |
| *വൈസ് പ്രസിഡന്റ്* | ജോഷി ജോസഫ് കൊല്ലാപുരം | 7907568217 |
| *ജനറൽ സെക്രട്ടറി* | സണ്ണി തോമസ് പുളിങ്കാലായിൽ | 9539125164 |
| *സെക്രട്ടറി* | സേവ്യർ തോമസ് കൊണ്ടോടി | 9847046229 |
| | മോൻസി ജോസഫ് മഠത്തിൽ | 9446412477 |
| *ട്രഷറർ* | റ്റിജി സി. വർഗീസ് ചിറ്റേട്ടുകളം | 9744440039 |
| *ഉപദേശകസമിതി അംഗം* | സി.എ. എബ്രഹാം കട്ടക്കയം | 7012817520 |
| | ജോണിക്കുട്ടി സ്കറിയ കോവുകുന്നേൽ | 9446562501 |

## DFC അതിരൂപത വനിത ഭാരവാഹികൾ

| | | |
|---|---|---|
| *പ്രസിഡന്റ്* | ആൻസി മാത്യു ചേന്നോത്ത് | 9447390669 |
| *വൈസ് പ്രസിഡന്റ്* | ആൻസി ജോൺ ചെമ്പകത്തുപറമ്പിൽ | 9947521591 |
| *ജനറൽ സെക്രട്ടറി* | പരിമൾ ആന്റണി അറയ്ക്കത്തറ | 9495393890 |
| *സെക്രട്ടറി* | സിനി എബ്രഹാം വാടയിൽ | 9048689834 |
| *ട്രഷറർ* | ബിൻസി മാത്യു കുഴിംതൊട്ടിയിൽ | 9495349163 |

## 3. ദീപിക ഹെൽത്ത് കാർഡ്

ദീപികയുടെ നിലവിലുള്ള വരിക്കാർക്കും പുതുതായി വരിക്കാരായി ചേരുന്ന വർക്കും കേരളത്തിലെ പ്രമുഖ ആശുപത്രികളിൽ 10 മുതൽ 25 ശതമാനംവരെ

ചികിത്സാ ഇളവ് ലഭിക്കുന്ന പദ്ധതിയാണ് ദീപിക ഫാമിലി ഹെൽത്ത് കാർഡ്. വരിക്കാരുടെ കുടുംബത്തിലെ പരമാവധി 6 പേർക്ക് ഈ ആനുകൂല്യം ലഭിക്കും.

ഓരോ ഇടവകയിലും നിലവിലുള്ള മുഴുവൻ വരിക്കാർക്കും നവംബർമാസംതന്നെ കാർഡ് വിതരണം നടത്താൽ നിശ്ചിതഫോം പൂരിപ്പിച്ച് ഫൊറോന ഡയറക്ടർമാരെയോ അതിരൂപത ഡയറക്ടറെയോ ഏല്പിക്കുക. വിശദവിവരങ്ങൾക്ക് ദീപിക സർക്കുലേഷൻ മാനേജർമാരെ ബന്ധപ്പെടുക. നമ്മുടെ അതിരൂപതയുടെ കീഴിലുള്ള ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ & ആലപ്പുഴ സഹൃദയ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ ഹെൽത്ത് കാർഡ് ആനുകൂല്യം കൊടുത്തുതുടങ്ങി.

### ഡിസംബർമാസം - ദീപിക പ്രചരണമാസം

ഡിസംബർമാസം എല്ലാ ഇടവകയിലും ദീപിക പ്രചരണമാസമായി ക്രമീകരിച്ചിരിക്കുകയാണ്. DFC ഭാരവാഹികൾ, കുടുംബക്കൂട്ടായ്മ ലീഡേഴ്സ്, സംഘടനാഭാരവാഹികൾ വഴി ദീപിക പ്രചരണത്തിന് എല്ലാവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

### DFC ഇടവകതല ലീഡേഴ്സ് കൺവൻഷൻ : നവംബർ 15 ഞായർ 3:00 p.m.

ഇടവകതലങ്ങളിൽ തെരഞ്ഞെടുക്കപ്പെടുന്ന പുരുഷ-വനിതാ ഭാരവാഹികൾക്കായി നവംബർ 15 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ലീഡേഴ്സ് കൺവൻഷൻ അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യും. 'സൂമിൽ' കൂടി നടത്തപ്പെടുന്ന മീറ്റിംഗിന്റെ ലിങ്ക്, പാസ്വേഡ് പിന്നീട് നല്കുന്നതാണ്.

### ഉപസംഹാരം

നവംബർമാസം എല്ലാ ഇടവകയിലും ഫൊറോനയിലും DFC പുരുഷ-വനിത ഭാരവാഹി ടീം തെരഞ്ഞെടുപ്പ് പൂർത്തീകരിക്കണം. ഒരു പുത്തൻ ഉണർവ് ഉണ്ടാകണം. എല്ലാവരുടേയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

**ആന്റണി തോമസ് മലയിൽ**
*(പ്രസിഡന്റ്) ഫോൺ: 9446342561*

**സണ്ണി പുളിങ്കാലായിൽ**
*(ജന:സെക്രട്ടറി) ഫോൺ: 9072725164*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക്, 9400390539**
**കോര സി., 9349559915**

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*

**''സമാധാനം - സൗഭാഗ്യം''**

പ്രിയ സഹോദരി സഹോദരന്മാരേ,

ആരാധനാവർഷക്കലണ്ടറിലെ പുതിയൊരു കാലത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ, പള്ളിക്കൂദാശക്കാലം. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് മഹത്വീകൃതമായ സഭ, ഈശോയുടെ മണവാട്ടിയായ സഭ, തീർത്ഥാടകജീവിതം തുടങ്ങിയ മിശിഹാരഹസ്യങ്ങൾ ധ്യാനവിഷയമാക്കുന്ന കാലം. മണവാളനായ മിശിഹാ മണവാട്ടിയായ സഭയോടൊപ്പം സ്വർഗ്ഗീയ ഓർശ്ലേമിൽ നിത്യമായി ജീവിക്കുന്ന ആനന്ദമാണ് നമ്മുടെ ലക്ഷ്യം. മിശിഹായുടെ തിരുശരീരരക്തത്താൽ പരിപോഷിപ്പിക്കപ്പെട്ട് സഭയിൽ നിലനിന്ന് നിത്യസൗഭാഗ്യത്തെ നേടിയെടുക്കുവാൻ ഈ കാലത്ത് നാം പരിശ്രമിക്കേണ്ടതുണ്ട്.

മത്തായി 18:10-14 ''ഈ ചെറിയവരിൽ ആരെയും നിന്ദിക്കാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുക. നിങ്ങൾക്ക് എന്തു തോന്നുന്നു. ഒരാൾക്ക് നൂറ് ആടുകൾ ഉണ്ടായിരിക്കെ അതിലൊന്നു വഴിതെറ്റി പോയാൽ തൊണ്ണൂറ്റിഒൻപതിനെയും മലയിൽ വിട്ടിട്ട് അവൻ വഴിതെറ്റിയതിനെ അന്വേഷിച്ചുപോകയില്ലേ? കണ്ടെത്തിയാൽ അതിനെക്കുറിച്ച് വഴിതെറ്റിപ്പോകാത്ത തൊണ്ണൂറ്റിഒൻപതിനെക്കുറിച്ച് എന്നതിനേക്കാൾ അവൻ സന്തോഷിക്കുമെന്നു സത്യമായി ഞാൻ പറയുന്നു. ഇതുപോലെ ഈ ചെറിയവരിൽ ഒരുവൻ പോലും നശിച്ചുപോകാൻ എന്റെ സ്വർഗ്ഗസ്ഥനായ പിതാവ് ഇഷ്ടപ്പെടുന്നില്ല.''

പ്രിയ സഹോദരങ്ങളെ ഈ തിരുവചനഭാഗങ്ങൾ നമ്മൾ എത്രയോ കേട്ടിരിക്കുന്നു. പലപ്പോഴും ഈ ഉപമ ആട്ടിടയന്റെയും ആടുകളുടെയും കഥയായി കണ്ട് നിസ്സാരവത്കരിക്കപ്പെടുകയും ചെയ്യാറുണ്ട്. ആ നല്ല ഇടയന്റെ സ്നേഹത്തെക്കുറിച്ചും കരുതലിനെക്കുറിച്ചും നാം ചിന്തിക്കാറുണ്ടോ? എന്നാൽ നമ്മുടെ സ്വർഗ്ഗീയമദ്ധ്യസ്ഥനായ വി. ഫ്രാൻസിസ് അസ്സീസ്സി ദൈവത്തോടു ചേർന്നു പരിശുദ്ധാത്മാവിനാൽ നിറഞ്ഞ്, വഴിതെറ്റിപ്പോകാമായിരുന്നു. അനേകം കുഞ്ഞാടുകളെ അന്വേഷിച്ചു കണ്ടെത്തി ഒരു ചട്ടക്കൂട്ടിലാക്കി സംരക്ഷിച്ച് ഈശോയ്ക്ക് സമർപ്പിച്ചു. എന്നും സഭയ്ക്ക് കീഴ്പ്പെട്ട് 'സഭയോടുചേർന്ന്' വിനയാന്വിതനായി ജീവിച്ചു.

പ്രിയ സഭാംഗങ്ങളെ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മച്ചൻ നമുക്കു നൽകിയ മാതൃകകൾ എത്രയോ വലുതാണ്. വണ്ടിയും വള്ളവും നല്ലവഴിപോലുമില്ലാതിരുന്ന കാലത്തും കിലോമീറ്ററുകൾ കാൽനടയായി ചെന്ന് ആളുകളെ കണ്ടെത്തി ഫ്രാൻസിസ്കൻ ചൈതന്യവും മൂന്നാം സഭയെയും കുറിച്ചും പഠിപ്പിക്കുകയും സഭാംഗങ്ങൾ ആക്കുകയും ചെയ്തു. തന്റെ പ്രവൃത്തിമൂലം ആരും തന്നിൽനിന്ന് അകന്നുപോകുവാനും അനുവദിച്ചിരുന്നില്ല. അതിന്റെ ഒരുദാഹരണമല്ലേ. സ്വന്തം മകന്റെ തെറ്റുകൊണ്ട് അയൽക്കാരന്റെ തെങ്ങു നഷ്ടപ്പെട്ടപ്പോൾ തന്റെ പുരയിടത്തിലെ നല്ല നാലു തെങ്ങുകൾ അയൽക്കാരനു നല്കി

നഷ്ടപ്പെട്ടുപോകാമായിരുന്ന അയൽക്കാരനെ നേടിയതും സ്നേഹിച്ചതും ഈ മാതൃകകൾ നമുക്കും സ്വീകരിക്കേണ്ടെ.

നമ്മുടെ മാതാപിതാക്കൾ, സഹോദരീസഹോദരന്മാർ, അയൽക്കാർ, സഹപ്രവർത്തകർ എന്നിവരെ എന്തെങ്കിലും കാരണത്തിനു നമ്മൾ അകറ്റിനിർത്തിയിട്ടുണ്ടോ? അവരെ നമ്മുടെ സ്നേഹത്താലും പ്രവൃത്തിയാലും തിരികെകൊണ്ടുവരാൻ പരിശ്രമിക്കുന്നുണ്ടോ? അവരുടെ തെറ്റുകൾ ക്ഷമിക്കാൻ സാധിക്കുന്നുണ്ടോ, പ്രാർത്ഥിക്കുന്നുണ്ടോ? അതിന് നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടെ സഹായം നമുക്കു ലഭിക്കട്ടെയെന്ന് പ്രാർത്ഥിക്കാം.

നമുക്ക് മൂന്നാം സഭാംഗങ്ങളാകാൻ കാരണക്കാരനായ ദൈവദാസൻ പുത്തൻപറമ്പിൽ തൊമ്മന്റെ വിശുദ്ധ പദവി എത്രയും വേഗത്തിൽ ലഭിക്കുവാൻ, സഭാംഗങ്ങൾ എല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം. ഈ കൊറോണാ മഹാമാരി മൂലം നമ്മുടെ പ്രവർത്തനപരിപാടികൾ പൊതുവായി നടത്തുവാൻ സാധിക്കാത്തതിനാൽ എല്ലാവരും വ്യക്തിപരമായ പ്രാർത്ഥനകൾ വർദ്ധിപ്പിക്കുക.

നമ്മുടെ സ്നേഹം, കരുതൽ, സാമീപ്യം, ആഗ്രഹിക്കുന്ന, എല്ലാവരേയും സ്നേഹിച്ചു രക്ഷിക്കാൻ ദൈവം ദാനമായി തരാമെന്ന് വാഗ്ദാനം ചെയ്ത പരിശുദ്ധാത്മാവിനെ ചോദിച്ചുവാങ്ങി പരിശുദ്ധാത്മാവിന്റെ സഹായത്താൽ ഒരു വ്യക്തിപോലും നഷ്ടപ്പെടാതിരിക്കാൻ നമുക്ക് സഭയോടു ചേർന്ന് പ്രവൃത്തിക്കാം; പ്രാർത്ഥിക്കാം. കർത്താവു നമ്മെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

## നിര്യാതരായി

എടത്വാ റീജൻ സെന്റ് ജോർജ് ഭ്രാതൃത്വഅംഗം ശ്രീമതി ജോളി ജോസ് തൈപറമ്പിൽ, വാഴപ്പള്ളി റീജൻ സെന്റ് മേരീസ് പാറേൽ ഭ്രാതൃത്വഅംഗം ശ്രീമതി വത്സമ്മ ജോസിന്റെ ഭർത്താവ് കെ.ജെ. ജോസ് കൂട്ടുമ്മേൽ നിര്യാതരായി.

എസ്.എഫ്.ഒ. അതിരൂപതാ സ്പിരിചൽ അസിസ്റ്റന്റ് റവ. ഫാ. മൈക്കിൾ പറൂശ്ശേരി അച്ചൻ ഭവനത്തിൽ എത്തി സഭാംഗങ്ങളൊപ്പം ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. എല്ലാ സഭാംഗങ്ങളും പരേതർക്കുവേണ്ടി പ്രാർത്ഥിക്കണം.

എല്ലാ അംഗങ്ങൾക്കും സമാധാനവും സൗഭാഗ്യം ആശംസിച്ചുകൊണ്ട്,

സ്നേഹാശംസകളോടെ

**ബ്ര. അലക്സ് വലിയപറമ്പിൽ**
അതിരൂപത പ്രസിഡന്റ്

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
SFO അതിരൂപത സ്പിരിച്ച്വൽ അസിസ്റ്റന്റ്

# വിൻസെൻഷ്യൻ വേദി
## SOCIETY OF ST VINCENT DE PAUL

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളേ,

'പ്രിയ സഹോദരാ തിരഞ്ഞെടുപ്പു സമയം കാത്തിരിക്കുന്ന ഈ അവസരത്തിൽ ഞങ്ങളുടെ പ്രാഥമിക നടപടികൾ നിങ്ങളെ അറിയിച്ചുകൊള്ളട്ടെ. കൗൺസിൽ ജനറലിന്റെ തീരുമാനമനുസരിച്ചുള്ള ഈ നടപടികൾ താങ്കളുടെ സഹപ്രവർത്തകരെ അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഇക്കാര്യത്തിൽ യാതൊരു മാനുഷിക പരിഗണനകളും സ്വീകരിച്ചിട്ടില്ല എന്ന ഉത്തമ ബോധ്യം ഞങ്ങൾക്കുണ്ട്. നിങ്ങളുടെ പ്രാർത്ഥനകളും ഉപദേശങ്ങളുംകൊണ്ട് ഞങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. നിയമാവലിയിലെ 61-ാം വകുപ്പനുസരിച്ച് താങ്കളുടെ സഹോദരന്മാരുമായി ഈ കാര്യത്തെക്കുറിച്ച് ആലോചിക്കണമെന്നും തിരഞ്ഞെടുപ്പു കഴിയുന്നതുവരെ കോൺഫ്രൻസിലെ യോഗങ്ങളിൽ 'പരിശുദ്ധാരൂപിയെ എഴുന്നള്ളി വരിക' എന്ന പ്രാർത്ഥന ചൊല്ലണമെന്നും അഭ്യർത്ഥിക്കുന്നു. ഇത്ര പ്രാധാന്യമുള്ള ഒരു കാര്യത്തിൽ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നമുക്കാവശ്യമാണ്. ദൈവം അനുവദിക്കുന്ന കൊച്ചുനന്മകൾ ചെയ്യുവാനുള്ള ഉപകരണങ്ങൾ തിരഞ്ഞെടുക്കുവാനുള്ള അവകാശം ദൈവത്തിനുള്ളതാണ്. ഇന്നുവരെ അതിനുള്ള ഉപകരണമായിരുന്ന വ്യക്തിയെ അനുഗ്രഹിക്കേണ്ടതും, അവിടുന്നു നിയോഗിക്കാനാഗ്രഹിക്കുന്ന വ്യക്തിയെ തിരഞ്ഞെടുക്കേണ്ടതും, നമ്മുടെ തീക്ഷ്ണതയും ക്രിസ്തീയ ലാളിത്യവും ഹൃദ്യവും സ്ഥിരവുമായ ഐക്യവും കൊണ്ട് അദ്ദേഹത്തിന്റെ ദൗത്യനിർവ്വഹണം എളുപ്പമാക്കി തീർക്കേണ്ടതും അവിടുന്നുതന്നെയാണ്.

എ.എഫ്. ഓസാനാം & ലൂയി ഡി. ബൗഡിക്കോർ

'നമ്മുടെ പ്രവർത്തനം നമുക്കു തുടർന്നുകൊണ്ടുപോകാം. അതിൽ രാഷ്ട്രീയ ലാഞ്ചനയുള്ളതെല്ലാം നമുക്ക് ഒഴിവാക്കുകയും ചെയ്യാം. കാരണം, ഹൃദയവും അരൂപിയും ശുദ്ധമാക്കി, നമുക്കുതന്നെയും പാവങ്ങൾക്കു നന്മ ചെയ്യുവാനാണ് നാം സംഘടിച്ചിരിക്കുന്നത്. നമ്മുടെ യോഗങ്ങളിൽ നിന്ന് രാഷ്ട്രീയം എന്നും അകന്നു നിൽക്കട്ടെ. ദൈവം തന്റെ കാരുണ്യത്താൽ ഭിന്നതയുടെ ആ വിത്ത് നമ്മുടെ മദ്ധ്യത്തിൽ നിന്ന് അകറ്റിനിർത്തുന്നിടത്തോളംകാലം സൊസൈറ്റി അഭിവൃദ്ധി പ്രാപിക്കും. നിർഭാഗ്യരും, പാവപ്പെട്ടവരും നമ്മെ അനുഗ്രഹിക്കും. നമ്മുടെ മദ്ധ്യത്തിൽ രാഷ്ട്രീയത്തിന്റെ ഒരു വാക്കു ശബ്ദിച്ചു കേൾക്കുവാനിടവരുന്ന ആ ദിവസം നാം പാവങ്ങൾക്കു നൽകുന്ന അപ്പക്കഷണം പാറക്കല്ലായി തീരുകയും സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി നശിപ്പിക്കപ്പെടുകയും ചെയ്യും.'

ജെ. ഗോസ്റ്റിൻ

'വേദന ഏൽപ്പിക്കുവാനല്ല ശമിപ്പിക്കുവാനാണ് നാം നിലകൊള്ളുന്നത്. നമ്മുടെ സൊസൈറ്റി ഉപവി പ്രവർത്തനങ്ങൾക്കു മാത്രമുള്ളതാണ്. രാഷ്ട്രീയവുമായി അതിനു യാതൊരു ബന്ധവുമില്ല. ഒരു ആനുകാലിക പ്രസിദ്ധീകരണം മിക്കവാറും എല്ലായ്പ്പോഴും തന്നെ രാഷ്ട്രീയമായിരിക്കും കൈകാര്യം ചെയ്യുക.'

ജെ. ബെയ്‌ലി

‘ഞാനാണു പുനരുത്ഥാനവും ജീവനും എന്നിൽ വിശ്വസിക്കുന്നവർ മരിച്ചാലും ജീവിക്കും (യോഹ. 11–25) ദൈവം നമുക്ക് നിത്യജീവൻ നൽകി. ഈ ജീവൻ അവിടുത്തെ പുത്രനിലാണ്. പുത്രനെ സ്വന്തമാക്കിയവൻ ജീവനെ സ്വന്തമാക്കിയിരിക്കുന്നു. ദൈവപുത്രനെ സ്വന്തമാക്കാത്തവനു ജീവൻ ഇല്ല (1 യോഹ. 5:11–12).

‘‘എന്റെ വത്സല സഹോദരരേ, കർത്താവിൽ നിങ്ങളുടെ ജോലി നിഷ്ഫലമാവില്ലെന്നു ബോധ്യപ്പെട്ടു അവിടുത്തെ ജോലിയിൽ സദാ അഭിവൃദ്ധി പ്രാപിച്ച് സ്ഥിരചിത്തരും അചഞ്ചലരുമായിരിക്കുവിൻ’’ (1 കോറി. 15:5–8).

ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കുവാൻ ദിവസവും രാവിലെ ദൈവത്തിനു നന്ദി പറഞ്ഞുകൊണ്ടു തുടക്കമിടുക. നിങ്ങളെ സ്നേഹിക്കുന്നവരെ ഒരിക്കലും കൈവിടരുത്. കാരണം ജീവിതം എന്നുപറയുന്നത് ദുഷ്ക്കരമായ ഒരു യാത്രയാണ്. അവിടെ തെറ്റു തിരുത്തി നൽകുന്നവരെയും, ധൈര്യം പകർന്നു തരുന്നവരെയും സ്നേഹത്തോടുകൂടി ‘എനിക്ക് നിന്റെ സ്നേഹം ആവശ്യമാണ്’ എന്നു പറയുവാൻ മടികാണിക്കരുത്.

നമുക്ക് സമകാലിക ജീവിതവുമായി പൊരുത്തപ്പെട്ടുള്ള പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകാം. കോവിഡ് 19 എന്ന മഹാമാരി താമസംവിനാ മാറിപ്പോകുമെന്നു പ്രത്യാശിക്കാം. പക്ഷേ ഇപ്പോഴത്തെ സ്ഥിതിയിൽ ഗവൺമെന്റ് അനുശാസിക്കുന്ന നിയമങ്ങൾ അനുസരിച്ചുകൊണ്ടു പ്രവൃത്തിക്കുക. തന്നിമിത്തം കോൺഫ്രൻസുതലം മുതലുള്ള മീറ്റിംഗുകൾ ഒന്നും തന്നെ നേരിട്ടു നടത്തുവാൻ സാധിക്കാതെ വരുന്നു. അതുപോലെതന്നെ 65നു മുകളിൽ പ്രായമുള്ള വിൻസെൻഷ്യൻ സഹോദരങ്ങളെയും കോവിഡ് മാനദണ്ഡങ്ങൾ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടു മാത്രമേ പ്രവർത്തനനിരതരാക്കാവൂ.

നമ്മുടെ സൊസൈറ്റിയുടെ അടിസ്ഥാനതത്വങ്ങൾ മറന്നുകൊണ്ടുള്ള പ്രവർത്തനങ്ങൾ ഒരിക്കലും ഉണ്ടാകുവാൻ പാടുള്ളതല്ല. സാഹോദര്യത്തോടെയുള്ള പെരുമാറ്റമാണ് അതിൽ ഒന്നാമത്തേത്. കത്തോലിക്കാവിശ്വാസാധിഷ്ഠിതമാണ് നമ്മുടെ പ്രവർത്തനങ്ങൾ. ആകുലരുമായി നേരിട്ടു ബന്ധം പുലർത്തുന്നവരായിരിക്കണം നാമോരോരുത്തരും. സാഹചര്യങ്ങൾക്കനുസൃതമായി നമ്മുടെ പ്രവർത്തനങ്ങൾക്ക് മാറ്റം വരുത്തിയാലും, അതു കരയുന്നവന്റെ കണ്ണീരൊപ്പാൻ പര്യാപ്തമായവിധമായിരിക്കണം. പാവങ്ങൾക്കു സമൂഹത്തിൽ സ്ഥാനമുറപ്പിക്കുകയും, അവരും നമ്മോടൊപ്പം പരിപാലിയ്ക്കപ്പെടേണ്ടവരാണെന്ന ചിന്തയും മറക്കാതിരിക്കുക.

ജീവിതം ഒരു തീർത്ഥാടനമാണ് അവിടെ സുമനസ്സുകളെ കണ്ടെത്തുക ശ്രമകരമായ കാര്യമാണ്. നമുക്ക് നമ്മെത്തന്നെ സമർപ്പിച്ചുകൊണ്ട് ദൈവാനുഗ്രഹത്തിനായി യാചിക്കാം. നന്മ നിറഞ്ഞ മനസ്സ് ദൈവപരിപാലനകൊണ്ടുമാത്രം ലഭിക്കുന്നതാണ്. ശാന്തതയോടെ പരിശുദ്ധ അമ്മയുടെ മാദ്ധ്യസ്ഥ പ്രാർത്ഥന വഴിയായി നന്മ നിറഞ്ഞ വിത്തുകൾ മാത്രം നമ്മുടെ സഹോദരങ്ങൾക്കു കൊടുക്കുവാൻ തക്കവണ്ണം നമ്മെ രൂപപ്പെടുത്തണമെന്നു പ്രാർത്ഥിച്ചുകൊണ്ട്

ഈശോയിൽ സ്നേഹത്തോടെ,

**ബ്ര. ആന്റണി തോമസ് കാനാറിക്കാവുങ്കൽ**
സി.സി. പ്രസിഡന്റ്

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ



158

# സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതം

(തിരുവചനഭാഗം: യാക്കോബ് 5,1-20)

ക്രിസ്തീയജീവിതം സ്നേഹത്തിന്റെയും പ്രാർത്ഥനയുടെയും ജീവിതമായിരിക്കണമെന്ന് യാക്കോബ്ശ്ലീഹാ വിശ്വാസികളെ ഉപദേശിക്കുന്നു. അതിനു വിരുദ്ധമായ നിലപാടുകൾ സഭയിലും സമൂഹത്തിലും കാണുന്ന പശ്ചാത്തലത്തിലാണ് ശ്ലീഹാ ഈ ഉപദേശം നല്കുന്നത്. ഈ വചനഭാഗം താഴെക്കാണും വിധം വിഭജിക്കാം.

1. ധനികർക്കു മുന്നറിയിപ്പ് (5,1-3)
2. സാമൂഹ്യനീതി പുലർത്തുക (5,4-6)
3. പരസ്പരസ്നേഹത്തിൽ നിലനില്ക്കുക (5,7-12)
4. രോഗീലേപനം നല്കി പ്രാർത്ഥിക്കുക (5,13-16a)
5. എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കുക (5,16b-20)

ഈ വചനഭാഗം പൗരോഹിത്യ ആദ്ധ്യാത്മികതയ്ക്ക് എപ്രകാരം പ്രചോദനം നല്കുന്നുവെന്ന് നമുക്കു പരിശോധിക്കാം.

## 1. ധനികർക്കു മുന്നറിയിപ്പ്

*''ധനവാന്മാരേ, നിങ്ങൾക്കു സംഭവിക്കാനിരിക്കുന്ന ദുരിതങ്ങളോർത്ത് ഉച്ചത്തിൽ നിലവിളിക്കുവിൻ. നിങ്ങളുടെ സമ്പത്ത് ക്ഷയിച്ചുകഴിഞ്ഞിരിക്കുന്നു. നിങ്ങളുടെ വസ്ത്രങ്ങൾ പുഴു അരിച്ചു പോയി. നിങ്ങളുടെ സ്വർണ്ണത്തിനും വെള്ളിക്കും കറ പിടിച്ചിരിക്കുന്നു. ആ കറ നിങ്ങൾക്കെതിരായ സാക്ഷ്യമായിരിക്കും. തീ പോലെ അതു നിങ്ങളുടെ മാംസത്തെ തിന്നുകളയും. അവസാന നാളുകളിലേക്കാണ് നിങ്ങൾ സമ്പത്തു ശേഖരിച്ചുവച്ചത്''* (5,1-3).

സമ്പന്നർക്കു വരാനിരിക്കുന്ന ദുരിതങ്ങളോർത്തു കരയാൻ ആഹ്വാനം ചെയ്തു കൊണ്ടാണ് ശ്ലീഹാ തന്റെ ഉപദേശം ആരംഭിക്കുന്നത്. അവരുടെ സുഖലോലുപ തയെയാണ് ശ്ലീഹാ വിമർശിക്കുന്നത്. അവരുടെ സമ്പത്തു ദ്രവിച്ചും വസ്ത്രങ്ങൾ പുഴു അരിച്ചും സ്വർണ്ണവും വെള്ളിയും കറപിടിച്ചും പോയെന്നാണ് ശ്ലീഹാ പറയു ന്നത്. ഉപയോഗിക്കാതിരുന്നതുമൂലമാണ് സമ്പത്തു ദ്രവിച്ചും വസ്ത്രങ്ങൾ പുഴു അരിച്ചും സ്വർണ്ണവും വെള്ളിയും കറപിടിച്ചും പോയെന്നു ശ്ലീഹാ പറയുന്നത്. ധനികർക്കാണല്ലോ സ്വർണ്ണത്തിന്റെയും വെള്ളിയുടെയും വലിയ ശേഖരങ്ങളു ള്ളത്. സ്വർണ്ണത്തിനും വെള്ളിയ്ക്കും സാധാരണ കറ പിടിക്കാറില്ല. സമ്പന്നന്റെ പക്കലുള്ള സ്വർണ്ണത്തിനും വെള്ളിയ്ക്കും പിടിച്ചിരിക്കുന്നത് സ്നേഹമില്ലായ്മ യുടെയും പങ്കുവയ്ക്കലില്ലായ്മയുടെയും കറയാണ്. ഈ കറ വിധിദിവസത്തിൽ അവർക്കെതിരെ സാക്ഷ്യമായിരിക്കും എന്നാണ് യാക്കോബിന്റെ മുന്നറിയിപ്പ്.

ദൈവം തങ്ങളെ ഭരമേല്പിച്ചിരിക്കുന്ന സമ്പത്ത് മറ്റുള്ളവർക്കുവേണ്ടിക്കൂടി പ്രയോജനപ്പെടുത്താതെ പൂഴ്ത്തിവച്ച് ജീവിക്കുന്നതിലൂടെ ഈ ധനികർ അന്ത്യ ദിനത്തിലേയ്ക്കായി തീ കൂട്ടി വയ്ക്കുകയാണ്. ഈ നരകാഗ്നി ധനികരുടെ മാംസം -ശരീരം- ദഹിപ്പിക്കും. അന്ത്യദിനത്തിലെ ശിക്ഷാവിധിയ്ക്കായി തങ്ങളുടെ സമ്പത്ത് അവർ സൂക്ഷിച്ചുവച്ചതുപോലിരിക്കും. പണം മാത്രമല്ല, സമ്പത്തിന്റെ പരിധിയിൽപെടുന്നത്. നമുക്കുള്ളതെന്തും – ആരോഗ്യവും സമയവും കഴിവു കളുമെല്ലാം സമ്പത്തിന്റെ ഭാഗമാണ്. ഇവയുടെ വിനിയോഗമാണ് അന്ത്യവിധി യുടെ മാനദണ്ഡമെന്ന് ഈശോതന്നെ വ്യക്തമാക്കിയിട്ടുണ്ട് (മത്താ 25,31–46). പുരോഹിതർ ദാരിദ്ര്യവ്രതമെടുക്കുന്നില്ലെങ്കിലും ദാരിദ്ര്യചൈതന്യം ജീവിക്കുവാൻ വിളിക്കപ്പെട്ടവരാണ്. ''ആത്മാവിൽ ദരിദ്രർ അനുഗൃഹീതർ, സ്വർഗ്ഗരാജ്യം അവരു ടേതാണ്'' (മത്താ 5,3) എന്ന സുവിശേഷഭാഗ്യം ഓരോ മിശിഹാശിഷ്യനോടും, പുരോഹിതനോടും ഈശോ പറയുന്നുണ്ട്. അതുകൊണ്ട് ഓരോ പുരോഹിതനും ദാരിദ്ര്യചൈതന്യം ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

## 2. സാമൂഹ്യനീതി പുലർത്തുക

*''നിങ്ങളുടെ നിലങ്ങളിൽനിന്നു വിളവുശേഖരിച്ച വേലക്കാർക്കു കൊടുക്കാതെ പിടിച്ചുവച്ച കൂലി ഇതാ, നിലവിളിക്കുന്നു. കൊയ്ത്തുകാരുടെ നിലവിളി സൈന്യ ങ്ങളുടെ കർത്താവിന്റെ കർണപുടങ്ങളിൽ എത്തിയിരിക്കുന്നു.നിങ്ങൾ ഭൂമിയിൽ ആഡംബരപൂർവം സുഖലോലുപരായി ജീവിച്ചു. കൊലയുടെ ദിവസത്തേക്കു നിങ്ങളുടെ ഹൃദയങ്ങളെ നിങ്ങൾ കൊഴുപ്പിച്ചിരിക്കുന്നു''* (5,4–5).

ധനികരുടെ ഭാഗത്തുനിന്നുള്ള അനീതി നിറഞ്ഞ പ്രവൃത്തികളിൽനിന്ന് ഒരു ഉദാഹരണം എടുത്തുകാണിച്ച്, അതേവിധത്തിലാണ് വിധിദിവസത്തിൽ അവർക്കെ തിരെ അവരുടെ ജീവിതം സാക്ഷ്യമാകാൻ പോകുന്നത് എന്ന് യാക്കോബ്ശ്ലീഹാ വ്യക്തമാക്കുന്നു. പഴയനിയമകാലത്തുതന്നെ വേലക്കാരുടെ കൂലി കൃത്യസമ യത്തു നല്കേണ്ടതിനെപ്പറ്റി നിബന്ധനകളുണ്ടായിരുന്നു (ലേവ്യ 19,13). വിളവു ശേഖരിക്കാൻ സഹായിച്ച കൊയ്ത്തുകാർക്ക് അർഹമായ കൂലി നല്കാതെ പിടി ച്ചുവച്ചത് വലിയ അപരാധമാണ്. ഇപ്രകാരം പിടിച്ചുവച്ച കൂലി – ദ്രവിച്ച സമ്പത്ത് – ധനികർക്കെതിരെ നിലവിളിക്കുന്നു. ഈ നിലവിളി കർത്താവിന്റെ ചെവികളി ലെത്തുകയും ചെയ്തിരിക്കുന്നു. ഈ ഭൂമിയിൽ ആഡംബരപൂർവ്വം സുഖലോലു

പരായി ജീവിക്കാനായി പാവപ്പെട്ടവരെ ചൂഷണം ചെയ്യുന്നവർ തങ്ങളുടെതന്നെ ശിക്ഷാവിധിയാണ് ഒരുക്കുന്നത് എന്നാണ് ശ്ലീഹായുടെ മുന്നറിയിപ്പ്.

ഇടവകകളിലും സഭാസ്ഥാപനങ്ങളിലും ഇപ്രകാരം സമൂഹ്യനീതി പുലർത്താത്ത സാഹചര്യങ്ങൾ ഉണ്ടാകാനിടയുണ്ട്. ഇക്കാര്യത്തിൽ സഭാശുശ്രൂഷകർ ജാഗ്രത പുലർത്തേണ്ടതുണ്ട്. ഇടവകാസമൂഹത്തിൽ സാമൂഹ്യനീതിയ്ക്കു വിരുദ്ധമായ സാഹചര്യങ്ങളുണ്ടോ എന്നു പരിശോധിക്കുവാനും ഉണ്ടെങ്കിൽ അവ പരിഹരിക്കുവാൻ ജനങ്ങളെ ഉദ്ബോധിപ്പിക്കുവാനും സഭാശുശ്രൂഷകർക്കു കഴിയണം. സഭാസംവിധാനങ്ങളിലും സ്ഥാപനങ്ങളിലും സാമൂഹ്യനീതിയ്ക്കു നിരക്കാത്ത സാഹചര്യങ്ങളുണ്ടാകുവാനിടയാകാത്തവിധം അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം. സഭയിൽമാത്രമല്ല, സമൂഹത്തിലും സാമൂഹ്യനീതി പുലർത്തുന്നു എന്നുറപ്പുവരുത്തുവാൻ സഭാശുശ്രൂഷകർക്കും സഭാംഗങ്ങൾക്കും കടമയുണ്ട്. കാരണം സഭ ലോകത്തിന്റെ പ്രകാശമാകാൻ വിളിക്കപ്പെട്ടവരുടെ സമൂഹമാണ് (മത്താ 5,14).

## 3. പരസ്പരസ്നേഹത്തിൽ നിലനില്ക്കുക

*''നിങ്ങൾ വിധിക്കപ്പെടാതിരിക്കാൻ, എന്റെ സഹോദരരേ, ഒരുവൻ മറ്റൊരുവനു വിരോധമായി പിറുപിറുക്കരുത്.ന്യായാധിപൻ ഇതാ, വാതിൽക്കൽ നില്ക്കുന്നു. സഹോദരരേ, കർത്താവിന്റെ നാമത്തിൽ സംസാരിച്ച പ്രവാചകന്മാരെ സഹനത്തിന്റെയും ക്ഷമയുടെയും മാതൃകയായി നിങ്ങൾ സ്വീകരിക്കുവിൻ. ഇതാ, പീഡസഹിക്കുന്നവരെ ഭാഗ്യവാന്മാരായി നാം കരുതുന്നു. ജോബിന്റെ ദീർഘസഹനത്തെപ്പറ്റി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. കർത്താവ് അവസാനം അവനോട് എന്തു ചെയ്തുവെന്നും അവിടുന്ന് എത്രമാത്രം ദയയും കാരുണ്യവുമുള്ളവനാണെന്നും നിങ്ങൾക്കറിയാമല്ലോ''* (5,9-11).

സഭയുടെ ശരിയായ വിശ്വാസജീവിതത്തിന് തടസ്സമായി നില്ക്കുന്നത് സഭയ്ക്കു പുറമേനിന്നുണ്ടാകുന്ന വെല്ലുവിളികളല്ല; സഭയ്ക്കുള്ളിൽനിന്നുതന്നെയുണ്ടാകുന്ന വെല്ലുവിളികളാണ്. കാരണം, ക്രിസ്തീയജീവിതത്തിന്റെ മുഖമുദ്ര പരസ്പരസ്നേഹമാണ്. യോഹന്നാൻശ്ലീഹായുടെ സുവിശേഷത്തിൽ ഈശോ ശിഷ്യരോടു പറയുന്ന വാക്കുകൾ നമുക്കറിവുള്ളതാണ്: ''ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും'' (യോഹ 13,34-35). പരസ്പരം സ്നേഹിക്കുന്നതിൽ സമൂഹം പരാജയപ്പെടുമ്പോൾ സഭ സഭയല്ലാതായിത്തീരുന്നു. യാക്കോബ്ശ്ലീഹായുടെ സമൂഹത്തിൽ ഒരാൾ മറ്റൊരാൾക്കു വിരോധമായി പിറുപിറുക്കുന്ന സാഹചര്യമുണ്ടായി (5,9). മിശിഹായുടെ രണ്ടാം ആഗമനത്തെ കാത്തിരിക്കുന്ന സമൂഹമെന്ന നിലയിൽ പരസ്പരം പിറുപിറുക്കാതെ, പരസ്പരം സ്നേഹിക്കണമെന്നാണ് ശ്ലീഹാ പറയുന്നത്. കാരണം, പരസ്പരസ്നേഹമാണ് അന്ത്യവിധിയുടെ മാനദണ്ഡം.

മിശിഹായുടെ രണ്ടാമാഗമനം ഉടനെയുണ്ടാകും എന്ന് വിശ്വസിച്ചിരുന്ന ആദിമസഭയുടെ കാലഘട്ടമായിരുന്നു അത്. അതുകൊണ്ട് സമയമുണ്ടെന്നു വിചാരി

ക്കരുതെന്നും കർത്താവിനെ കണ്ടുമുട്ടാൻ എപ്പോഴും പരസ്പരസ്നേഹത്തിന്റെ ഉണർവോടെ ഒരുങ്ങിയിരിക്കണമെന്നുമാണ് ശ്ലീഹാ ഉപദേശിക്കുന്നത്. അതോടൊപ്പം, പരസ്പരസ്നേഹത്തിൽ സ്ഥിരതയോടെ നിലനില്ക്കുന്നവർക്കു മാതൃകയായി സഭയിലെ പ്രവാചകന്മാരെ എടുത്തുകാണിക്കുകയും (5,10), നീതിയെ പ്രതി പീഡ സഹിക്കുന്നവർ ഭാഗ്യവാന്മാരാണെന്നുള്ള കർത്താവിന്റെ വാക്കുകൾ (മത്താ 5,10-11) അവരെ അനുസ്മരിപ്പിക്കുകയും ചെയ്യുന്നു (5,11). അജപാലന ശുശ്രൂഷയ്ക്കായി ഏല്പിക്കപ്പെടുന്ന സമൂഹത്തെ പരസ്പരം സ്നേഹിക്കുന്ന ഒരു സമൂഹമായി കെട്ടിപ്പടുക്കുവാനാണ് പുരോഹിതൻ പ്രഥമമായും പരിശ്രമിക്കേണ്ടത്. പുരോഹിതരുടെ അജപാലനശുശ്രൂഷയുടെ ലക്ഷ്യമായി രണ്ടാം വത്തിക്കാൻ കൗൺസിൽ എടുത്തുപറയുന്നതും വിശ്വാസികളുടെ സമൂഹത്തെ ദൈവമക്കളുടെ കുടുംബമായി പടുത്തുയർത്തുക എന്നതാണ്.

## 4. രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുക

*"നിങ്ങളുടെയിടയിൽ ദുരിതമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ. നിങ്ങളിൽ ആരെങ്കിലും രോഗിയാണെങ്കിൽ അവൻ സഭയിലെ ശ്രേഷ്ഠന്മാരെ വിളിക്കട്ടെ. അവർ കർത്താവിന്റെ നാമത്തിൽ അവനെ തൈലാഭിഷേകം ചെയ്ത് അവനുവേണ്ടി പ്രാർത്ഥിക്കട്ടെ. വിശ്വാസത്തോടെയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും; കർത്താവ് അവനെ എഴുന്നേല്പിക്കും; അവൻ പാപങ്ങൾ ചെയ്തിട്ടുണ്ടെങ്കിൽ അവിടുന്ന് അവനു മാപ്പു നല്കും"* (5,13-15).

ആർക്കെങ്കിലും രോഗം ബാധിച്ചാൽ അവൻ സഭയിലെ ശുശ്രൂഷകരെ വിളിക്കട്ടെ എന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നു. വിശ്വാസികളുടെ സമൂഹത്തിലെ മൂപ്പൻമാരെ(പ്രസ്ബിത്തെരോയി)യാണ് 'ശ്രേഷ്ഠന്മാർ' എന്ന് ഇവിടെ വിശേഷിപ്പിക്കുന്നത്. ശ്ലീഹന്മാരോടുചേർന്നും, അവരുടെ അഭാവത്തിൽ അവരുടെ സ്ഥാനത്തുനിന്നും, ആദിമസഭയിൽ നേതൃത്വം വഹിച്ചിരുന്നത് അവരാണ്. ജറുസലേംസഭയിൽ പ്രാദേശിക നേതാക്കന്മാരായി അവരെ നടപടിഗ്രന്ഥത്തിൽ നാം കാണുന്നു. ക്ഷാമകാലത്ത് ബാർണബാസും സാവൂളുംവഴി സാമ്പത്തികസഹായം അവർക്ക് എത്തിച്ചുകൊടുക്കുന്നതായി പറയുന്നുണ്ട് (ശ്ലീഹാ 11,30). നടപടിഗ്രന്ഥം 15-ാം അദ്ധ്യായത്തിൽ ശ്ലീഹന്മാരുടെ സഹപ്രവർത്തകരായി അവർ കാണപ്പെടുന്നുണ്ട്. ജറുസലേം കൗൺസിലിന്റെ തീരുമാനങ്ങൾ ശ്ലീഹന്മാരുടെയും ശ്രേഷ്ഠന്മാരുടെയും പേരിലാണ് പാസ്സാക്കിയത് (ശ്ലീഹാ 15,23). ഇന്നത്തെ സഭയിലെ മെത്രാന്മാരുടെയും പുരോഹിതരുടെയും മുൻഗാമികളാണ് ഈ ശ്രേഷ്ഠന്മാർ.

ഈശോയുടെ പരസ്യജീവിതകാലത്തെ സുവിശേഷപ്രഘോഷണത്തിന്റെ ഭാഗമായിരുന്നു രോഗശാന്തിയത്ഭുതങ്ങൾ (ലൂക്കാ 9,2). ഈ സുവിശേഷപ്രഘോഷണം ഇന്ന് സഭയിൽ തുടരുന്നത് ശ്ലീഹന്മാരുടെ പിൻഗാമികളായ ശ്രേഷ്ഠന്മാരിലൂടെയാണ്; അതായത്, മെത്രാന്മാരിലൂടെയും പുരോഹിതരിലൂടെയും. പുരോഹിതൻ രോഗികൾക്കുവേണ്ടി പ്രാർത്ഥിക്കുകയും കർത്താവിന്റെ നാമത്തിൽ തൈലം പൂശുകയും ചെയ്യണമെന്ന് യാക്കോബ്ശ്ലീഹാ നിർദ്ദേശിക്കുന്നു (5,14). വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന രോഗിയെ സുഖപ്പെടുത്തും. കർത്താവിന്റെ നാമത്തിലുള്ള തൈലംപൂശൽ പ്രധാന കർമ്മമാണ്. തൈലം യഥാർത്ഥ

അഭിഷിക്തനായ മിശിഹായുടെ പ്രതീകമാണ്. അവിടുത്തെ നാമത്തിലാണ് രോഗിയുടെമേൽ തൈലം പൂശുന്നത്. അതുകൊണ്ട് അവിടുന്നുതന്നെയാണ് രോഗിയെ സുഖപ്പെടുത്തുന്നതും. കൂദാശകളെല്ലാം മിശിഹായുടെ പ്രവൃത്തികളാണ്. പുരോഹിതൻ അവിടുത്തെ കരങ്ങളിൽ ഒരു ഉപകരണംമാത്രമാണ്. ഇപ്രകാരമുള്ള വിശ്വാസത്തോടും മനോഭാവത്തോടുംകൂടെ മിശിഹായോട് ഒന്നായിനിന്ന് കൂദാശാപരമായ ശുശ്രൂഷ നിർവഹിക്കുവാൻ പുരോഹിതർക്കു കഴിയണം. അപ്രകാരം മിശിഹായുമായി താദാത്മ്യവും ഐക്യവും പുലർത്തിക്കൊണ്ട് എപ്പോഴും ജീവിക്കുവാൻ പുരോഹിതൻ ശ്രദ്ധിക്കുകയും വേണം.

## 5. എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കുക

*''നിങ്ങൾ സൗഖ്യം പ്രാപിക്കാനായി പരസ്പരം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുവിൻ. നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണ്. ഏലിയാ നമ്മെപ്പോലുള്ള ഒരു മനുഷ്യനായിരുന്നു. മഴ പെയ്യാതിരിക്കാൻ അവൻ തീക്ഷ്ണതയോടെ പ്രാർത്ഥിച്ചു. ഫലമോ, മൂന്നുവർഷവും ആറുമാസവും ഭൂമിയിൽ മഴ പെയ്തില്ല''* (5,16-17).

അന്യോന്യം പാപങ്ങൾ ഏറ്റുപറയുകയും പ്രാർത്ഥിക്കുകയും ചെയ്യുമ്പോൾ സൗഖ്യമുണ്ടാകുമെന്ന് യാക്കോബ്ശ്ലീഹാ പറയുന്നു. അനുരഞ്ജനകൂദാശയാണ് ഇവിടെ പരാമർശിക്കുന്നത്. ഈ കൂദാശവഴി പാപമോചനംമാത്രമല്ല, രോഗസൗഖ്യവും ലഭിക്കും. പലപ്പോഴും രോഗങ്ങൾക്കു കാരണം ദൈവത്തോടും മറ്റു മനുഷ്യരോടും തന്നോടുതന്നെയുമുള്ള ബന്ധത്തിലെ താളപ്പിഴകളാണ്. പാപം ചെയ്യുന്നതിലൂടെ ശിഥിലമാക്കപ്പെട്ട ബന്ധങ്ങൾ പുനഃസ്ഥാപിക്കുകയാണ് അനുരഞ്ജനകൂദാശ ചെയ്യുന്നത്. പാപങ്ങൾ ഏറ്റുപറഞ്ഞു കുമ്പസാരിക്കുമ്പോൾ അത് സൗഖ്യം പ്രദാനം ചെയ്യും എന്നതാണ് യാക്കോബ്ശ്ലീഹായുടെ പ്രബോധനം. പാപം എത്ര വ്യക്തിപരമായിരുന്നാലും അത് സമൂഹത്തിനെതിരായുള്ള തിന്മകൂടിയാണ്. അതുകൊണ്ടാണ് പാപമോചനത്തിന് സഹോദരങ്ങളുമായുള്ള അനുരഞ്ജനം ആവശ്യമായിരിക്കുന്നത്. പുരോഹിതൻ ദൈവത്തിന്റെയും സമൂഹത്തിന്റെയും പ്രതിനിധി എന്ന നിലയിലാണ് പാപങ്ങൾ ശ്രവിക്കുന്നത്.

കൂദാശാപരമായ പ്രാർത്ഥനകൊണ്ടുമാത്രം തൃപ്തിപ്പെടാതെ എല്ലാ സാഹചര്യങ്ങളിലും പ്രാർത്ഥിക്കണമെന്ന് യാക്കോബ്ശ്ലീഹാ പറയുന്നുണ്ട്: ''നിങ്ങളുടെയിടയിൽ ദുരിതമനുഭവിക്കുന്നവൻ പ്രാർത്ഥിക്കട്ടെ. ആഹ്ലാദിക്കുന്നവൻ സ്തുതിഗീതം ആലപിക്കട്ടെ'' (5,13). നീതിമാന്റെ പ്രാർത്ഥന വളരെ ശക്തിയുള്ളതും ഫലദായകവുമാണെന്ന് ഏലിയായുടെ ഉദാഹരണം ഉദ്ധരിച്ചുകൊണ്ട് ശ്ലീഹാ സമർത്ഥിക്കുന്നു (5,17-18). പ്രാർത്ഥന ഫലദായകമാകണമെങ്കിൽ ദൈവസ്നേഹത്തോടും പരസ്നേഹത്തോടുംകൂടെ പ്രാർത്ഥിക്കണം. ദൈവവുമായുള്ള സ്നേഹസംഭാഷണം എന്നാണല്ലോ പ്രാർത്ഥനയുടെ നിർവചനം. പരസ്നേഹമില്ലെങ്കിൽ അവിടെ ദൈവസ്നേഹവുമില്ല. അതുകൊണ്ട് പ്രാർത്ഥന ദൈവസ്നേഹത്തിന്റെയും പരസ്നേഹത്തിന്റെയും പ്രകാശനവും, അവയിൽ നമ്മെ വളർത്താനുള്ള ഉപാധിയുമാണ്. പുരോഹിതൻ കൂദാശകൾ പരികർമ്മം ചെയ്യുന്നവൻ മാത്രമാകാതെ പ്രാർത്ഥിക്കുന്നവനും പ്രാർത്ഥിക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നവനുമാകണം.

## ജീവിതസൂചിക

1. ദാരിദ്ര്യചൈതന്യം ജീവിക്കുവാനും, ദൈവജനത്തെ ആ ചൈതന്യത്തിൽ വളർത്തുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
2. സഭയിലും സമൂഹത്തിലും സാമൂഹ്യനീതി പുലർത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?
3. പരസ്പരസ്നേഹത്തിലും കുടുംബാരൂപിയിലും ഇടവകസമൂഹത്തെ കെട്ടിപ്പടുക്കുവാൻ ഞാൻ എപ്രകാരം ശ്രമിക്കുന്നു?
4. എന്റെ പുരോഹിതശുശ്രൂഷയിൽ രോഗശാന്തിശുശ്രൂഷയ്ക്ക് അർഹമായ സ്ഥാനം ഞാൻ നല്കുന്നുണ്ടോ?
5. പ്രാർത്ഥനാജീവിതം നയിക്കുവാനും പ്രാർത്ഥിക്കാൻ ജനങ്ങളെ പഠിപ്പിക്കുവാനും ഞാൻ ശ്രദ്ധിക്കുന്നുണ്ടോ?

# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി



## മാർ ജോസഫ് പെരുന്തോട്ടം

**സെപ്റ്റംബർ 2020**

29 രാവിലെ എറ്റുമാനൂർ ക്രിസ്തുരാജ ദൈവാലയത്തിൽ റോഗേഷനിസ്റ്റ് സന്യാസസമൂഹാംഗമായ മ്ശംശാന നെല്ലിത്താനത്ത്പറമ്പിൽ ജോർജിന് പൗരോഹിത്യ പട്ടം നൽകി. ചങ്ങനാശേരി അതിരൂപതവൈദികനും അതിരമ്പുഴ ഇടവകാംഗമായ പൊന്നാറ്റിൽ ബഹു. നോബിയച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ കോട്ടയം അതിരൂപത നിയുക്ത സഹായ മെത്രാൻ അഭിവന്ദ്യ ജോർജ് കുരിശുംമൂട്ടിൽ പിതാവിനെ സ്വീകരിച്ചു.

30 രാവിലെ സീറോ മലബാർ ലിറ്റർജിക്കൽ സബ് കമ്മിറ്റിയുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. മാർത്തോമ വിദ്യാനികേതനിൽ പരിശീലനം പൂർത്തിയാക്കിയ പൂർവ്വ വിദ്യാർത്ഥികളുടെ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു.

**ഒക്ടോബർ 2020**

01 രാവിലെ അതിരൂപത കോർപറേറ്റ് മനേജ്മെന്റ് സ്കൂളിൽനിന്നും 10,+2 ക്ലാസ്സുകളിൽ ഉന്നത വിജയം നേടിയ കുട്ടികളുടെ ഓൺലൈൻ മെറിറ്റ് ഡേ സംഗമത്തിൽ പങ്കെടുക്കുകയും അഭിനന്ദനങ്ങൾ അറിയിക്കുകയും ചെയ്തു. ഗാന്ധിജയന്തിയോടനുബന്ധിച്ച് ചങ്ങനാശേരി സോഷ്യൽ സർവീസ് കേന്ദ്രത്തിൽ നടത്തിയ പരിപാടിയിൽ അധ്യക്ഷത വഹിച്ച് തിരഞ്ഞെടുക്കപ്പെട്ടവർക്ക് ചർക്ക വിതരണം ചെയ്യുകയും ചാസ് – ഖാദി ഓൺലൈൻ ഷോപ്പിംഗ് ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. വൈകുന്നേരം സീറോ മലബാർ രൂപതകളിലെ പിതാക്കന്മാർക്കായി ക്രമീകരിക്കപ്പെട്ട മാസധ്യാനത്തിൽ പങ്കെടുത്തു.

02 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ അതിരൂപതയുടെ വിവിധ ഫൊറോനകളിലെ വെക്കേഷൻ പ്രമോട്ടർമാരുടെ മീറ്റിംഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, മീഡിയ വില്ലേജിൽ മാക് ടി.വി. സംഘടിപ്പിച്ച ഷോർട്ട് ഫിലിം കോമ്പറ്റീഷനിലെ വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു. വൈകുന്നേരം, U. C. P. I. യുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. ചങ്ങനാശേരി എക്യുമെനിക്കൽ കൗൺസിൽ വിവിധ മതമേലധ്യക്ഷന്മാരെ ഉൾക്കൊള്ളിച്ച് ക്രമീകരിച്ച ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം, അതിരൂപതാ പാസ്റ്ററൽ കൗൺസിൽ ക്രമീകരിച്ച കേന്ദ്ര സർക്കാർ നടപ്പിലാക്കുന്ന പാർലമെന്ററി ബില്ലിനെ സംബന്ധിച്ച് ശ്രീ. പി.സി. സിറിയക് നേതൃത്വം നൽകിയ വെബ്ബിനാർ ഉദ്ഘാടനം ചെയ്തു സംസാരിച്ചു.

03 ഉച്ചകഴിഞ്ഞ് ചെത്തിപ്പുഴ എസ്.ഡി. പ്രൊവിഷ്യൽ ഹൗസിൽ മരണമടഞ്ഞ സിസ്റ്റർ ഡൊമിനിക്കാ എസ്.ഡിയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

04 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ പരി. കുർബാന അർപ്പിച്ചു. തുടർന്ന് മിഷൻ സൺഡേയോടനുബന്ധിച്ച് ലക്കി കൂപ്പൺ വിതരണം ഉദ്ഘാടനം ചെയ്തു. മൈനർ സെമിനാരിയിലെ ഒന്നാംവർഷക്കാർക്ക് ക്ലാസ് എടുത്തു.

05 രാവിലെ L. R. C. ഓൺലൈൻ മീറ്റിഗിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

06 രാവിലെ കോട്ടയം ലൂർദ് ഫൊറോന ദൈവാലയത്തിൽ കളരിക്കൽ അന്നമ്മ ജോർജ് (പെണ്ണമ്മ) ന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു. ടീച്ചേഴ്സ് ഗിൽഡ് ഭാരവാഹികളുടെ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു.

07 രാവിലെ സീറോ മലബാർ ലിറ്റർജിക്കൽ സബ് കമ്മിറ്റിയുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

08 ഉച്ചകഴിഞ്ഞ് സി. ദുവീത്താ എം.എൽ.എഫ്-ന്റെ മൃതസംസ്ക്കാരശുശ്രൂഷകളുടെ പ്രാരംഭ കർമ്മങ്ങൾക്ക് കുറിച്ചി എം.എൽ.എഫ് മഠത്തിൽ കാർമ്മികത്വം വഹിച്ചു. വൈകുന്നേരം ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിയായിരുന്ന ആർച്ചുബിഷപ്പ് ജ്യാംബപ്ത്തിസ്താ ദിക്വാത്രോക്ക് സീറോ മലബാർ സിനഡ് പിതാക്കന്മാർ നൽകിയ ഓൺലൈൻ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

09 രാവിലെ മാർ മാത്യു കാവുകാട്ട് പിതാവിന്റെ 51-ാം ചരമവാർഷികത്തോടനുബന്ധിച്ച് മെത്രാപ്പോലീത്തൻ പള്ളിയിൽ പരി. കുർബാനയർപ്പിച്ചു സന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയും ദീപികയും ചേർന്ന് ഒരുക്കുന്ന 'ദീപിക ഫാമിലി ഹെൽത്ത് കാർഡ്' വിതരണം ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് എസ്.ബി. കോളേജ് സുറിയാനി ഡിപ്പാർട്ട്മെന്റ് ഒരുക്കിയ വെബ്ബിനാറിൽ പങ്കെടുത്തു സന്ദേശം നൽകി. വൈകുന്നേരം കൊല്ലം - ആയൂർ ഫൊറോനാകൗൺസിൽ മീറ്റിംഗ് ഉദ്ഘാടനം ചെയ്തു സംസാരിച്ചു. ജിദ്ദയിലെ പ്രവാസികളായ സീറോ മലബാർ വിശ്വാസികൾ ക്രമീകരിച്ച ജപമാല പ്രാർത്ഥനയിൽ പങ്കെടുത്തു സന്ദേശം നൽകി.

10 രാവിലെ സീറോ മലബാർ ദളിത് വികാസ് സൊസൈറ്റി വിദ്യാർത്ഥികൾക്കായി തയ്യാറാക്കിയിരിക്കുന്ന സ്കോളർഷിപ്പ് മാർത്തോമ്മാവിദ്യാനികേതനിൽ വിതരണം ചെയ്തു. ഉച്ചയ്ക്ക് ജെസ്യൂട്ട് സഭാ അംഗമായ ഫാ. സണ്ണി പടിഞ്ഞാറേവാരിക്കാട്ടിന്റെ പിതാവിന്റെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് പ്രാർത്ഥന ചൊല്ലി. ഉച്ചകഴിഞ്ഞ് മഹായോഗത്തിനോട് അനുബന്ധിച്ചുള്ള ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. വൈകുന്നേരം പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് അംഗങ്ങളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

11 രാവിലെ നിരണം സെന്റ് തോമസ് ഇടവക ദൈവാലയത്തിൽ പരി. കുർബാന

അർപ്പിച്ചു. തുടർന്ന് നാലാംവർഷ വൈദികാർത്ഥികൾക്ക് ക്ലാസ്സ് എടുത്തു. ഉച്ചകഴിഞ്ഞ് യുവദീപ്തി-എസ്.എം.വൈ.എം ക്രമീകരിച്ച തെക്കൻ മേഖല യുവനസ്രാണി ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം, റോമിലും മറ്റു രാജ്യങ്ങളിലുമായി ഉപരിപഠനത്തിലായിരിക്കുന്ന അതിരൂപതാ വൈദികരുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

12 രാവിലെ തെള്ളകം കപ്പൂച്ചിൻ ആശ്രമത്തിൽ പത്തൊൻപത് ഹെവ്പ്പ ദ്‌യാക്കോനാമാർക്ക് മ്ശംശാന പട്ടം നൽകി. ഉച്ചകഴിഞ്ഞ് പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടേഴ്സ് ഓൺലൈൻ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

13 ഉച്ചകഴിഞ്ഞ് കുറിച്ചി മൈനർ സെമിനാരിയിലെ ഒന്നാംവർഷ വൈദികാർത്ഥികൾക്ക് ക്ലാസ് എടുത്തു.

14 ഉച്ചകഴിഞ്ഞ് അരമനയിൽ റീജൻസി ബ്രദേഴ്സിന് ക്ലാസ് എടുത്തു.

16 ചങ്ങനാശേരി അതിരൂപത എസ്.എം.വൈ.എം നേതൃത്വം നൽകിയ പ്രവാസി യുവനസ്രാണി ഓൺലൈൻ സംഗമത്തിൽ പങ്കെടുത്തു സന്ദേശം നൽകി. അമേരിക്കയിലും കാനഡയിലുമുള്ള ചങ്ങനാശേരി അതിരൂപതാ വൈദികരുമായി ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

17 രാവിലെ പുളിങ്കുന്ന് സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. ഉച്ചക്കഴിഞ്ഞ്, മൈനർ സെമിനാരിയിൽ വൈദികാർത്ഥികളോടൊപ്പം മിഷൻ ഞായർ പരിപാടികളിൽ പങ്കെടുത്തു. വൈകുന്നേരം ചങ്ങനാശേരി ഫൊറോന കൗൺസിൽ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു സന്ദേശം നൽകി.

18 വൈകുന്നേരം കൊണ്ടാക്കൽ എഫ്.സി.സി. സന്യാസഭവനം ചാപ്പൽ ആശീർവദിച്ച് പരി. കുർബാന അർപ്പിച്ചു. തിരുവല്ല പുലാത്തീൻ അരമനയിൽ അഭിവന്ദ്യ ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്തായുടെ വേർപാടിൽ അനുശോചനം അറിയിച്ച് ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

20 സീറോമലബാർ ലിറ്റർജിക്കൽ സബ് കമ്മിറ്റിയുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, മൈനർ സെമിനാരിയിൽ വൈദികാർത്ഥികൾക്ക് ക്ലാസ് എടുത്തു. വൈകുന്നേരം 15 -ാം മത് പ്രസ്ബിറ്ററൽ കൗൺസിൽ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

21 ഉച്ചകഴിഞ്ഞ് എടത്വാ സെന്റ് ജോർജ് ഫൊറോനാ ദൈവാലയത്തിൽ ശ്രീ. ജോർജ് ജോസഫ് കോനാട്ടിന്റെ മൃതസംസ്ക്കാര ശുശ്രൂഷകളുടെ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു.

ആലപ്പുഴ സി.എം.സി. മഠത്തിൽ മരണമടഞ്ഞ സി. റോസിലിൻ മമ്പലം സി.എം.സി യുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 രാവിലെ ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ മ്ശാശാന ജോസഫ് ഇറ്റോലിന് പൗരോഹിത്യം പട്ടം നൽകി. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം കൊല്ലം-ആയൂർ ഫൊറോനയുടെ നേതൃത്വത്തിൽ മലയോര കർഷകരുടെ വിവിധ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെട്ട വെബ്ബിനാറിൽ പങ്കെടുത്തു.

23 രാവിലെ ദീപിക അപ്പക്സ് ബോർഡ് ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

24 രാവിലെ വാവോട് തിരുഹൃദയ ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു. അമ്പൂരി സെന്റ് ജോർജ്ജ് ഫൊറോനാ ദൈവാലയത്തിൽ മ്ശംശാന ജോസഫ് ഇരുപ്പക്കാട്ടിന് പൗരോഹിത്യ പട്ടം നൽകി. അമ്പൂരി ഫൊറോനയിലെ എല്ലാ ഇടവകദൈവാലയങ്ങളും സന്യാസഭവനങ്ങളും സന്ദർശിച്ചു.

25 ആയൂർ ഫൊറോന ദൈവാലയത്തിൽ പരി. കുർബാന അർപ്പിച്ചു. തുടർന്ന് സൺഡേസ്കൂൾ കുട്ടികൾക്കായി സന്ദേശനിലയം വിഭാവനം ചെയ്ത 'ഉണ്ണീശോയ്ക്ക് ഒരു പൂന്തോട്ടം' പദ്ധതി ഉദ്ഘാടനം ചെയ്തു. കൊല്ലം – ആയൂർ ഫൊറോനായിലെ എല്ലാ ഇടവകദൈവാലയങ്ങളും സന്യാസ ഭവനങ്ങളും സന്ദർശിച്ചു.

26 രാവിലെ സീറോ മലബാർ ലിറ്റർജിക്കൽ സബ് കമ്മിറ്റിയുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ പ്രവാസി അപ്പസ്തോലേറ്റിന്റെ ഇ–മിത്രം ജനസേവാകേന്ദ്രം ആശീർവദിച്ചു. പാറേൽ സെന്റ് മേരീസ് ഇടവകാംഗമായ കുട്ടംപേരൂർ ചക്കാലയ്ക്കൽ ജെറി ജോണിയുടെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

27 രാവിലെ സെന്റ് മേരീസ് കത്തീഡ്രൽ കബറിട ദൈവാലയത്തിൽ മാർ ജയിംസ് കാളാശ്ശേരി പിതാവിന്റെ എഴുപത്തിഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പരി. കുർബാന അർപ്പിച്ചു. നെല്ല് സംഭരണം വൈകുന്നതിന്റെ പശ്ചാത്തലത്തിൽ ചമ്പക്കുളം പഞ്ചായത്തിലെ കൊക്കണം പാടശേഖരം സന്ദർശിക്കുകയും കർഷകർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്തു. വൈകുന്നേരം ചങ്ങനാശേരി അതിരൂപതാ വൈദികരുടെ ഓൺലൈൻ വാർഷിക ധ്യാനത്തിൽ ധ്യാനചിന്തകൾ നൽകി.

## മാർ തോമസ് തറയിൽ

**സെപ്റ്റംബർ 2020**

24 +2 പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കിയ അതിരൂപതയിലെ കുട്ടികളെ ഓൺലൈൻ കോൺഫറൻസിൽ ആദരിക്കുകയും ഉപരി പഠനത്തിനു മാർഗ്ഗനിർദേശങ്ങൾ നൽകുകയും ചെയ്തു. ഇത്തിത്താനം ആശാഭവൻ സ്കൂളിൽ കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി കേരള സർക്കാർ തയ്യാറാക്കിയ 'തേൻകൂട്' ആപ്പ് ഓൺലൈനിലൂടെ ഉദ്ഘാടനം ചെയ്തു. ചങ്ങനാശ്ശേരി ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

25 കൈനടി വ്യാകുലമാതാ ഇടവകയിൽ ബഹു. ജേക്കബ് വട്ടയ്ക്കാട്ടച്ചന്റെ സഹോദരഭാര്യ മറിയമ്മ സ്കറിയായുടെ മൃതസംസ്കാരത്തിൽ ദൈവാലയത്തിലെ ശുശ്രൂഷകൾക്കു കാർമ്മികത്വം വഹിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു. കാർഷിക വികസന പരിപാടികളുടെ സംഘാടനത്തെക്കുറിച്ച് അതിരൂപതയിലെ വൈദികർക്കായി ഒരുക്കിയ വെബ്ബിനാറിൽ പങ്കെടുത്തു.

26 പുനലൂർ നിർമ്മൽഗിരി നൊവിഷ്യേറ്റ്ഹൗസിൽ വി. കുർബാന അർപ്പിച്ചു. തിരുവനന്തപുരം ഫൊറോന സൺഡേസ്കൂൾ ഹെഡ്മാസ്റ്റർമാരുടെയും CRT മെമ്പർമാരുടെയും ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. കുടമാളൂർ ഫൊറോനയിലെ യുവജനങ്ങളോടു സൂം കോൺഫറൻസിൽ സംവദിച്ചു.

27 കണ്ണമ്മൂല വി. മദർ തെരേസ ദൈവാലയത്തിൽ വി. കുർബാന അർപ്പിച്ചു. പൊങ്ങുംമൂട് സെന്റ് അൽഫോൻസാ ദൈവാലയത്തിന്റെ കുടുംബക്കൂട്ടായ്മ മീറ്റിംഗിൽ പങ്കെടുത്തു. കുറുമ്പനാടം ഫൊറോനയിലെ യുവജനങ്ങളോടു സൂം കോൺഫറൻസിൽ സംവദിച്ചു.

28 എടത്വാ ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

29 സെന്റ് ജോസഫ് കോട്ടയം പ്രൊവിൻസിന്റെ പുതിയ സുപ്പീരിയേഴ്സിനു ഒരുക്കിയ ആനിമേഷൻ പ്രോഗ്രാമിൽ ഓൺലൈനിലൂടെ ഓറിയന്റേഷൻ ടോക്ക് നല്കി. മണിമല ഫൊറോനയിലെ യുവജനങ്ങളോടു സൂം കോൺഫറൻസിൽ സംവദിച്ചു.

30 ജനപ്രതിനിധികൾക്കും ഇടവകതലം മുതലുള്ള വിവിധ സംഘടനകളുടെ നേതാക്കൾക്കും പൊതുരംഗത്ത് പ്രവർത്തിക്കുന്നവർക്കുമായി ഒരുക്കിയ മൂല്യാധിഷ്ഠിത നേതൃത്വവെബ്ബിനാറിൽ പ്രഭാഷണം നടത്തി. കൊല്ലം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. താമരശ്ശേരി രൂപതയിലെ യുവജനങ്ങൾക്ക് ഓൺലൈൻ കോൺഫറൻസിൽ ക്ലാസെടുത്തു.

**ഒക്ടോബർ 2020**

01 അതിരൂപത കോർപ്പറേറ്റ് മാനേജ്മെന്റിന്റെ നേതൃത്വത്തിൽ നടന്ന പ്രതിഭാസംഗമത്തിൽ പങ്കെടുത്തു. വൈകുന്നേരം കോട്ടയം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

02 മീഡിയ അപ്പോസ്തലേറ്റിന്റെ നേതൃത്വത്തിൽ നടന്ന ഷോർട്ട് ഫിലിം കോമ്പറ്റീഷനിൽ വിജയികളായവർക്ക് അവാർഡ് ദാനം നടത്തി. ചങ്ങനാശ്ശേരി കത്തീഡ്രൽ പള്ളിയിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് വചനപ്രഘോഷണം നടത്തി. പാസ്റ്ററൽ കൗൺസിൽ എക്സിക്യുട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

03 കത്തീഡ്രൽ ദൈവാലയത്തിൽ പരേതനായ സി.എഫ് തോമസ് എം.എൽ.എ യുടെ ഏഴാം ചരമദിവസം പരിശുദ്ധ കുർബാന അർപ്പിച്ച് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുറ്റിച്ചൽ ലൂർദ്ദ് മാതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെൻറ് സ്റ്റഡീസ് ഒരുക്കിയ നേതൃത്വപരിശീലന വെബ്ബിനാറിൽ പങ്കെടുത്തു. വൈകുന്നേരം കോതമംഗലം രൂപതയിലെ വൈദികർക്ക് ഓൺലൈനിൽ മാസധ്യാന ചിന്തകൾ പങ്കുവെച്ചു.

04 രാജഗിരി ക്രിസ്തുരാജ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് ഇടവകയിലെ ജനങ്ങളുമായി സംസാരിച്ചു. അതിനുശേഷം തേക്കുപാറ പള്ളി സന്ദർശിച്ചു. അമ്പൂരി എസ്.എച്ച് കോൺവെന്റിലെ നവീകരിച്ച

ചാപ്പലിന്റെ വെഞ്ചെരിപ്പു കർമ്മം നടത്തി. ഉച്ചകഴിഞ്ഞ് അമ്പൂരി ഫൊറോന പള്ളിയിൽ TAASC ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

05 ചങ്ങനാശ്ശേരി കത്തീഡ്രൽ ഇടവകാംഗമായ കളീക്കൽ അമ്മിണി ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ക്ലാസെടുത്തു. കോട്ടയം ലൂർദ്ദ് ഫൊറോന പള്ളി ഇടവകാംഗമായ റിട്ടയേഡ് ഡിസ്ട്രിക്ട് ജഡ്ജ് കളരിക്കൽ കെ.സി. ജോർജ്ജിന്റെ ഭാര്യ അന്നമ്മ ജോർജ്ജിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കുടമാളൂർ ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

06 ടീച്ചേഴ്സ് ഗിൽഡിന്റെ എക്സിക്യുട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു. നിരണം സെമിനാരിയിൽ ക്ലാസെടുത്തു.

07 ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ഡി.സി.എം.എസ് ന്റെ നേതൃത്വത്തിൽ ഹത്രാസിലെ കൊലചെയ്യപ്പെട്ട ദളിത് പെൺകുട്ടിയുടെ ഓർമ്മയിൽ നടത്തിയ പ്രാർത്ഥനായജ്ഞത്തിൽ പങ്കെടുത്തു. കുറുമ്പനാടം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

08 കുറിച്ചി എം.എൽ.എഫ് മഠത്തിലെ പ്രാരംഭ സഭാംഗം റവ. മദർ ദുവീത്തയുടെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. പുന്നപ്ര ദനഹാലയായിൽ ക്ലാസെടുത്തു. വൈകുന്നേരം ചങ്ങനാശ്ശേരി കത്തീഡ്രൽ ദൈവാലയത്തിൽ ദൈവദാസൻ മാർ മാത്യു കാവുകാട്ട് പിതാവിന്റെ അൻപത്തിയൊന്നാം ചരമവാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും കബറിടത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മണിമല ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

09 എസ്.ബി കോളേജിലെ സുറിയാനി വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മാർ മാത്യു കാവുകാട്ട് മെമ്മോറിയൽ അന്തർദേശീയ വെബ്ബിനാർ ഉദ്ഘാടനം ചെയ്തു. വൈകുന്നേരം പാസ്റ്ററൽ കൗൺസിലിന്റെ അജണ്ട മീറ്റിംഗിൽ പങ്കെടുത്തു. തുടർന്ന് നെടുംകുന്നം ഫൊറോനയിലെ യുവജനങ്ങളുമായി സൂം കോൺഫറൻസിൽ സംവദിച്ചു.

10 അതിരൂപത മഹായോഗത്തിന്റെ സ്റ്റീയറിംങ് കമ്മിറ്റിയുടെ മീറ്റിംഗിൽ പങ്കെടുത്തു. പാസ്റ്ററൽ കൗൺസിൽ എക്സിക്യുട്ടീവ് മീറ്റിംഗിൽ പങ്കെടുത്തു.

11 ഇരവുചിറ സെന്റ് മേരീസ് പള്ളിയിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി. എസ്.എം.വൈ.എം ന്റെ ആഭിമുഖ്യത്തിൽ നടന്ന തെക്കൻമേഖല ഓൺലൈൻ നസ്രാണി സംഗമത്തിൽ പങ്കെടുത്തു.

12 പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു. നെടുമണ്ണി ഫാത്തിമ മാതാ പള്ളിയിൽ ബഹു. ബിജു കടുത്താനത്തച്ചന്റെ പിതാവ് തോമസ് ജോസഫിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ഇന്റർ ഡയസിഷ്യൻ

സെന്റർ ഫോർ ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റ് സിവിൽ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ട് പാലയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ ട്രസ്റ്റി മീറ്റിംഗിൽ പങ്കെടുത്തു. നെടുംകുന്നം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

13 മാങ്ങാനം ലിറ്റിൽ സിസ്റ്റേഴ്സിന്റെ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശ്ശേരി അതിരൂപത ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ ലീഡേഴ്സ് മീറ്റ് ഉദ്ഘാടനം ചെയ്തു.

14 പുളിങ്കുന്ന് ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

15 ബത്തേരി രൂപതയിലെ യുവജനങ്ങളുമായി ഓൺലൈനിൽ സംവദിച്ചു.

16 ചങ്ങനാശ്ശേരി അതിരൂപത യുവദീപ്തി എസ്.എം.വൈ.എം ന്റെ ആഭിമുഖ്യത്തിൽ ഓൺലൈനായി നടത്തിയ പ്രവാസി യുവനസ്രാണി സംഗമത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി.

17 ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വിവാഹവാഗ്ദാനം ആശീർവദിച്ചു. നെടുമങ്ങാട് മദർതെരേസ ഓൾഡ് ഏജ് ഹോമിൽ പരിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പരിസ്ഥിതി ലോലപ്രദേശ പ്രഖ്യാപനത്തെക്കുറിച്ചുള്ള വെബ്ബിനാറിൽ പങ്കെടുത്തു.

18 മണ്ണന്തല റാണിഗിരി ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മിഷൻ സൺഡേയോടനുബന്ധിച്ച് ചങ്ങനാശ്ശേരി അതിരൂപത ചെറുപുഷ്പ മിഷൻലീഗ് ഒരുക്കിയ മിഷൻ വെബ്ബിനാറിൽ 'വ്യക്തിത്വവികസനം കുടുംബത്തിൽ' എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികളോട് സംസാരിച്ചു. തിരുവനന്തപുരം എസ്.എം.വൈ.എം ലൂർദ്ദ് ഫൊറോനാ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ടോക്ക് വിത്ത് ബിഷപ്പ് എന്ന ഓൺലൈൻ ക്ലാസ്സിൽ യുവജനങ്ങൾ നേരിടുന്ന വെല്ലുവിളികൾ, വിശ്വാസപരമായ സംശയങ്ങൾ എന്നിവയെപ്പറ്റി സംസാരിച്ചു.

19 പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. ചങ്ങനാശ്ശേരി കാവാലം പുതുപ്പറമ്പിൽ ത്രേസ്യാമ്മ ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കൊല്ലം-ആയൂർ ഫൊറോനയിലെ വൈദികർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ് എന്നിവരുടെ മാതാപിതാക്കൾക്കായി ഒരുക്കിയ അർപ്പിത കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. തൃക്കൊടിത്താനം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. അതിരൂപതാ കേന്ദ്രത്തിൽ നടത്തപ്പെട്ട ഇന്റർ ഡിപ്പാർട്ട്മെന്റ്മീറ്റിംഗിൽ പങ്കെടുത്തു.

20 ന്യൂനപക്ഷ വിദ്യാഭ്യാസാവകാശങ്ങൾ സംരക്ഷിക്കുന്നതിനും അധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിനുവേണ്ടി കെ.സി.ബി.സി വിദ്യാഭ്യാസ കമ്മീഷന്റെയും കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെയും നേതൃത്വത്തിൽ തിരുവനന്തപുരം സെക്രട്ടറിയേറ്റിനു മുമ്പിൽ നടത്തിയ ധർണ്ണയിൽ പങ്കെടുത്ത് സംസാരിച്ചു. ഓൺലൈനായി നടത്തിയ പ്രസ്സ്ബിറ്ററൽ കൗൺസിൽ മീറ്റിംഗിൽ പങ്കെടുത്തു. പബ്ലിക് അഫയേഴ്സ് കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ സ്റ്റഡി പ്രോഗ്രാമിൽ പങ്കെടുത്തു.

21 കുറുമ്പനാടം സെന്റ് ആന്റണീസ് ഇടവകാംഗമായ മുരിയങ്കാവുങ്കൽ ചാക്കോ തോമസിന്റെ മൃതസംസ്കാരശുശ്രൂഷയിൽ ദൈവാലയത്തിലെ കർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചു. എടത്വാ സെന്റ് ജോർജ്ജ് ഫൊറോന ഇടവകാംഗമായ കളത്തിൽ കോനാട്ട് ജോർജ്ജ് ജോസഫിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. തിരുവനന്തപുരം ഫൊറോനയിലെ കുടുംബക്കൂട്ടായ്മ ലീഡേഴ്സിന്റെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

22 ആലപ്പുഴ കർമ്മലീത്താ മഠാംഗമായ സിസ്റ്റർ റോസിലിൻ സി.എം.സി മമ്പലത്തിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിലെ പരിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. കുടമാളൂർ ഫൊറോനയിലെ യുവജനങ്ങളോട് സൂം കോൺഫറൻസിൽ സംവദിച്ചു.

23 തൃക്കൊടിത്താനം ഫൊറോനയിലെ യുവജനങ്ങളോട് സൂം കോൺഫറൻസിൽ സംവദിച്ചു.